KOTTAYAM PUBLIC LIBRARY

Call No. M910 Acc. No. 13792

Author [illegible]

Title [illegible]

1224

# സാഹസികയാത്രാകഥകൾ

13722

ഗ്രന്ഥകർത്താ:

മേക്കുന്നത്തു് കുഞ്ഞികൃഷ്ണൻ നായർ ബി. എ.,

തലശ്ശേരി

KOTTAYAM PUBLIC LIBRARY
KOTTAYAM

Approved by the Text Book Committee, Madras.
Fort St: George Gazette dated 4—5—55

പ്രസാധകന്മാർ:

പ്രകാശകൌമുദി പ്രിൻടിങ്ങ് വർക്ക്സ്,

കോഴിക്കോട്ട്.

NATIONAL BOOK STALL * BR. KOTTAYAM *
SPCS LTD.

1957] [വില 0—12—0

First Edition 1954
Second „ 1957

KOTTAYAM PUBLIC LIBRARY
910
Kun-5
KOTTAYAM

Regd. Publishers:
**Prakasakaumudi Printing Works, Calicut.**
Regd. No: 402

**Printed at:**
**The Arunodayam Press-Wadakanchery**

# പ്രസ്താവന

യുവഹൃദയങ്ങളെ ഉത്തേജിപ്പിക്കുവാൻ ധീരസാഹസികയാത്രകൾക്കുള്ള കഴിവു് അളവററതാണു്. അത്തരം യാത്രകൾക്കൊരുമ്പെട്ടവർ ആപത്തുകൾ നേരിട്ടപ്പോൾ കാണിച്ച ധീരതയും പ്രത്യുല്പന്നമതിത്വവും അവർക്കു യാത്രകൾക്കു പ്രചോദനം നല്കിയ സാഹസികത്വവും അന്വേഷണബുദ്ധിയും യുവാക്കൾക്കു് പ്രത്യേകമായും ആവേശം നല്കാതിരിക്കയില്ല. ഇന്ത്യയിൽ പുതിയ ഒരു ദേശീയ ജീവിതം ഉയൎന്നുവരുന്ന ഈക്കാലത്തു് യുവഹൃദയങ്ങളിൽ ഉത്തമകാൎയ്യങ്ങളുടെ നിൎവ്വഹണത്തിന്നു് ഉജ്ജ്വലമായ ആശയും ആവേശവും വിപദിധൈൎയ്യവും സ്ഥിരമനസ്കതയും വളൎന്നുവരേണ്ടതു് ഒരാവശ്യമാണുതാനും. സാഹസികയാത്രകളുടെ ചരിത്രങ്ങൾ അതിന്നുപകരിക്കുന്നു.

ഹിമകേസരിയായ ടെൻസിങ്ങ് കഴിഞ്ഞകൊല്ലം ലോകത്തിലെ ഏററവും ഉയൎന്ന പൎവ്വതശൃംഗമായ എവറസ്റ്റു് കയറി വിശ്വവിഖ്യാതി നേടിയതു് ഇന്ത്യക്കാൎക്കെവൎക്കും അഭിമാനകരമാണു്. ആ നേട്ടം മഹത്തായ ഉത്തേജനം നല്കി. 24180 അടി ഉയരമുള്ള 'ആബിഗാമിൻ' ഗിരിശിഖരവും നന്ദുജയാലിന്റെ നേതൃത്വത്തിലുള്ള ഒരിന്ത്യൻ ആരോഹകസംഘം വിജയപൂൎവ്വം കയറി. 22530 അടി ഉയരമുള്ള നന്ദക്കോട്ടു് പൎവ്വതശൃംഗവും കയറാൻ സൎവ്വകലാശാലാവിദ്യാൎത്ഥികളാണു് ഉദ്യമിച്ചതു്. അതു

പക്ഷെ വിജയം പ്രാപിച്ചില്ല. അതുവരെ കാണപ്പെട്ട അലസതയിൽനിന്നും അധീരതയിൽനിന്നും അകന്നുകൊണ്ടുള്ള ഈ സമുദ്യമങ്ങൾ ആശാവഹമായ ഒരു വ്യതിയാനത്തെയാണു് കുറിക്കുന്നതു്.

നൂററാണ്ടുകളോളമുള്ള അടിമത്തത്തേയും അതിനാലുണ്ടായ പരാജയമനോഭാവത്തേയും തുടന്നു് ഹിമാലയയാത്ര മുതലായ ധീരോദ്യമങ്ങൾക്കു് പ്രേരണയോ പ്രോത്സാഹനമോ ഇന്ത്യയിൽ ചുരുങ്ങിവന്നു. പ്രാചീനാൎയ്യാവൎത്തത്തിലെ സ്ഥിതി അപ്രകാരമായിരുന്നില്ല. പൎവ്വതങ്ങളുടേയോ വനങ്ങളുടേയോ ഭംഗിവിശേഷങ്ങൾ ആസ്വദിക്കാൻ പാശ്ചാത്യർ പഠിച്ചുകഴിയാത്ത ആ പൌരാണികകാലത്തിൽ നമ്മുടെ പൂൎവ്വികന്മാർ ഹിമാലയത്തിലെ ദുൎഗ്ഗമഭാഗങ്ങളിൽക്കൂടി അവരുടെ പാദമുദ്രകൾ പതിപ്പിച്ചിരുന്നു; പ്രകൃതിരാമണീയകങ്ങൾക്കു് പ്രാധാന്യംനേടിയ സ്ഥലങ്ങൾ പ്രത്യേകം വേർതിരിച്ചിരുന്നു; തീൎത്ഥയാത്രാസ്ഥാനങ്ങൾ നിൎണ്ണയിച്ചിരുന്നു; മുക്കിലും മൂലയിലുമുള്ള സ്ഥലങ്ങൾക്കുകൂടി പേർവിളിച്ചിരുന്നു. ഇന്നറിയപ്പെടുന്ന മിക്ക മറുരാജ്യങ്ങളിലും ചെന്നെത്തി ഭാരതീയസംസ്കാരവും സമ്പ്രദായങ്ങളും പ്രചരിപ്പിച്ചിരുന്നു. എന്നാൽ ഇന്നു ധീരസാഹസികയാത്രയ്ക്കുള്ള ആ സന്നദ്ധതയും വൈദഗ്ദ്ധ്യവും ഭാരതീയൎക്കു് വളരെയേറെ നഷ്ടപ്പെട്ടിരിക്കയാണു്. ഹിമാലയശൃംഗങ്ങൾ കയറാൻ പാശ്ചാത്യർ പാഞ്ഞെത്തുന്ന കാഴ്ച നാം കാണാനിടവരുന്നതു് അതുകൊണ്ടാകുന്നു. ദേശീയപുനരുജ്ജീവനം സാധിക്കാൻ പരിശ്രമങ്ങൾ നടത്തുന്ന ഈ അവസരത്തിൽ ഇനിയ

ങ്ങോട്ടെങ്കിലും നാം നമുക്കു നഷ്ടപ്പെട്ടുപോയ ആ ധൈര്യ്യ ഗുണങ്ങൾ വീണ്ടെടുക്കേണ്ടതാണു്.

ആറു സാഹസികയാത്രാകഥകളാണു് ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിട്ടുള്ളതു്. ഓരോന്നും പ്രത്യേകപരിതഃസ്ഥിതികൾകൊണ്ടു് വ്യതിരിക്തവും പ്രധാനവുമാണു്. ആദ്യത്തേതു് മഹോന്നതമായ എവറസ്റ്റ് പർവ്വതത്തിലും, രണ്ടാമത്തേതു് വെള്ളമററുപരന്ന മരുപ്പരപ്പിലും, മൂന്നാമത്തേതു് ചെന്നെത്താൻ അതിവൈഷമ്യമുള്ള ഒരു നിരുദ്ധനഗരത്തിലും, നാലാമത്തേതു് കാനനാന്തരങ്ങളിലെ ഒരു ക്രൂരവർഗ്ഗക്കാൎക്കിടയിലും, അഞ്ചാമത്തേതു് വിശ്വവിഖ്യാതമായ മാനസസരസ്സിലും നടത്തിയ യാത്രകളാണു്. അതിനാൽ ഓരോന്നും വ്യത്യസ്തസ്ഥലങ്ങളിലും ലക്ഷ്യങ്ങളിലും നടത്തിയ യാത്രയാകുന്നു. ഇവയിൽ യാത്രാനായകന്മാർ കാണിച്ച ധൈര്യ്യവും ഉന്മേഷവും സ്ഥിരപരിശ്രമവും വിവേകവും, അന്വേഷണബുദ്ധിയും സാഹസികത്യവും യുവജനങ്ങളെ ഉന്മേഷിതരാക്കാൻ ഉപകരിക്കുമെന്നു് ഗ്രന്ഥകർത്താവു് വിശ്വസിക്കുന്നു. ആ ഉന്മേഷം സമുജ്വലവും ധീരവുമായ മനോഭാവം വളർത്താൻ സഹായിക്കട്ടെ എന്നും ഗ്രന്ഥകർത്താവു് പ്രാൎത്ഥിക്കുന്നു.

തലശ്ശേരി, ഗ്രന്ഥകർത്താ.

25-4-'54.

# യാത്രാകഥകൾ.


| | | ഭാഗം |
|---|---|---|
| 1. | എവറസ്റ്റിലേയ്ക്കു് | 1 |
| 2. | താക്ലാമാക്കൻ മരുഭൂമിയിൽ | 18 |
| 3. | ലാസയാത്ര | 32 |
| 4. | മസായികൾക്കിടയിൽ | 42 |
| 5. | മാനസസരസ്സിൽ | 55 |
| 6. | ഉത്തരധ്രുവത്തിലേയ്ക്കു് | 64 |

# സാഹസികയാത്രാകഥകൾ

## 1. എവറസ്റ്റിലേയ്ക്കു്

ആ വാർത്ത ലോകത്തിന്റെ സവിശേഷശ്രദ്ധയെ ആകർഷിച്ചു.

ഇരുപത്തൊമ്പതിനായിരത്തി ഒരുനൂറ്റിനാല്പത്തൊന്നടി ഉയരമുള്ള ഒരു പർവ്വതശൃംഗം! അത്രയ്ക്കും സമുന്നതശീർഷനായ ഒരു ശൃംഗരാജനെപ്പററി ലോകം അതുവരെ അറിഞ്ഞിരുന്നില്ല.

ദൂരദർശിനിയുടെ സഹായത്തോടുകൂടി ത്രികോണമാനത്തിലാണു് ആ ഭീമശിഖരത്തിന്റെ ഉയരം നിർണ്ണയിക്കപ്പെട്ടതു്. ഗൌരീശങ്കരം, ചോമോലാങ്ങ്മാ, ചോമോലാരി, കുംഭകാരൻലാങ്ങൂർ മുതലായി ദേശഭേദങ്ങളനുസരിച്ചു പല നാമങ്ങളിലും ആ മഹാഗിരി അറിയപ്പെട്ടിരുന്നു. ഉയരം നിർണ്ണയിച്ച സർവ്വേവകുപ്പുകാർ അന്നത്തെ ഇന്ത്യാസർവ്വേയർ ജനറലായ സർ ജോർജ്ജ് എവറസ്റ്റിനെ (1740—1866) അനുസ്മരിച്ചുകൊണ്ടു് അതിനു് "എവറസ്റ്റ് കൊടുമുടി" എന്നു പേർ വിളിച്ചു. ഈ പേരിലാണു് ആ ഗിരിശിഖരം ഇന്ത്യയൊട്ടുക്കും കൂടുതൽ പ്രഖ്യാതമായതു്.

പർവ്വതാരോഹകരുടെ മുമ്പിൽ എവറസ്റ്റ് ഒരു ചോദ്യചിഹ്നം രചിച്ചു. മനുഷ്യനു് അതിന്റെ മൂർദ്ധാവിൽ

പാദമുദ്ര പതിപ്പിക്കുവാൻ സാദ്ധ്യമാണോ? അതിനുള്ള കരുത്ത് ഏതെങ്കിലും ആരോഹകന്നു് ഉണ്ടാകുമോ?

ആ കൊടുമുടിയുടെ ആരോഹണം എത്രമാത്രം ദുഷ്കരമായിരുന്നു! ശരീരം നിശ്ചേഷ്ടമാക്കുന്ന തണുപ്പ്, ഹിമനിബിഡത, ഹിമവർഷങ്ങൾ, ഹിമവാതങ്ങൾ, ഹിമവാഹിനികൾ, അദൃശ്യതലങ്ങളായ അഗാധഗർത്തങ്ങൾ, ആരുടേയും കാല്പാട്ട് വീഴാത്ത വഴുക്കേറിയ മലഞ്ചെരിവുകൾ, സർവ്വോപരി പർവ്വതത്തിന്റെ ഉച്ചതലങ്ങളിൽ ഏററവും നേർത്തുനേർത്തുവരുന്ന ജീവവായുവിൽ അനുഭവപ്പെടുന്ന ശ്വാസനവൈഷമ്യം— ഇത്തരം പ്രതിബന്ധങ്ങളാൽ മനുഷ്യന്നു് അസാദ്ധ്യകോടിയിൽ പെട്ടതായിരുന്നു ആ ഉദ്യമം.

എവിടെ വിഷമതകൾ എതിർത്തുനില്ക്കുന്നുവോ, അവിടെയാണ് മനുഷ്യന്റെ സാഹസബുദ്ധി ഉയർത്തെഴുന്നേല്ക്കുന്നതു്! അജയ്യനായി നിന്ന എവറസ്റ്റ് കൊടുമുടി കയറാൻ ചില ധീരാത്മാക്കൾ തീരുമാനിച്ചതിലും ഈ തത്വംതന്നെ വ്യക്തമായി. 'ലോകത്തിന്റെ മോന്തായ'മായ ആ പർവ്വതശൃംഗത്തിൽ എന്നെങ്കിലും മനുഷ്യപ്രയത്നംകൊണ്ടു് എത്തിച്ചേരാമെന്നു് വിചാരിക്കുന്നതുതന്നെ ഒരു ഭ്രാന്തെന്നു തോന്നുമായിരുന്നു. എങ്കിലും ചില ആരോഹണവീരന്മാർ പ്രകൃതിയുടെ ആ പരമോന്നതദുർഗ്ഗം ജയിക്കാൻ ഒരുമ്പെട്ടു.

ലണ്ടനിൽ പർവ്വതാരോഹകരുടെ ഒരു സ്ഥാപനമുണ്ടായിരുന്നു— ആൽപൈൻ ക്ലബ്ബ്. ആ ക്ലബ്ബും അതുപോലുള്ള മറെറാരു സംഘമായ 'രാജകീയ ഭൂമിശാസ്ത്ര

സമിതി' (Royal Geographical Society)യും ഒത്തുചേ ന്ന് എവറസ്റ്റാരോഹണത്തിന്നു ഒരുക്കംകൂട്ടി. അവർ ഒരു 'എവറസ്റ്റ് കമ്മിററി' രൂപവല്ക്കരിച്ചു. പർവ്വതാരോഹണത്തിൽ പരിചയവും കരുത്തുമുള്ള ഒരാരോഹണസംഘം സന്നദ്ധമായി. ലോങ്ങ്സ്റ്റാഫ്, യങ്ങ് ഹസ്ബൻറ്, കെല്ലാസ്, ബ്രൂസ്, ഹോവേർഡ്ബറി, റേയ്ബൺ എന്നിവർ അതിൽ അംഗങ്ങളായിരുന്നു. ബ്രിട്ടീഷുകാരെ മാത്രമേ കമ്മററി തിരഞ്ഞെടുത്തുള്ളു. ഹോവേർഡ്ബറിയായിരുന്നു സംഘനേതാവു്. ആരോഹണമാർഗ്ഗം പരിശോധിച്ചു് നിർണ്ണയിക്കുക, ഭൂഭാഗങ്ങളുടെ പടമുണ്ടാക്കുക, സ്ഥലപ്രകൃതി പരിശോധിച്ചു നിർണ്ണയിക്കുക, സംഘാംഗങ്ങൾക്കു രോഗം ബാധിച്ചാൽ ചികിത്സ നടത്തുക എന്നിവയെല്ലാം പ്രത്യേക ഉപസമിതികൾ ഏറ്റെടുത്തിരുന്നു. ശ്വാസനവൈഷമ്യം പരിഹരിക്കുവാൻ പ്രാണവായു നിറച്ച കുഴൽപാത്രങ്ങളും സംഘം ഒരുക്കിവെച്ചു. പക്ഷെ ഘനം കൂടിയതിനാൽ അവ ഉപയോഗിക്കുന്നതു് എളുപ്പമോ സൌകര്യപ്രദമോ ആയിരുന്നില്ല.

വടക്കുവശത്തു് തിബത്തിൽകൂടിയും തെക്കുവശത്തു് നേപ്പാളത്തിൽ കൂടിയുമാണു് എവറസ്റ്റിൻെറ സമീപനമാർഗ്ഗങ്ങൾ. വളരെ കാലത്തോളം തിബത്തിൽ വിദേശികളാരേയും പ്രവേശിക്കാൻ ഭരണാധികാരികൾ അനുവദിച്ചിരുന്നില്ല. എങ്കിലും എവറസ്റ്റ് കമ്മിററി നടത്തിയ പ്രയത്നത്തിൻെറ ഫലമായി ആരോഹണസംഘത്തിന്നു് ഒടുവിൽ തിബത്തിൽകൂടി പോകാനുള്ള അനുവാദം ലഭിച്ചു. ഇന്ത്യയിലെത്തിയ ആരോഹണസംഘത്തിന്നു അന്നത്തെ ബ്രിട്ടീഷ് ഗവമ്മേണ്ടു് വേണ്ടപ്പെട്ട എല്ലാ

സഹായങ്ങളും നൽകി. ആരോഹണത്തിന്നു മുൻകൂട്ടി മാർഗ്ഗമൊരുക്കുവാനും താവളങ്ങൾ സ്ഥാപിക്കുവാനും വേണ്ടി ബലിഷ്ഠരായ 'ഷെപ്പ്'മാർ തിരഞ്ഞെടുക്കപ്പെട്ടു. സാമാനങ്ങൾ ചുമന്നുകൊണ്ടുപോകുവാൻ ഇന്ത്യാഗവമ്മേണ്ടു് ഏററവും നല്ല കോവർകഴുതകളെ ഏപ്പാടുചെയ്തു. സംഘത്തെ ഉപദേശിപ്പാൻ സവ്വേവകുപ്പിലെ വിദഗ്ദ്ധരായ ചില ഉദ്യോഗസ്ഥന്മാരേയും അവർ നിയോഗിച്ചു.

1921 മേയ് 18-ാംനു- ആരോഹണസംഘം 'ഡാർജിലിംഗിൽനിന്നു പുറപ്പെട്ടു. തിബത്തിലെ ഭരണാധികാരിയായ ദലായിലാമയുടെ ഉത്തരവനുസരിച്ചു് വഴിനീളെ സംഘത്തിന്നു സ്വീകരണങ്ങൾ ലഭിച്ചിരുന്നു. പക്ഷെ തിബത്തിൻവിരുന്നുകളിലെ വിഭവങ്ങൾ വയററിന്നു പിടിക്കാത്തതുകൊണ്ടു് ചിലർ അതിസാരം ബാധിച്ചു കിടപ്പിലായി. പവ്വതം കയറാൻവേണ്ടി ഏപ്പെടുത്തിയ ഉപസംഘത്തിൻെറ നേതാവു് ഡാക്ടർ റേയ്ബൺതന്നെ അതിസാരരോഗത്താൽ വിഷമിച്ചു. അദ്ദേഹത്തിൻെറ സ്ഥാനം പിന്നെ വഹിക്കാനൊരുങ്ങിയതു ഡാക്ടർ കെല്ലാസ്സായിരുന്നു. ദുവ്വിധിയാൽ അദ്ദേഹം പെട്ടെന്നു ഹൃദ്രോഗംകൊണ്ടു് മരണം പ്രാപിച്ചു; ശവസംസ്കാരം നിവ്വഹിച്ചതിൽപിന്നെ മെലോറിയുടെ നേതൃത്വത്തിൽ ആരോഹകസംഘം മുന്നോട്ടുപോയി. ജനവാസമുള്ള സ്ഥലങ്ങളിൽക്കൂടി പോകാൻ വളരെ ദൂരം താണ്ടി വളഞ്ഞ ഒരു വഴിക്കായിരുന്നു അവരുടെ യാത്ര. അതിന്നിടയിൽ കാലവഷം ആരംഭിച്ചു. വഷക്കാലം മുഴുവൻ അവക്കു യാത്ര ചെയ്യാൻ കഴിഞ്ഞില്ല. ആ ഒഴിവുകാലത്തു് അവർ തങ്ങൾ സഞ്ചരിച്ച സ്ഥലങ്ങളുടെ ഭൂപ്രകൃതിയേയും കാലാ

വസ്ഥയേയും മററു പ്രത്യേകതകളേയും സവിസ്തരം കുറിച്ചുവെക്കുകയും ഭൂപടങ്ങൾ നിൎമ്മിക്കുകയുംചെയ്തു. കാലാവസ്ഥ അനുകൂലമായി കഴിഞ്ഞപ്പോൾ അവർ യാത്ര തുടൎന്നു. അവസാനം പൎവ്വതത്തിൻെറ അടിവാരത്തിലെത്തി. കയറിൽപിടിച്ചും ഹിമക്കോടാലിയുപയോഗിച്ചും അവർ മേല്പോട്ടു കയറിത്തുടങ്ങി. എവറസ്റ്റിൻെറ വടക്കുകിഴക്കുഭാഗത്തുള്ള റോന്ദ്ബക്ക് ഹിമത്താഴ്വരയിൽക്കൂടിയായിരുന്നു യാത്ര. എവറസ്റ്റിൻെറ വടക്കുവശത്തു് ചേൎന്നുനിന്ന ഉപപൎവ്വതമാലയ്ക്കും വടക്കൻ കൊടുമുടിക്കും കീഴിൽ താരതമ്യേന താഴ്ന്നുകിടന്ന സ്ഥലത്തു് അവരെത്തി. ആ 'ഉത്തരഹിമ്ന'ത്തിൽ അവർ താവളം സ്ഥാപിച്ചു. വളരെ ക്ലേശങ്ങൾ സഹിച്ചാണു് അവൎക്കിതു് സാധിച്ചതു്. അവിടെനിന്നു് മേലോട്ടു കയറാൻ സംഘത്തിലെ നാലംഗങ്ങൾ ഉദ്യമിച്ചു. എങ്കിലും കൊടിയ തണുപ്പും കൊടുങ്കാററും നിമിത്തം അവൎക്കു് കൂടുതൽ പോകാൻ കഴിഞ്ഞില്ല. കാററു ശമിച്ച തക്കംനോക്കി അവർ തിരക്കിട്ടു് അവിടെനിന്നും മടങ്ങുകയാണുണ്ടായതു്. എവറസ്റ്റിലേയ്ക്കുള്ള ആദ്യത്തെ യാത്ര അങ്ങിനെ അവസാനിച്ചു.

പിറേറക്കൊല്ലംതന്നെ ജനറൽ ബ്രൂസ്സിൻെറ നേതൃത്വത്തിൽ എവറസ്റ്റിലേയ്ക്കു മറെറാരാരോഹണസംഘം പുറപ്പെട്ടു. ഡാൎജ്ജിലിങ്ങിൽനിന്നാണു് യാത്രയാരംഭിച്ചതു്. വിഷമതകൾ സഹിച്ചു് അവർ റോങ്ങ്ബക്കു് ഹിമാനിയിൽ ഒരു മാസക്കാലംകൊണ്ടു് എത്തിച്ചേൎന്നു. ഹിമാനിയുടെ കിഴക്കൻ കൈവഴിക്കു മേലെയായി അവർ ഒരു താവളം സ്ഥാപിച്ചു. മേലോട്ടു കയറുന്നതു് അത്യന്തം ക്ലേശാവഹമായിരുന്നു. അതിൎത്തികളിൽ അവി

ടവിടെയായി സൂചിപോലെ കൂത്ത അഗ്രങ്ങളോടുകൂടി
യ അനേകം ഹിമശൃംഗങ്ങൾ കാണപ്പെട്ടു. അവയെ
വളരെ സൂക്ഷ്മതയോടെ വലംവെച്ചും, കയറിൽ തൂങ്ങി
മെല്ലെ രക്ഷപ്പെട്ടുമാണു് അവർ തുറന്ന ഹിമമാർഗ്ഗത്തിൽ
എത്തിച്ചേൎന്നതു്. ശ്രദ്ധാപൂർവ്വം പരിശ്രമിച്ചതിൻെറ ഫ
ലമായി അവൎക്ക രണ്ടു മേൽത്താവളങ്ങൾകൂടി സ്ഥാപി
ക്കുവാൻ സാധിച്ചു. പിന്നെ ഉത്തരനിമ്നത്തിൽ ഒരു താവ
ളം സ്ഥാപിക്കുകയിരുന്നു അവരുടെ ലക്ഷ്യം. ഏററവും
ചെങ്കുത്തായിക്കിടന്ന ഹിമമാർഗ്ഗത്തിൽ കയറിൽ തൂങ്ങിയും
ഹിമക്കോടാലികൊണ്ടു പടവുകൾ വെട്ടിയും അവർ നില
യുറപ്പിച്ചു മെല്ലെ ഉത്തരനിമ്നത്തിലെത്തി. അവിടെ ഇ
രുപത്തിമൂവ്വായിരം അടി ഉയരത്തിൽ അവർ ഒരു താവ
ളം ഏൎപ്പെടുത്തി. സ്ട്രട്ടിൻെറ നേതൃത്വത്തിൽ ഈ
മേൽത്താവളത്തിലെത്തിയ അംഗങ്ങൾ മോർസ്ഹെ
ഡ്, നോർട്ടൻ, സോമർവെൽ, മെലോറി എന്നിവരാ
യിരുന്നു. എന്നാൽ സ്ട്രട്ടിന്നു് ശ്വസിക്കാൻ വൈഷ
മ്യം അനുഭവപ്പെട്ടു. തന്നിമിത്തം ഉത്തരനിമ്നത്തിന്നു
മേലെ എവറസ്റ്റ്മുഖം കയറുവാൻ ബാക്കി നാലുപേർ
മാത്രമാണുണ്ടായതു്. അവർ മെല്ലെ കയറിത്തുടങ്ങി. കു
റച്ചുകഴിഞ്ഞപ്പോഴേക്കും കഠിനമായി വീശിയ കൊടുങ്കാ
ററിൽ നില്ക്കാനും ശ്വസിക്കാനുംകൂടി ആകാതെ വിഷമി
ച്ച അവർ പ്രാണരക്ഷക്കുവേണ്ടി പാറകളുടെ ചെരുവിൽ
രണ്ടു ചെറിയ തമ്പുകൾ സ്ഥാപിച്ചു. ഈ അഞ്ചാം താ
വളത്തിൽ ചുരുണ്ടുകൂടി അവർ അന്നത്തെ രാത്രി തള്ളി
നീക്കി. തുളച്ചുകയറുന്ന തണുപ്പിൽ ഇടതടവില്ലാതെ മ
ഞ്ഞും ആലിപ്പഴവും വർഷിച്ചുകൊണ്ടിരുന്നു. മഞ്ഞുകട്ടി

യാൽ മെലോറിയുടെ കൈവിരലുകളും നോർട്ടൻെറ പെ വിയും വീങ്ങി വീർത്തു. തണുപ്പോറു മോർസ്ഹെഡ്ഡിന്നു് അനങ്ങാൻപോലും വയ്യാതായി. അയാളെ താവളത്തിൽ തന്നെ ഇരുത്തി ബാക്കി മൂന്നുപേരും വളരെ പണിപ്പെട്ടു് മേല്പോട്ടു കയറിത്തുടങ്ങി. ശ്വാസിക്കാനുള്ള വൈഷമ്യം അധികരിച്ചു. പ്രാണവായു യന്ത്രങ്ങൾക്കു് കേടു തട്ടിയതിനാൽ അവ അവക്കു കൊണ്ടുപോകാൻ കഴിഞ്ഞതിരുന്നില്ല. എങ്കിലും അടിയടിയായി വെച്ചു് വെച്ചു് അവർ 26,986അടി ഉയരത്തിലെത്തി. പിന്നീടും കയറിയാൽ ശ്വാസമററു് മരിക്കുമെന്നു ഭയപ്പെട്ടു് അവർ മടങ്ങാൻ നിശ്ചയിച്ചു. വഴിക്കുള്ള ആപത്തുകളെയെല്ലാം ഒരുവിധം അതിലംഘിച്ചു് അവർ മോർസ്ഹെഡ്ഡിനോടുകൂടി കീഴ്ത്താവളത്തിൽ സുരക്ഷിതരായി തിരിച്ചെത്തി.

ഇതിനുശേഷം പ്രാണവായുയന്ത്രങ്ങളോടുകൂടി സംഘത്തിലെ മൂന്നംഗങ്ങൾ മാമലകയറാൻ ഒരിക്കൽക്കൂടി പരിശ്രമിച്ചു. എന്നാൽ ഊക്കേറിയ കൊടുങ്കാററും ഇടമുറിയാതെ പെയ്യുന്ന മഞ്ഞും വഴിക്കുള്ള വഴുക്കും നിമിത്തം ഇരുപത്തേഴായിരത്തിമുന്നൂറടി കയറിയതിൽപിന്നെ അവക്കും പിന്മടങ്ങേണ്ടിവന്നു. കാലവഷം ആരംഭിക്കുന്നതിനുമുമ്പായി ഒരുദ്യമവുംകൂടി ചില സംഘാംഗങ്ങൾ നടത്തുകയുണ്ടായി. എന്നാൽ പുറപ്പെട്ട ദിവസംതന്നെ അത്യുഗ്രമായ ഹിമവാത്യനിമിത്തം അവക്കു മുന്നോട്ടു പോകാൻ സാധിച്ചതേയില്ല. കാറൊറൊതുങ്ങിയപ്പോൾ സോമർവെൽ, വേയ്ക്ക്ഫീൽഡ്, ക്രോഫോർഡ് എന്നീ മൂന്നുപേർ പതിനാലു 'ഷെപ്പ്'മാരോടുകൂടി പുറപ്പെട്ടു. മൂന്നാമത്തെ താവളത്തിൽനിന്നു് അവർ മേല്പോട്ടു കയറി

ത്തുടങ്ങി. അപ്പോഴേയ്ക്കും ഒരു വലിയ ഹിമപ്പൊളി അവരുടെ നേരെ പറന്നെത്തി. മുമ്പിൽ നടന്നിരുന്ന ഷെപ്പ്മാരിൽ ഒമ്പതുപേർ അതിന്നടിയിൽ പെട്ടു. രണ്ടാളെ മാത്രം രക്ഷിക്കുവാൻ കഴിഞ്ഞു. ബാക്കി ഏഴുപേരും മരണം പ്രാപിച്ചു. അപ്രതീക്ഷിതമായ ഈ അത്യാഹിതത്തിന്നു ശേഷം എല്ലാവരും കയററം നിർത്തി ഉടനെ മടങ്ങുകയും ചെയ്തു.



നോർട്ടൻ സോമർവെൽ, മല്ലോറി, ഇർവിൻ
ഇവർ എത്തിയ സ്ഥലം.

1924-ൽ എവറസ്റ്റിലേക്കു മൂന്നാമത്തെ ഒരാരോഹണസംഘം ജനറൽ ബ്രൂസ്സിന്റെ നേതൃത്വത്തിൽ ഡാർജ്ജിലിങ്ങിൽനിന്നു പുറപ്പെട്ടു. പർവ്വതകാലാവസ്ഥയുടെ

പ്രാതികൂല്യം നിമിത്തം നേതാവുതന്നെ അവശനായി. കൊടുങ്കാററും കോടമഞ്ഞും ഒട്ടകന്നപ്പോൾ നോർട്ടൻെറ നേതൃത്വത്തിൽ അവർ ഉദ്യമം തുടൎന്നു. നിരവധി ക്ലേശങ്ങൾ സഹിച്ച് ഉത്തരനിമ്നംവരെ അവർ താവളങ്ങൾ ഉറപ്പിച്ചു. പനിയും വരട്ടുകുരയും കൊണ്ടു് സംഘാംഗങ്ങളിൽ മിക്കവരും വലഞ്ഞിരുന്നു. മേൽത്താവളത്തിലേക്കു സാമാനങ്ങളോടുകൂടി പുറപ്പെട്ട നാലു ഷെപ്പമാർ ഒരു ഹിമഗൎത്തത്തിൻെറ ഒത്ത മുകളിൽ, കയറുവാനോ ഇറങ്ങുവാനോ സൌകൎയ്യമില്ലാത്ത ഒരു പർവ്വതച്ചെരുവിൽ പെട്ടുപോയി. രാത്രി മുഴുവൻ അവർ ജീവൻ അപകടത്തിലാക്കി അവിടെ കഴിച്ചുകൂട്ടേണ്ടിവന്നു. പുലർവെളിച്ചം വീണതിൽപിന്നെ വളരെ ക്ലേശിച്ചാണു് സോമർവെൽ അവരെ രക്ഷിച്ചതു്. കാലാവസ്ഥ ആരോഹണത്തിന്നു് ഒട്ടും അനുകൂലമായിരുന്നില്ല. കൂടുതൽ പ്രസന്നമായ കാലാവസ്ഥയെ പ്രതീക്ഷിച്ചുകൊണ്ടു് അവർ അടിവാരത്താവളത്തിലേയ്ക്കു മടങ്ങി.

ഋതുസ്ഥിതി ഭേദമായപ്പോൾ മേലോറിയും, ബ്രൂസും ഒരു സംഘമായും നോർട്ടണും സോമർവെല്ലും മററൊരു സംഘമായും പൎവ്വതം കയറുവാൻ ഒരുമ്പെട്ടു. അദ്യത്തെ സംഘം ഇരുപത്തയ്യായിരത്തഞ്ഞൂറടി ഉയരത്തിൽ ഒരു താവളം സ്ഥാപിച്ചു. കാററിൻെറ കാഠിന്യംനിമിത്തം മേല്പോട്ടു കയറുവാൻ അവൎക്കു സാധിച്ചില്ല. അവർ കിഴ്താവളത്തിൽ മടങ്ങിയെത്തിയപ്പോൾ രണ്ടാമത്തെ സംഘം പുറപ്പെടുകയും ആദ്യത്തെ താവളത്തിന്നും മേലെ ഇരുപത്താറായിരത്തെണ്ണൂറടി ഉയരത്തിൽ ഒരു താവളം സ്ഥാപിക്കുകയും ചെയ്തു. ദുസ്സഹക്ലേശങ്ങളോടു മല്ലിട്ടുകൊണ്ടു രാത്രി കഴിച്ചതിൽപ്പിന്നെ പിറേറന്നു് അവർ പൎവ്വ

തം കയറ്റിത്തുടങ്ങി. ഇരുപത്തെണ്ണായിരത്തിന്നൂറെറമ്പത്ത് അടിവരെ അവർ കയറി. പിന്നീട് കയറാൻ സാധിക്കാതെ ഹിമമാന്ദ്യം ബാധിച്ചും വരട്ടുകുര അധികരിച്ചും വിഷമിച്ചുകൊണ്ട് അവർ പിന്മടങ്ങി. കുറെ ദിവസങ്ങൾക്കു ശേഷം കാലാവസ്ഥ ഒന്നു തെളിഞ്ഞു. ഓഡൽ, മെലോറി, ഐർവിൻ എന്നീ സംഘാംഗങ്ങൾ മാമല കയറുവാൻ വീണ്ടും പുറപ്പെട്ടു. ഒടുക്കത്തെ താവളത്തിൽ എത്തിയതിന്നുശേഷം മെലോറിയും ഐർവ്വിനുമാണ് മേൽപ്പോട്ടു കയറിയത്. ഓഡലിന്നു കയറിപ്പോകുന്ന അവരെ കാണാമായിരുന്നു. പെട്ടെന്ന് ഒരു കൊടുങ്കാററ് വീശി, മഞ്ഞു വ്യാപിച്ചു. ഓഡൽ പിന്നീടു നോക്കിയപ്പോൾ തൻെറ ചങ്ങാതികളെ കണ്ടില്ല. പലേടങ്ങളിലും തിരഞ്ഞു. ചെങ്കുത്തായ ചെരുവിൽ കണ്ണെത്താവുന്ന ദൂരംവരെ നോക്കി. എല്ലാം വിഫലമായിരുന്നു. അവരുടെ യാതൊരടയാളവും കാണപ്പെട്ടില്ല. മാമല അവരെ വിഴുങ്ങിക്കഴിഞ്ഞിരുന്നു!

അവിചാരിതമായ ഈ ആപത്തോടുകൂടി സംഘാംഗങ്ങൾ ഭഗ്നാശയരായി മടങ്ങി.

പിന്നീട് 1933_ലാണ് മറെറാരു ആരോഹണസംഘം ഒരുങ്ങിവന്നത്. 'ഹ്യൂറട്ട്ലജ്ജാ'യിരുന്നു സംഘത്തിൻെറ നേതാവ്. വസന്തകാലത്തിന്നും വർഷകാലത്തിന്നും ഇടയ്ക്കു പർവ്വതാരോഹണം നടത്താനാണ് അവർ പരിശ്രമിച്ചത്. വസന്തകാലത്ത് അത്യുഗ്രമായി വീശിക്കൊണ്ടിരുന്ന കാററും അടിഞ്ഞുകൂടുന്ന അട്ടിമഞ്ഞും നിമിത്തമുണ്ടായ ക്ലേശങ്ങൾ സഹിച്ച് അവർ ഉത്തരനിമ്നത്തിലും പിന്നീട് അതിന്നു മേലും താവളങ്ങൾ ഏർപ്പെടുത്തി. 27,400 അടി ഉയരത്തിലാണ് ഒടുക്കത്തെ താവ

ളം സ്ഥാപിച്ചതു്. കുഴമഞ്ഞിൽക്കൂടി മെല്ലെ അടിവെച്ചു സംഘാംഗങ്ങളിൽ രണ്ടുപേർ അവിടെനിന്നു മേല്പോട്ടു് 28150അടി ഉയരംവരെ കയറി. അതിന്നപ്പുറം പോകാൻ അവൎക്കു സാധിച്ചില്ല. ഇതിനെ തുടൎന്നു 1935_ൽ ഏറിക ഷിപ്ററൻെറ നേതൃത്വത്തിൽ പൎവ്വതത്തിലെ ഹിമഗതികളേയും മാൎഗ്ഗസാദ്ധ്യതകളേയും പററി പൎയ്യവേക്ഷണം നടത്തുവാൻ എവറസ്റ്റ് കമ്മിററി ഏഴാംഗങ്ങളടങ്ങിയ ഒരു വിദഗ്ദ്ധസംഘത്തെ അയച്ചു. മഞ്ഞു പൎവ്വതഭാഗങ്ങളിൽ അടിഞ്ഞുകൂടാഞ്ഞതിനാൽ അവരുടെ ആരോഹണം താരതമ്യേന എളുപ്പമായിരുന്നു. ഉത്തരനിമ്നത്തിൽ അവർ താവളം ഉറപ്പിച്ചു. കൊടുങ്കാററിൻെറ ശക്തി നിമിത്തം അതിന്നുപരിയായി കയറുവാൻ സാധിച്ചില്ല. ഹിമപാതങ്ങൾ പൎവ്വതമാൎഗ്ഗങ്ങളിൽ വരുത്തുന്ന മാററങ്ങളെപ്പററി സ്ഥിരമായ യാതൊരഭിപ്രായവും പറഞ്ഞുകൂടെന്നു് ഈ നിരീക്ഷണം വ്യക്തമാക്കി.

1936_ലാണു് വീണ്ടും ഒരാരോഹണസംഘം എവറസ്റ്റിലേക്കു് പുറപ്പെട്ടതു്. റട്ട്ലെഡ്ജ്തന്നെ സംഘത്തെ നയിച്ചു. കാലവൎഷം ആരംഭിക്കുന്നതിന്നുമുമ്പു് കൊടുമുടിയിൽ എത്തുവാനായിരുന്നു അവരുടെ പരിശ്രമം. ഉത്തരനിമ്നത്തിൽ താവളം സ്ഥാപിക്കുന്നതുവരെ ഗുരുതരമായ വിഷമതകളൊന്നും അനുഭവപ്പെട്ടില്ല. പിന്നെ പെട്ടെന്നു കാലാവസ്ഥയ്ക്കു് മാററം സംഭവിച്ചു. രാവും പകലും ഇടതടവില്ലാതെ മഞ്ഞു വീണുതുടങ്ങി. പാതകളിൽ ഹിമം മൂടിനിന്നാൽ വന്ന വഴിതന്നെ കണ്ടെത്താൻ കഴിയുമായിരുന്നില്ല. അതിനാൽ ആരോഹണസംഘം ഒട്ടും വൈകാതെ പിന്മടങ്ങി. 1938_ൽ ടിൽമേൻെറ നേതൃത്വത്തിൽ വീണ്ടും ഒരാരോഹണസംഘം എവറസ്റ്റ്

കയറാൻ ഒരുങ്ങിവന്നു. കാലാവസ്ഥയുടെ പ്രാതികൂല്യം നിമിത്തം വടക്കുകിഴക്കൻവഴി ഹിമം മൂടിക്കിടക്കുമെന്നു കരുതി പടിഞ്ഞാറൻവഴിക്കാണു് അവർ പുറപ്പെട്ടതു്. ഉത്തരനിമ്നത്തിന്നുമേലെ അവക്കു താവളം സ്ഥാപിക്കാൻ സാദ്ധ്യമായി. അവിടെനിന്നു കുഴമഞ്ഞടിഞ്ഞുകിടന്ന പർവ്വതഭാഗങ്ങളിൽക്കൂടി വിഷമതകളോടു് പടവെട്ടിക്കൊണ്ടു് കയറി ഷിപ്ററൻ, സ്മൈത്തി എന്നിവർ 27,200 അടി ഉയരെ ഒരു മേൽത്താവളവുംകൂടി സ്ഥാപിച്ചു. അവിടെനിന്നങ്ങോട്ടു് അവക്കു പന്ത്രണ്ടടി മാത്രമേ കയറാൻ കഴിഞ്ഞുള്ളു. ചെങ്കുത്തായി കുഴമഞ്ഞടിഞ്ഞവഴി, ഉന്തുപാറകൾ, കാൽപിടിക്കാത്ത നിരപ്പററ പർവ്വതഭാഗങ്ങൾ ഇത്തരം വൈഷമ്യങ്ങൾ നിമിത്തം പുരോഗതിയുണ്ടായില്ല. വേറൊരുദ്യമവുംകൂടി നടത്തിനോക്കിയെങ്കിലും സംഘത്തിന്നു് അതിലേറെ വിജയം നേടുവാൻ സാധിച്ചതുമില്ല.

ഒരു വ്യാഴവട്ടക്കാലം കഴിഞ്ഞാണു് എവറസ്റ്റിലേക്കെത്താൻ പിന്നീടു് പരിശ്രമമുണ്ടായതു്. 1951_ൽ വടക്കുവശത്തുകൂടി മാമല കയറുന്നതു് ദുഷ്കരമായി തുടരെത്തുടരെ അനുഭവപ്പെട്ടുവല്ലോ. അതിനാൽ നേപ്പാൾവഴിക്കു് തെക്കുവശത്തുകൂടി ആരോഹണം നടത്താൻ സാധിക്കുമോ എന്നു പരീക്ഷിച്ചുനോക്കുന്നതിന്നു തീരുമാനിച്ചു. ദക്ഷിണമാർഗ്ഗത്തെക്കുറിച്ചു് വേണ്ട നിരീക്ഷണങ്ങൾ നടത്തുവാൻ എറിക ഷിപ്ററൻെറ നേതൃത്വത്തിൽ ഒരു പര്യവേക്ഷണ സംഘം നിയോഗിക്കപ്പെട്ടു. വടക്കുവശത്തുള്ള വഴിയേക്കാൾ ഈ തെക്കൻ വഴിക്കു കൂടുതൽ സൌകര്യങ്ങളുണ്ടെന്നു് ഷിപ്ററാൻെറ നിരീക്ഷണങ്ങളിൽനിന്നു തെളിവായി. അടുത്തകൊല്ലം സ്വിററ്സർലാണ്ടിൽനി

ന്നു ഒരാരോഹണസംഘം നേപ്പാൾ ഗവമ്മേണ്ടിൻെറ അനുവാദം വാങ്ങി ഈ വഴിയിൽക്കൂടി മല കയറാൻ ശ്രമിച്ചു. ഡാക്ടർ വിസ്സ്ഡ്യൂഡൻറിൻെറ നേതൃത്വത്തിലുള്ള ഈ സംഘത്തിൽ എട്ടു സായിപ്പന്മാരും ഇന്ത്യയിലെ പവ്വതാരോഹണവിദഗ്ദ്ധനായ ഷെപ്പാടെൻസിങ്ങും ഉൾപ്പെട്ടിരുന്നു. എവറസ്റ്റിനേയും അതിന്നപ്പുറത്തുള്ള പവ്വതമാലയേയും യോജിപ്പിച്ചുകൊണ്ടു് വടക്കുഭാഗം ഒരു നിമ്നപ്രദേശം ഉണ്ടായിരുന്നതുപോലെ തെക്കുഭാഗത്തും ഉണ്ടായിരുന്നു. ഈ ദക്ഷിണനിമ്നത്തിലെത്തി താവളമുറപ്പിക്കുവാൻ സംഘത്തിന്നു സാദ്ധ്യമായി. അതിന്നുമേലെ എവറസ്റ്റിൻെറ മുഖത്തുകൂടിയായിരുന്നു മല കയറി കൊടുമുടിയിലെത്തേണ്ടതു്. ലാംബർട്ടും, ഓബർട്ടും, ഫ്ളോറിയും, ടെൻസിങ്ങും മേലെ കയറി ഒരു താവളമുണ്ടാക്കാൻ ശ്രമിച്ചു. 27500 അടി ഉയരത്തിൽ അവർ തമ്പടിച്ചു. അന്നുരാത്രി തുളച്ചുകേറുന്ന തണുപ്പും ചോരമരവിപ്പിക്കുന്ന കാററും വിശപ്പും ദാഹവും മഞ്ഞുകടിയും എല്ലാം സഹിച്ചു് നിശ്ചയദാർഢ്യത്തോടുകൂടി ലാംബർട്ടും, ടെൻസിങ്ങും ആ കൂടാരത്തിനുള്ളിൽ, അത്രയും ഉയരെ, അകാലമൃത്യു സംഭവിക്കാതിരിക്കാൻ അവയവങ്ങൾ അന്യോന്യം ഞെക്കുകയും ഇടിക്കുകയും ചെയ്തു. ജീവചൈതന്യം വററിപ്പോകാതിരിക്കുന്നതിന്നുമാത്രം ചൂടുണ്ടാക്കി പുലരുന്നതുവരെ കഴിച്ചുകൂട്ടി. നേരം പുലൎന്നു സൂര്യപ്രകാശം പരന്നപ്പോൾ അവർ ക്ഷീണം വകവെക്കാതെ വീണ്ടും മല കയറിത്തുടങ്ങി. മന്ദമന്ദം സൂക്ഷിച്ചടിവെച്ചു് 28200 അടി ഉയരത്തിൽ ആ ധീരസാഹസികൾ എത്തിച്ചേൎന്നു. അതിന്നപ്പുറം കയറുവാൻ പരിശ്രാന്തരായ അവൎക്കു് അസാദ്ധ്യമായിരുന്നു. അല്പപ്രാണരായ അവർ അതിനാൽ മെല്ലെ

മടങ്ങി. മടങ്ങാൻപോലും വലിയ വൈഷമ്യം തോന്നി. ടെൻസിങ്ങിന്നു വഴിക്കുവെച്ചു മോഹാലസ്യമുണ്ടായി. എങ്കിലും ഒരു വിധത്തിൽ അവർ കീഴ്ത്താവളത്തിൽ എത്തിവീണു. അവിടെവെച്ചു് നടത്തിയ ശുശ്രൂഷകളാൽ മെല്ലെ സുഖം പ്രാപിക്കുകയും ചെയ്തു. അതുവരെ ആരും കയറിയിരുന്നതിലും ഉയരത്തിൽ തങ്ങൾ എത്തിയെന്നു് അഭിമാനിയ്ക്കാനുള്ള അർഹത ലാബെർട്ടും ടെൻസിങ്ങും നേടിക്കഴിഞ്ഞിരുന്നു. കാലവർഷം തുടങ്ങാറായതിനാൽ സംഘത്തിന്നു പിന്നീടുള്ള ഉദ്യമം സഫലമാക്കുവാൻ സാധിച്ചില്ല.

ആറുമാസക്കാലം കഴിഞ്ഞശേഷം സ്വിസ്സുകാർ അക്കൊല്ലംതന്നെ പർവ്വതാരോഹണത്തിന്നു് പിന്നേയും മുതിന്നു. ഡാക്ടർ ഷീവാലിയായിരുന്നു സംഘനേതാവു്. അവർ കീഴ്ത്താവളങ്ങൾ സ്ഥാപിച്ചു മേല്പോട്ടു കയറി ദക്ഷിണനിമ്നത്തിൽ താവളമുറപ്പിക്കുവാൻ ശ്രമം നടത്തി. നിമ്ന ച്ചെരിവിൽ ഹിമം കോടാലികൊണ്ടു് വെട്ടി കയറുറപ്പിച്ചു് ഷെർപ്പമാർ മലകയറുന്ന സംഘത്തിന്നു് വഴിയുണ്ടാക്കുകയായിരുന്നു. പെട്ടെന്നു ഒരു ഹിമപ്പാറ മേലെനിന്നു പൊളിഞ്ഞുവീണു. ഒരു ഷെർപ്പ അപ്പോൾതന്നെ മരിച്ചു. മുന്നൂറടി താഴെ തെറിച്ചുവീണ വേറെ മൂന്നുപേരെ സംഘാംഗങ്ങൾ മൃത്യുവിൽനിന്നു രക്ഷപ്പെടുത്തി. അവർ പരിശ്രമം തുടന്നു ദക്ഷിണനിമ്നത്തിൽ ഒടുവിൽ താവളം സ്ഥാപിച്ചു. പക്ഷേ ചീറിക്കൊണ്ടിരുന്ന കൊടുങ്കാററും അസഹ്യമായ തണുപ്പും നിമിത്തം അവർ പിന്മടങ്ങേണ്ടിവന്നു. 26,600 അടി ഉയരംവരെ അവർ എത്തിയിരുന്നു.

അടുത്തകൊല്ലം 1952-ൽ ഏററവും കാര്യക്ഷമമായവിധം വിപുലമായ എല്ലാ സജ്ജീകരണങ്ങളോടും

ലോകവിശ്രുതിനേടിയ ആരോഹകരോടുംകൂടി കണ്ണൽ ജോൺ ഹണ്ടിൻെറ നേതൃത്വത്തിൽ ഒരു സംഘം എവറസ്റ്റിലേയ്ക്കു പുറപ്പെട്ടു. വിജയം വരിക്കണമെന്ന ദൃഢനിശ്ചയം അവൎക്കുണ്ടായിരുന്നു. അതിനനുസരിച്ചു് എല്ലാ ആനുകൂല്യങ്ങളും ഉപയോഗപ്പെടുത്തുവാൻ അവർ ശ്രദ്ധിച്ചു. ദക്ഷിണനിമ്നത്തെ തൊട്ടു കയറേണ്ട പൎവ്വതമുഖ




ത്തിൽ അവർ മുൻകൂട്ടി ഒരു പൎയ്യവേക്ഷണം നടത്തി. ആരോഹണം തുടൎച്ചയായി പരിശീലിക്കുകയും പൎവ്വതകാലാവസ്ഥയുമായി ഇണങ്ങുകയും ചെയ്തു. ദക്ഷിണനിമ്നത്തിൽ അവർ താവളമുറപ്പിച്ചു. വഹിക്കുന്നതിനു് എളുപ്പംകൂടിയ പ്രാണവായുയന്ത്രങ്ങളും അവർ ഒപ്പംകൊണ്ടുപോയി

രുന്നു. ഇവാൻസ്, ബൌഡിലിയൻ എന്നിവർ ഒരു സഹായസംഘത്തോടുകൂടി മേലെ കയറാൻ തുടങ്ങി. വളരെ സാവധാനത്തിൽ ശ്വാസനവൈഷമ്യം സഹിച്ച് മുന്നോട്ടുകയറിയ ആ സഹായസംഘം പണിപ്പെട്ട് 27,350 അടി ഉയരത്തിൽ ഒടുക്കത്തെ താവളം സ്ഥാപിച്ചു. ഇവാൻസും ബൌഡിലിയനും അവിടെനിന്നു് മേല്പോട്ടു മേല്പോട്ടുകയറി. എന്നാൽ യന്ത്രത്തിൽ പ്രാണവായു ചുരുങ്ങിച്ചുരുങ്ങിവന്നു. കഠിനമായ കാററും മാർഗ്ഗവൈഷമ്യങ്ങളും അവരെ വളരെ അസ്വസ്ഥരാക്കി. അതിനാൽ അവർ പർവ്വതമുഖത്തിൽനിന്നു് കൊടുമുടിയിൽ കയറാൻ ഒരുമ്പെടാതെ മടങ്ങുകയാണുണ്ടായതു്.

പിറേറന്നു ടെൻസിങ്ങും ഹിലാറിയും പ്രാണവായുയന്ത്രങ്ങളോടുകൂടി ആരോഹണത്തിന്നു പുറപ്പെട്ടു. കാലാവസ്ഥ വളരെ അനുകൂലമായിരുന്നു. കാററിൻെറ കാഠിന്യം അനുഭവപ്പെട്ടില്ല. അതിനാൽ അവക്കു് കയററത്തിൽ അത്രയേറെ ക്ലേശമുണ്ടായില്ലെന്നു പറയാം. അതുവരെ സ്ഥാപിച്ചവയിൽവെച്ച് ഏററവും മേലെ 27,900 അടി ഉയരത്തിൽ അവർ ഒരു താവളം ഉണ്ടാക്കി. അന്നു രാത്രി അവർ താവളത്തിൽ കഴിച്ചുകൂട്ടി. പിറേറദിവസം പർവ്വതത്തിലെ ശാന്തമായ ഋതുവിലാസത്തിൽ ആഹ്ലാദിച്ചും തങ്ങളുടെ മഹോദ്യമം വിജയിക്കേണമെ എന്നു് പരമേശ്വരനോടു പ്രാർത്ഥിച്ചുംകൊണ്ടു് അവർ മേലെ കയറിത്തുടങ്ങി. മാർഗ്ഗം ഏറെയേറെ ചെങ്കുത്തായിത്തീൎന്നു സൂക്ഷ്മതയോടുകൂടി അവർ കയറിപ്പോയി. രണ്ടരമണിക്കൂറോളം അങ്ങിനെ ആരോഹണം തുടൎന്നു. അവസാനം എവറസ്റ്റിൻെറ മൂർദ്ധാവിൽ, ലോകത്തിൻെറ മോന്തായത്തിൽ ആദ്യമായി കയറിനില്ക്കുവാ

നുള്ള അപൂർവ്വഭാഗ്യം അവക്കു ലഭിച്ചു! മുപ്പത്തിരണ്ടുകൊല്ലങ്ങളോളം തുടരെ നീണ്ടുനിന്ന ആ ദുഷ്ക്കരോദ്യമത്തിൽ വിജയമകുടം ചാത്തി വിശേഷാത്ഥാപ്രശസ്തി നേടുവാൻ അങ്ങിനെ അവക്കു സാദ്ധ്യമായി.

ഇന്ത്യയുടേയും നേപ്പാളത്തിൻേറയും ബ്രിട്ടൻേറയും ഐക്യരാഷ്ട്രങ്ങളുടേയും പതാകകൾ ഇന്ത്യയിലെ ഹിമകേസരിയായ ടെൻസിങ്ങ് മാമലയുടെ ആ കൊടുമുടിയിൽ ഹിമവെൺമഴവിൽ ഫലടിപ്പിച്ചുയത്തി. പതാകകളോടുകൂടിനിന്ന ടെൻസിങ്ങിൻെറ രൂപം ഹിലാരി ഛായാഗ്രഹണയന്ത്രത്തിൽ പകത്തി.

അങ്ങിനെ അതു സാധിച്ചു. ടെൻസിങ്ങും ഹിലാരിയും കൃതാത്ഥതയോടുകൂടി മടങ്ങി. വഴിക്കു പറയത്തക്ക വൈഷമ്യങ്ങളൊന്നും ദൈവകൃപയാൽ ഉണ്ടായില്ല.

പ്രകൃതിയുടെ അസ്പൃശ്യദുർഗ്ഗത്തിൽ—എവറസ്റ്റ് കൊടുമുടിയിൽ—മനുഷ്യർ കാലുകുത്തിയെന്ന അത്ഭുതവാത്ത ലോകംമുഴുവൻ പരന്നു. 1954-ലെ ഏററവും പ്രധാനമായ വാത്തയായിരുന്നു അതു്.

തുടന്നു് എവറസ്റ്റ്വീരന്മാക്കു് ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും അനുമോദനങ്ങളും ആശംസകളും ബിരുദങ്ങളും ആഘോഷപൂണ്ണമായ രാജകീയസല്ക്കരണങ്ങളും ലഭിച്ചു. മനുഷ്യപ്രയത്നത്തിന്നും സാഹസികത്തിന്നും എവറസ്റ്റാരോഹണം ഒരു മഹനീയസ്മാരകമാണു് വിരചിച്ചതു്.

## 2. തക്ലാമാക്കൻ മരുഭൂമിയിൽ

നിങ്ങൾക്കതു വിശ്വസിക്കാൻ വിഷമമായി തോന്നും—ഇരുനൂറു നാഴിക വിസ്താരമുള്ള തപിച്ചുകിടക്കുന്ന മണൽപ്പരപ്പിൽ, കുടിക്കാൻ വെള്ളമില്ലാതേയും വിശപ്പടക്കാൻ നിവൃത്തിയില്ലാതേയും ആറു ദിവസങ്ങൾ കഴിച്ചുകൂട്ടുകയെന്നതു്. എന്തിനുവേണ്ടി? ആരും അതുവരെ കടക്കാൻ ധൈര്യപ്പെടാതെ അജ്ഞാതമായിക്കിടന്ന ഒരു മരുഭൂമിയുടെ പ്രത്യേകതകൾ മനസ്സിലാക്കുവാൻവേണ്ടി! ഉള്ളിൽ ഉയൎന്ന സാഹസികയാത്രാതാല്പൎയ്യത്തെ തൃപ്തിപ്പെടുത്തുവാൻവേണ്ടി!

അറിയാത്തതിനെ അറിയാൻ ശ്രമിക്കുക; ആ അറിവുകൊണ്ടു് ശാസ്ത്രീയവിജ്ഞാനം വികസിപ്പിക്കുക; ആപത്തുനിറഞ്ഞ സന്ദൎഭങ്ങളിലെ കോരിത്തരിപ്പിക്കുന്ന അനുഭവങ്ങൾ ഇഷ്ടപ്പെടുക—ഇവയാണു് ധീരസാഹസികസഞ്ചാരങ്ങൾക്കു് പ്രചോദനം നല്കാറുള്ളതു്. അനേകം സഞ്ചാരികൾ ഈ ഉദ്ദേശ്യങ്ങളാൽ പ്രേരിതരായി ഹിമാലയം മുതൽ സൈബീരിയ വരെയുള്ള വിശാലഭൂഭാഗങ്ങളിൽ സഞ്ചരിച്ചിട്ടുണ്ടു്; ശരീരം കോച്ചുന്ന തണുപ്പു് സഹിച്ചും ചൈതന്യം കെടുക്കുന്ന കാറേററും തിബത്തൻ മേടഭൂമിയിൽക്കൂടി ഇഴഞ്ഞുപോയിട്ടുണ്ടു്; ഹിമാലയത്തിലെ ചുരങ്ങളിൽക്കൂടി വലിഞ്ഞുകേറിട്ടുണ്ടു്; മരുഭൂമികളുടെ വരൾച്ചയെ വെല്ലുവിളിക്കാൻ ശ്രമിച്ചിട്ടുണ്ടു്. മനസ്സിനു മടുപ്പുണ്ടാകാതേയും വഴിക്കു നേരിട്ട വൈപരീത്യങ്ങളിൽ പതറാതേയും ലക്ഷ്യത്തിലെത്തിയ അവരുടെ ധീരതയും ക്ഷമയും ആരും അഭിനന്ദിക്കും.

ഒരു സ്വീഡിഷ് സഞ്ചാരിയായ ഡാക്ടർ സെവൻ ആൻഡർസ് ഹെഡിനു് (Sven Anders Hedin) ത

ക്ലാമാക്കൻ മരുഭൂമിയിൽവെച്ച് നേരിട്ട അനുഭവങ്ങൾ ഭയങ്കരങ്ങളായിരുന്നു. വെള്ളം കുടിക്കാതെ പൊരിഞ്ഞു മരിച്ചു പോകുമെന്ന ദുരവസ്ഥ അദ്ദേഹത്തേയും സഹയാത്രക്കാരേയും അഭിമുഖീകരിച്ചു.

പടിഞ്ഞാറുവശത്ത് 'യാർഖണ്ഡ്' നദിയുടേയും കിഴക്കുവശത്ത് അതിൻെറ ഒരുപനദിയായ 'ഖോട്ടാ' ൻേറയും ഇടയിലുള്ള മരുഭൂമിയാണ് 'തക്ലാമാക്കൻ.' സാധാരണ സഞ്ചാരികൾ ആ മരുപ്പരപ്പിൻെറ അതിത്തി ചുററിപ്പോകയായിരുന്നു പതിവ്. വമ്പിച്ച മണല്ക്കുന്നുകളും മണലിൻെറ അതിമൃദുത്വവും നിമിത്തം ആ വഴിക്കു പോകുന്നത് അസാദ്ധ്യമെന്ന് അവർ കരുതി. മരുഭൂമിയിൽനിന്ന് കാററിൽപറന്ന മണൽ ഏഴു നഗരങ്ങളെ മൂടി നശിപ്പിച്ചിട്ടുണ്ടെന്നായിരുന്നു ഐതിഹ്യം. ഈ നഗരങ്ങളിലെ അമിതസമ്പത്ത്—സ്വർണ്ണവും രത്നങ്ങളും മരുപ്പരപ്പിൽ ചിതറിക്കിടന്നിരുന്നുപോൽ! അതിൽനിന്ന് കുറെ കൈക്കലാക്കാൻവേണ്ടി കൊതിച്ചുപോയ ചില 'കാക്കാലന്മാർ' പേടിപിടിക്കുന്ന കഥകളുംകൊണ്ടു അവശരായാണ് മടങ്ങിയെത്തിയത്. വരൾച്ച, പ്രാണനെ വലിച്ചെടുക്കുന്ന ദാഹം, പിശാചുക്കളുടെ ആക്രമണം—ഇങ്ങിനെ യാത്രയിലുള്ള തീവ്രവൈഷമ്യങ്ങളെപ്പററി പല കഥകളും അവർ കൊണ്ടുവന്നു. ആ മരുഭൂമിയിൽ ഒരു നാഴികയിലേറെ യാത്രചെയ്തു തിരിച്ചെത്തിയവർപോലും ദുർല്ലഭമായിരുന്നു.

സാഹസികയാത്രകളിൽ പ്രിയമുള്ള ഒരാൾക്കു ധൈര്യം പരീക്ഷിക്കാൻ ഇതിലേറെ ആകർഷകമായി എന്തുവേണം! അങ്ങനെ വേണ്ട ഒരുക്കങ്ങൾകൂട്ടി 1895-ഏപ്രിൽ മാസത്തിൽ ഹെഡിൻ അപല്ക്കരമായ ആ യാത്ര

യ്യൊരുങ്ങി. അദ്ദേഹത്തിൻെറ യാത്രോദ്ദേശ്യം ധനാജ്ജനമായിരുന്നില്ല. അജ്ഞാതമായിക്കിടന്ന ആ ഭൂഭാഗങ്ങളുടെ പ്രത്യേകതകറം മനുഷ്യനുപകരിക്കുവാൻവേണ്ടി അറിയുകമാത്രമായിരുന്നു.

ഒട്ടകങ്ങറം, ആടുകറം, നായ്ക്കറം, മുട്ടക്കോഴികറം, ഇസ്ലാം എന്ന ഒരു വേലക്കാരൻ, മുഹമ്മത് എന്നു പേരായ ഒട്ടകക്കാരൻ, യാർഖണ്ഡിൽനിന്നുവന്ന 'കാസിം' എന്ന യാത്രക്കാരൻ—ഇത്രയും പേരായിരുന്നു യാത്രയിൽ ഹെഡിന്നുള്ള കൂട്ടുകാർ. മരുഭൂമികളിൽ യാത്രചെയ്തു കുറച്ചൊക്കെ പരിചയം സമ്പാദിച്ച 'കാസിം' എന്ന മറെറാരാറം ഹെഡിന്നു് വഴികാട്ടിക്കൊടുപ്പാൻ ഒപ്പംകൂടി.

അവർ യാർഖണ്ഡിൽനിന്നു് പുറപ്പെട്ടു. മരുഭൂമിയുടെ അതിത്തിയിൽ ഒരു പവ്വതനിര കടക്കുവാനുണ്ടായിരുന്നു. അതിൻെറ അടിവാരത്തിലെത്തി അവിടെനിന്നു് ഏററവും സൌകയ്യമുള്ള ഭാഗത്തുകൂടി മരുപ്പരപ്പ് താണ്ടുവാനാണു് അവർ തീച്ച്പ്പെടുത്തിയതു്. പവ്വതത്തിൻെറ അടിവാരത്തെ ലക്ഷ്യമാക്കി ആ സംഘം മുന്നോട്ടു നീങ്ങി.

ആ യാത്ര ആരംഭത്തിൽതന്നെ വൈഷമ്യങ്ങറം നിറഞ്ഞതായിരുന്നു. ചെറിയ ചെറിയ മണൽക്കുന്നുകളെ വലംവെച്ചു് അവക്ക് പതിനാലു ദിവസങ്ങളോളം ചുററിയും തിരിഞ്ഞും പോകേണ്ടിവന്നു. വെള്ളത്തിന്നു പക്ഷെ ക്ഷാമമുണ്ടായിരുന്നില്ല. അവർ വെള്ളം കരുതിയിരുന്നു. കൂടാതെ ആ പ്രദേശങ്ങളിൽ കുഴിച്ചുനോക്കിയപ്പോറം അല്പം ഉപ്പുരസമുള്ള വെള്ളം കിട്ടുകയും ചെയ്തു.

ഒരു കാലം സസ്യശാമളമായ ആ ഭൂമിമുഴവൻ മണൽവന്നു വീണു് മൂടപ്പെട്ടതായിരിക്കണമെന്നു് അനുമാനി

യ്ക്കാനുള്ള തെളിവുകൾ അവർ വഴിനീളെ കണ്ടു. മഞ്ഞ നിറത്തിലുള്ള പോപ്ലാർ മരങ്ങൾ ഉച്ചിക്കൊമ്പുകൾവരെ മണൽ മൂടിക്കിടന്നിരുന്നു. പച്ചപിടിച്ച യാതൊന്നും കാണ്മാനുണ്ടായിരുന്നില്ല. കുറെ ദൂരം പിന്നിട്ടു കഴിഞ്ഞപ്പോൾ ചിലേടങ്ങളിൽ ചെറിയ ചെടിക്കൂട്ടങ്ങൾ കാണപ്പെട്ടു. അടിയിൽ വെള്ളമുണ്ടായതുകൊണ്ട് അവയ്ക്ക് അങ്ങിനെ പച്ചപിടിച്ചു നില്ക്കാനുള്ള ഭാഗ്യം സിദ്ധിച്ചതായിരുന്നു. അതുവരെ വരൾച്ച കണ്ടുമടുത്ത ഹെഡിൻെറ കണ്ണുകൾക്ക് അവ ആനന്ദജനകങ്ങളായി തോന്നി. മൃഗങ്ങളുടേയോ, പക്ഷികളുടേയോ സാമീപ്യംപോലും ആ സ്ഥലത്തുണ്ടായിരുന്നില്ല. ചുറ്റുപാടും ജീവചൈതന്യത്തിൻെറ സൂചനകൂടിയില്ലാത്ത ശൂന്യതമാത്രം!

പതിനാലു ദിവസങ്ങൾക്കശേഷം അവർ ആ ചെറുമണൽക്കാട്ടിൽക്കൂടി പർവ്വതത്തിൻെറ അടിവാരത്തിലെത്തി. അവിടെ കണ്ട കാഴ്ച നയനാസേചകമായിരുന്നു. നീലജലംനിറഞ്ഞ തടാകങ്ങൾ, കാട്ടുകോഴികൾ, കുളക്കോഴികൾ, കാടൻ ഒട്ടകങ്ങൾ—ജീവൻെറ പരിസ്ഫുരണമുള്ള ഒരു മരുപ്പച്ച! പക്ഷെ, അതിന്നപ്പുറത്തോ നീളെ കിടക്കുന്ന മണൽക്കുന്നുകൾ മാത്രം!

അവർ പടമെടുത്തു് കണക്കു കൂട്ടിനോക്കി. കാസിം അവരെ എളുപ്പമുള്ള ഒരു വഴിക്കാണ് ആനയിച്ചതു്. അവിടെനിന്നു് ഖോട്ടാൻ നദിയിലേയ്ക്കു് എറിവന്നാൽ നാലോ അഞ്ചോ ദിവസത്തെ വഴിയെ ഉണ്ടായിരിക്കയുള്ളു. അവിടെയെത്തിയാൽ അവരുടെ യാത്രോദ്ദേശം സഫലമാകയും ചെയ്യും.

ആ മരുഭൂമിയിലുണ്ടോ വെള്ളം കിട്ടാൻ പോകുന്നു! വേണ്ടത്ര വെള്ളം കരുതേണ്ടതു് അത്യാവശ്യമാണെന്നു

തോന്നുകയാൽ പത്തു ദിവസത്തേയ്ക്കു് വേണ്ട വെള്ളം ശേഖരിച്ചുവെയ്ക്കുവാൻ ഹെഡിൻ ഒട്ടകക്കാരനായ മുഹമ്മദിനോടു് ആവശ്യപ്പെട്ടു.

1895-ഏപ്രിൽ 23-ാംനു- അവരുടെ യാത്ര അപകടംപിടിച്ച ദ്വിതീയഘട്ടത്തിലെത്തി. കുറച്ചു ദൂരം ചെന്നപ്പോഠംത്തന്നെ പ്രകൃതിയിൽ അസാധാരണമായ ഒരു മാററം നേരിട്ടതായി അനുഭവപ്പെട്ടു. മരങ്ങളോ ചെടികളോ പൂപ്പുകഠം കൂടിയോ കാണ്മാനുണ്ടായിരുന്നില്ല. മഞ്ഞപിടിച്ച മണല്ക്കുന്നുകഠംമാത്രം നൂറും ഇരുനൂറും അടി പൊക്കത്തിൽ നില്ക്കുന്നുണ്ടായിരുന്നു. അവ അദ്ധചന്ദ്രാകൃതിയിലിരുന്നു—നട്ട ക്രമത്തിൽ കുഴിഞ്ഞു രണ്ടററത്തും കൂററൻ കൊമ്പുകളോട്ടകൂടി അവയുടെ ഉച്ചിയിൽ നില്ക്കുന്നതിലെ അല്പമെങ്കിലും രക്ഷയുണ്ടായിരുന്നുള്ളു. ഊളൻ കാററു് മണൽത്തരികളെ വട്ടം ചുററിച്ചു കളിച്ചുകൊണ്ടിരുന്നു. ചിലേടങ്ങളിലെ മണൽ എത്രയും മിനുത്തതായിരുന്നു. ചെരിവുകളിൽ നിന്നെങ്ങാൻ ഒട്ടകങ്ങളുടെ കാൽ തെററിപ്പോകയാണെങ്കിൽ ഉരുണ്ടുരുണ്ടു് അടിയിൽ ചെന്നടിയാതെ ഗത്യന്തരമുണ്ടായിരുന്നില്ല. അതിനാൽ, വളരെ സൂക്ഷിച്ചു മാത്രമെ അവക്കു മുന്നോട്ടു പോകുവാൻ സാധിച്ചുള്ളു.

കുറെക്കൂടി പുരോഗമിച്ചപ്പോഠം അതുവരെ അവരെ തൊട്ടുഴിഞ്ഞ തപിച്ച കാററുകൂടി വീശാതായി. നാലുപാടും പരന്ന നിശ്ശൂന്യത! ആ മരുഭൂമി നാക്കു പരത്തിക്കിടന്ന ഒരു മഞ്ഞവേതാളമെന്നപോലെ തോന്നി. അതിലുള്ള ഏതോ ഒരു പൈശാചികത അവരുടെ ഹൃദയം തുളച്ചു രക്തം വലിച്ചെടുക്കുന്നതുപോലെ അനുഭവപ്പെട്ടു!

രാത്രി ഭയങ്കരമായിരുന്നു. പെട്ടെന്നു് മണൽത്തരികൾ വട്ടം ചുററിപ്പറന്നു. ഒരു ചുഴലിക്കാററു്! എല്ലാവരും ബലമുള്ള മൂടുകണ്ണട ധരിച്ചതിനാൽ കണ്ണുകൾക്കു് കേടുതട്ടിയില്ല. പക്ഷെ അവരുടെ വായിലും മൂക്കിലും തൊണ്ടയിൽപോലും മണൽത്തരികൾ പറന്നുപററി.

ആദ്യത്തെ ദിവസം കഴിഞ്ഞു. പിറേറന്നു രാവിലെ ഹെഡിൻ ചെയ്ത പ്രഥമകൃത്യം ജലശേഖരം പരിശോധിക്കുകയായിരുന്നു. അയാൾ അമ്പരന്നുപോയി. പത്തു ദിവസത്തേയ്ക്കുള്ള വെള്ളം എടുക്കുന്നതിനു പകരം മടിയനായ ആ ഒട്ടകക്കാരൻ വെറും നാലുദിവസത്തേയ്ക്കുള്ള വെള്ളമാണു് കരുതിയിരുന്നതു്! അതുകണ്ടപ്പോൾ, ആ മണലാരണ്യത്തിൽ ദാഹത്താൽ എരിപൊരികൊണ്ടു് മരിക്കേണ്ടിവരുമോ എന്നു് ഹെഡിൻ സംശയിച്ചു.

ധീരനായ ഹെഡിൻ പിന്മടങ്ങുവാൻ ഇഷ്ടപ്പെട്ടില്ല. "ഏതായാലും അഞ്ചുദിവസത്തെ യാത്രയല്ലെ പുഴയ്ക്കെത്താൻ? യാത്രയ്ക്കു് ഒന്നു മുറുക്കം കൂട്ടിയാൽ ആ ദൂരം നാലു ദിവസംകൊണ്ടു തീരാനും മതി. പിന്നെ, വെള്ളം കുഴിച്ചെടുക്കാൻ കഴിയും. പുഴ സമീപമാണല്ലോ!" എന്നയാൾ വിചാരിച്ചു. ഉള്ള വെള്ളം വളരെ സൂക്ഷിച്ചുമാത്രം ഉപയോഗിച്ചു് മുന്നോട്ടു് നീങ്ങുവാൻതന്നെ അവർ തീർച്ചപ്പെടുത്തി.

വെള്ളത്തിൻെറ സ്ഥിതി അത്രയും പരുങ്ങലിലായ നിലയ്ക്കു് ഒട്ടകങ്ങൾക്കുണ്ടോ വെള്ളം കൊടുക്കാൻ കഴിയുന്നു? പിറേറന്നു്, അവയിൽ രണ്ടെണ്ണം തൊണ്ടവരണ്ടു പിടച്ചു മരിച്ചു. വെള്ളം കിട്ടുമോ എന്നു പരീക്ഷിയ്ക്കാൻ അന്നു രാത്രി മരുഭൂമിയിൽ അവർ പത്തടി ആഴംവരെ

കുഴിച്ചുനോക്കി. യാതൊരു ഫലവുമുണ്ടായില്ല. മേലേയും താഴേയും കൂടികിടന്ന മണൽ മാത്രമെ കണ്ടുള്ളു.

രണ്ടു ദിവസങ്ങൾ പിന്നേയും കഴിഞ്ഞു. ഒട്ടകങ്ങൾക്കു് പൂഞ്ഞയിലുള്ള വെള്ളവും അപ്പക്കഷണങ്ങളും മാത്രമെ കുടിക്കും തീററയ്ക്കും ഉണ്ടായിരുന്നുള്ളു. വെള്ളം ചുരുങ്ങിച്ചുരുങ്ങി വന്നു. വെള്ളംകുടിക്കാൻ കിട്ടുകയില്ലെന്നു വന്നാലെ ആ അവസ്ഥാവിശേഷത്തിലുള്ള പരിഭ്രമം അറിവാൻ കഴികയുള്ളു. കുടിക്കാൻ ധാരാളം വെള്ളമുള്ളപ്പോൾ അതുമനസ്സിലാക്കുക അത്ര എളുപ്പമല്ല.

ഭാവിദിനങ്ങളെപ്പററി അത്യുല്ക്കണ്ഠിതരായി ഉറക്കമില്ലാതെ കിടന്ന അവരുടെ കണ്ണുകളിൽ അന്നുരാത്രി അത്യുഗ്രമായ ഒരു ചീററൽ ചെന്നലച്ചു. കൊടുങ്കാററിൻെറ ഇരമ്പൽ! മണൽ പാറുകയല്ല, പറക്കുകയായി. അതോ, അത്യുഗ്രതയിൽ! ആ മണൽത്തരികൾ ശരീരത്തിലേററപ്പോൾ കുപ്പിക്കഷണങ്ങളേററപോലുള്ള ഒരു കുത്തൽ അനുഭവമായി. രാത്രിയുടെ അന്ത്യയാമത്തിൽ കാററിൻെറ ശക്തി കുറഞ്ഞു. പുലന്നു നോക്കിയപ്പോൾ അവരുടെ സാമാനങ്ങളെല്ലാം മണൽ മൂടികിടക്കുന്നതായാണു് കണ്ടതു്. അവയെല്ലാം, പണിപ്പെട്ടു് മണൽ മാന്തി വീണ്ടെടുക്കേണ്ടിവന്നു.

അങ്ങിനെ ആറാം ദിവസവും ആരംഭിച്ചു. നാവു വരണ്ടു ഒരൊട്ടകംകൂടി ചത്തുമലന്നു. ആ ‘മരുക്കപ്പലി’ന്നു പോലും അവിടെ യാത്രചെയ്യുന്നതു് അസാദ്ധ്യമായിരുന്നു.

ആ യാത്രക്കാർക്കു് ഒരൊററ വിചാരമേ അപ്പോൾ ഉണ്ടായിരുന്നുള്ളു. ഒരൊററ വസ്തുവിനെ അവർ അപ്പോൾ

KOTTAYAM PUBLIC LIBRARY

വില കല്പിച്ചുള്ള—വെള്ളം! വെള്ളം! വെള്ളത്തിന്നുമാത്രം.

അന്നത്തെ യാത്രയും നിഷ്ഫലമായി. പുഴ അടുത്തുള്ളതിൻെറ യാതൊരു സൂചനയും കണ്ടില്ല. മുന്നോട്ടു പോകുവാൻ പ്രയാസമായിരുന്നു. കനത്ത വസ്തുക്കളെല്ലാം ഹെഡിൻ അവിടെ കയ്യൊഴിച്ചു. പണവും അത്യാവശ്യസാമഗ്രികളും മാത്രമെടുത്തായി, പിന്നീടുള്ള യാത്ര.

13722

അതിലിടയ്ക്കു് അവിടെ ഒരപഹരണം നടന്നു. ഉണ്ടായിരുന്ന വെള്ളത്തിൽ അധികഭാഗവും ആ നാണം കെട്ട ഒട്ടകക്കാരൻ കട്ടു കുടിച്ചുകളഞ്ഞു. അവരെ ആദ്യം ആപത്തിൽ പെടുത്തിയ ആ അവിവേകി സ്വാർത്ഥചിന്ത കൊണ്ടു കൂടുതൽ ആപത്തിന്നിടവരുത്തി. ഹെഡിൻ എന്നിട്ടും ധൈര്യമവലംബിച്ചു. അദ്ദേഹം കുറേക്കൂടി മുൻനടന്നു വെള്ളം അന്വേഷിച്ചുനോക്കി. വെള്ളമില്ല. എങ്ങും മണൽപ്പരപ്പുമാത്രം; കത്തിജ്വലിക്കുന്ന സൂര്യൻെറ തീക്ഷ്ണരശ്മികളും. എല്ലാവരുടേയും തൊണ്ട നീറിക്കൊണ്ടിരുന്നു. നനവില്ലാത്ത തൊണ്ടയിലെ മൃദുലചർമ്മങ്ങൾ വരണ്ടു മുറുകി പൊട്ടുമെന്ന നിലയിലായി. കാസിം ബാക്കിയുണ്ടായിരുന്ന ആടുകളെ വെട്ടി ചോര കുടിക്കാൻ നോക്കി. പക്ഷേ, കൊഴുത്ത രക്തം തൊണ്ടയിൽക്കൂടി കടത്തിവിടുന്നതു് അസാദ്ധ്യമായിരുന്നു. ദാഹത്താൽ എരിപൊരികൊണ്ട ഹെഡിൻ, 'സ്റ്റവ്വ്' കത്തിക്കാനുപയോഗിച്ച മദ്യസാരം എടുത്തു കുടിച്ചുകളഞ്ഞു. അതു വലിയൊരാപത്തുളവാക്കി. പക്ഷപാതം പിടിച്ചപോലെ ഒരു വശം കോച്ചി ഹെഡിൻ തൽക്ഷണം അവിടെ വീണു.

മററു മൂന്നുപേരും എന്തു ചെയ്യാനാണു്? അവർ ഹെഡിനെ അവിടെ വിട്ടു വെള്ളമന്വേഷിച്ചു മുന്നോട്ടു

നീങ്ങി. കുറച്ചുകഴിഞ്ഞപ്പോൾ ഹെഡിനും ധൈര്യമവലംബിച്ച് എഴുന്നേററു നടന്നു. ഭാഗ്യവശാൽ അപകടമൊന്നും ഉള്ളതായിക്കണ്ടില്ല. മൂന്നു നാഴിക ദൂരം ചെന്നു. അപ്പോൾ കാസിമും കൂട്ടുകാരും ആശ നശിച്ച്, തലയും കയ്യും കൊട്ടുത്ത്, അവശരായിരിക്കുന്നതു് കാണപ്പെട്ടു. കാസിമും ഹെഡിനും ഇസ്ലാമുംകൂടി വളരെ പണിപ്പെട്ടു അവിടെ അവരുടെ കൂടാരം ഉറപ്പിച്ചു.

രാത്രിയായി. തപിച്ചുകൊണ്ടിരുന്ന പകൽസമയത്തു് യാത്രചെയ്യുന്നതിനേക്കാൾ നല്ലതു് ആ രാത്രിതന്നെ വെള്ളമന്വേഷിക്കാൻ പുറപ്പെടുകയാണെന്നു ഹെഡിൻ അഭിപ്രായപ്പെട്ടു. യാർഖണ്ഡിലെ കാസിമും ഇസ്ലാമും അതിനെ അനുകൂലിച്ചു. പക്ഷെ മററു രണ്ടുപേരും ഇരുന്ന ഇരിപ്പിൽനിന്നിളകുവാൻ കൂട്ടാക്കിയില്ല. അവ:ക്ക് ആശയെല്ലാം അസ്തമിച്ചിരുന്നു. പിക്കവും മററത്യാവശ്യസാധനങ്ങളും ഒഴിച്ചു ബാക്കിയുള്ള വസ്തുക്കളെല്ലാം ഹെഡിൻ അവിടെ ഉപേക്ഷിച്ചു. ഒരു റാന്തലിന്റെ സഹായത്തോടുകൂടി അവർ മൂന്നുപേരും ആ മണൽപ്പരപ്പിൽക്കൂടെ പുറപ്പെട്ടു.

തപ്പിയും തടഞ്ഞുംകൊണ്ടു് അവർ രണ്ടര നാഴിക നടന്നു. ഇസ്ലാമിന്നു് പിന്നെ ഒരടിപോലും നടക്കാൻ സാധിക്കാതായി. അയാളെയും ഒട്ടകങ്ങളെയും അവിടെ വിടുവാൻ ഹെഡിനും കാസിമും നിർബ്ബദ്ധരായി. ക്ഷീണം മാറിയാൽ തങ്ങളെ അനുഗമിക്കുന്നതിന്നു സഹായമാകാൻവേണ്ടി അവർ വിളക്ക് ഇസ്ലാമിന്നെ ഏല്പിച്ചു.

ആ മരുഭൂമിയിൽ അദ്ധ്രാത്രിയ്ക്കു് രണ്ടു മനുഷ്യജീവികൾ തപ്പിത്തപ്പി യാത്ര തുടന്നു!

പിറേറന്നാഠം പുലൎന്നു. യാത്രയിലെ ഒമ്പതാം ദിവസം! വെയിലിന്റെ ചൂടു് സഹിപ്പാൻ സാധിച്ചിരുന്നില്ല. പരിഭ്രാന്തരായ ആ യാത്രക്കാർ മണലിൽ ഒരു കുഴിയുണ്ടാക്കി, പിക്കം അടുത്തുതന്നെ നാട്ടി, വസ്ത്രങ്ങഠം അഴിച്ചു് അല്പം തണൽ കിട്ടുവാൻ പിക്കത്തിന്മേൽ തൂക്കി. സൂൎയ്യന്റെ പ്രചണ്ഡരശ്മികളിൽനിന്നു രക്ഷ പ്രാപിക്കുവാൻ വേണ്ടി അവർ അനന്തരം ആ കുഴിയിൽ വസ്ത്രങ്ങളുടെ തണലത്തു കണ്ണു പൊത്തിക്കിടന്നു.

സായാഹ്നകാലമായി. അവർ ഉടുപ്പുകഠം എടുത്തണിഞ്ഞു ജലാന്വേഷണം തുടൎന്നു. രാത്രി പൂനിലാവു പരന്നു. പക്ഷെ, ശ്മശാനമൂകമായ ആ സ്ഥലത്തിൽ അതിന്നു യാതൊരാസ്വാദ്യതയും ഉണ്ടായിരുന്നില്ല. തണുപ്പു വളരെ കൂടുതലായി. അതു കൂസാതെ അവർ രാത്രി മുഴുവൻ നടന്നുനോക്കി. പിറേറന്നു പ്രഭാതത്തിൽ അവരുടെ ഹൃദയം ആശകൊണ്ടു് തുടിക്കത്തക്ക ഒരു കാഴ്ച കാണപ്പെട്ടു.

പച്ചനിറത്തിലുള്ള കുറെ കുററിച്ചെടികഠം! അവർ രണ്ടുപേരും അവിടേയ്ക്കു കുതിച്ചു. ആ ചെടികളെ അവർ ആശ്ലേഷിച്ചു. തങ്ങഠംക്കു രക്ഷനല്കിയ ഈശ്വരനെ സ്തുതിച്ചുകൊണ്ടു് അവർ പച്ചിലകഠം പറിച്ചെടുത്തു ചാറുപിഴിഞ്ഞു കുടിച്ചു. ധാരാളം ചാറുള്ളതായിരുന്നു ആ ഇലകഠം. അവർ ഇലകഠം പറിച്ചു മൃഗങ്ങളെപ്പോലെ ചവച്ചുതിന്നു തുടങ്ങി. അവരുടെ ഉള്ളിൽ പച്ചിലച്ചാറുകഠം ഒരുജ്ജീവനം നല്കി.

പകൽ മുഴുവൻ അവർ അടുത്തുള്ള വേറൊരു കുററിക്കാട്ടിൻചുവട്ടിൽ വിശ്രമിച്ചു. വെള്ളത്തിനുള്ള അന്വേഷണം തുടൎന്നുവെങ്കിലും ഒരിററു വെള്ളംപോലും എങ്ങും

കിട്ടാനുണ്ടായിരുന്നില്ല. അങ്ങുമിങ്ങും ചെടികൾ കാണ പ്പെട്ടുവെന്നു മാത്രം. വൈകുന്നേരമായപ്പോൾ അവർ മൂന്നു പോപ്ലാർ മരങ്ങൾ നില്ക്കുന്ന ഒരിടത്തെത്തി. വെ ള്ളം കിട്ടുമെന്ന ധാരണയാൽ അവർ ഒരു മരത്തിൻെറ വേരോളം കുഴിച്ചു. ഫലമുണ്ടായില്ല. അവിടെ കിടന്ന കോലും ചുള്ളിയും തടികളും കൂട്ടി അവർ അഗ്നി ജ്വലി പ്പിച്ചു. ഇസ്ലാം തങ്ങളെത്തിരഞ്ഞു പുറപ്പെട്ടുന്നപക്ഷം വഴി കണ്ടറിഞ്ഞുകൊള്ളട്ടെ എന്നു കരുതി മാൎഗ്ഗനിർദ്ദേശ ത്തിനു വേണ്ടിയായിരുന്നു അപ്രകാരം ചെയ്തതു്.

ആശയോടെ അവർ മുന്നോട്ടു നീങ്ങി. നിരാശ പ ക്ഷേ അവരുടെ മുഖത്തു് ആഞ്ഞടിച്ചു. പിന്നേയും ഒരു മരുപ്പരപ്പുതന്നെ മുന്നിൽ! അതിന്നവസാനമില്ലേ എന്നു അവർ സംശയിച്ചുതുടങ്ങി.

അന്നുരാത്രി ഹെഡിൻ ഏകനായിട്ടാണു് പുറപ്പെ ട്ടതു്. എല്ലാ ആശകളും നശിച്ച കാസിം നിരുന്മിഷിത നായിരുന്നു. ആറു മണിക്കൂറുകളോളം ഹെഡിൻ അന്വേ ഷണം നടത്തി. ഒരിററു വെള്ളമുള്ളതിൻെറ സൂചന പോലും കണ്ടില്ല. അവസാനം തീരെ അവശനായി അ ദ്ദേഹം ഒരു കുററിക്കാട്ടിൻചുവട്ടിൽ വിശ്രമിച്ചു. അപ്പോ ഴെയ്ക്കു കാസിമും അവിടെ മെല്ലെ നുഴഞ്ഞെത്തി.

ആറുദിവസങ്ങളോളം വെള്ളം കുടിക്കാത്ത ജീവി തം—ആരെയും അതു പേടിപ്പെടുത്തും. പിറേറ ദിവസ വുംകൂടി അങ്ങിനെ തുടരുകയാണെങ്കിൽ ആ മരുഭൂമി അ വരുടെ ശ്മശാനമായി മാറുമെന്നു തീൎച്ചയായിരുന്നു.

പ്രഭാതത്തിൽ അവർ എഴുന്നേററുനോക്കി. ദൂരെ ഒരു കറുപ്പു പാളുന്നതായിക്കണ്ടു. വരിവരിയായി നില്ക്കുന്ന

ചെടികളായിരിക്കണം അതെന്നു അവർ ഊഹിച്ചു. അതു ഒരു പുഴയോരമായിരുന്നു. പക്ഷെ അവിടെ എത്തുന്ന തെങ്ങിനെയെന്നു് അവർ വ്യാകുലപ്പെട്ടു. ആലസ്യത്താൽ തൂങ്ങിയ കണ്ണുകഠംകൊണ്ടു് അവർ ആശയോടെ അതുറവു നോക്കി. കാസിമിനു സംസാരിക്കാൻപോലും കഴിവുണ്ടായിരുന്നില്ല. പിക്കവും കയ്യിലെടുത്തു് ഹെഡിൻ ഒരു സ്വപ്നാടനക്കാരനെന്നപോലെ നടന്നു. അദ്ദേഹം അവസാനം ആ മരങ്ങഠംനിന്ന സ്ഥലത്തു് എത്തിച്ചേന്നു.

നിഭാഗ്യവശാൽ ആ നദീതടം വരണ്ടിരുന്നു. താഴെ ഇറങ്ങിപ്പോയാൽമാത്രമെ വെള്ളം കണ്ടെത്താൻ കഴിവുണ്ടായിരുന്നുള്ളു.

അത്രമാത്രം നടക്കുവാനുള്ള കരുത്തു് ഹെഡിന്നുണ്ടായിരുന്നില്ല. എങ്കിലും അദ്ദേഹം ഒട്ടും അധീരനായില്ല. ഇഴഞ്ഞിഴഞ്ഞു ഹെഡിൻ ഒരുവിധത്തിൽ വെള്ളത്തിന്നു സമീപമെത്തി.

വെള്ളം! വെള്ളം! കുളിർ ചില്ലുകഠം പോലെയുള്ള വെള്ളത്തുള്ളികഠം! ഹെഡിൻ കുടിച്ചു; കുടിച്ചു; വീണ്ടും വീണ്ടും, എത്രയോ തവണ കുടിച്ചു. അപ്പോഴെയ്ക്കും കാസിമിൻെറ ഓമ്മ അദ്ദേഹത്തെ കത്തവ്യശ്രനാക്കി. തൊപ്പി മലത്തി അതിൽ നിറയെ വെള്ളവുമെടുത്തു്, ഹെഡിൻ കാസിം കിടക്കുന്ന സ്ഥലത്തേയ്ക്കോടുകയും തക്കസമയത്തു് അയാളെ മരണത്തിൽനിന്നു രക്ഷിക്കുകയും ചെയ്തു.

കാസിമിനു പക്ഷെ നടക്കുവാൻ ശേഷിയുണ്ടായില്ല. വെള്ളമുള്ള സ്ഥലം അറിഞ്ഞതുകൊണ്ടു് എതാ

യാലും കുടിക്കാതെ മരിക്കേണ്ടിവരികയില്ലെന്നു കാസിം സമാശ്വസിച്ചു.

ഏകാകിയായി ഹെഡിൻ മുൻനടന്നു. അതുവരെ അദ്ദേഹത്തിന്നു വെള്ളമെന്ന ഏകവിചാരം മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ അതു മാറിക്കഴിഞ്ഞു. ദുസ്സഹമായ വിശപ്പുണ്ടായി. കണ്ണിൽ കണ്ടതെല്ലാം പറിച്ചു ഭക്ഷിക്കുവാൻകൂടി ഹെഡിൻ മടിച്ചില്ല. പുൽക്കുനമ്പുകഠം അദ്ദേഹം നുള്ളിത്തിന്നു; തവളക്കുഞ്ഞുങ്ങളെ പിടിച്ചു ഭക്ഷിച്ചു—അത്രയ്ക്കും രൂക്ഷമായിരുന്നു ആ ക്ഷുധാൎത്തി.

പിറേറദിവസം വല്ലതും ഭക്ഷിക്കാൻ കിട്ടുമോ എന്നു നോക്കുന്നതിനുവേണ്ടി ഹെഡിൻ പുഴവക്കിലെ കാട്ടുവഴിയിൽ സഞ്ചരിച്ചുതുടങ്ങി. പാതയ്ക്കു ക്രമേണ വീതി കൂടിവന്നതും അതിൽ കാൽപെരുമാററത്തിൻെറ അടയാളങ്ങഠം കണ്ടതും ആശ ഉദ്ദീപിപ്പിച്ചു. കുറെക്കൂടി പോയപ്പോഠം ഒരു കൂട്ടം ആഠംക്കാർ അഭിമുഖമായിച്ചെല്ലുന്നതു് അദ്ദേഹം കണ്ടു. ആട്ടിടയന്മാരുടെ ഒരു സംഘമായിരുന്നു അതു്. അവരുടെ ഗ്രാമീണൌദാൎയ്യം ആ വിദേശീയനെ സല്ക്കരിച്ചു. വിശപ്പടക്കുക എന്നതിൻെറ ശരിക്കുള്ള അൎത്ഥം ഹെഡിൻ അന്നാണു് മനസ്സിലാക്കിയതു്.

പരിചിതമായ മറെറാരു മുഖം ഹെഡിനെ നോക്കി പുഞ്ചിരി തൂകി. വിശ്വസ്തഭൃത്യനായ 'ഇസ്ലാം' ഹെഡിൻെറ സാമാനങ്ങളോടുകൂടി ഒട്ടകങ്ങളേയും നടത്തി വരികയായിരുന്നു. ഹെഡിൻ കൊളുത്തിയ അഗ്നികൊണ്ടു് ആ വഴിക്കു സഞ്ചാരം തുടൎന്നു. ഇസ്ലാം ദൈവഗത്യാ പുഴവക്കിൽ എത്തിച്ചേൎന്നു. നിത്യോപയോഗത്തിന്നുള്ള സാമാനങ്ങഠം കിട്ടുവാനിടയായപ്പോഠം ഹെഡിൻ ആ ഹ്ലാദിച്ചു.

തിക്താനുഭവങ്ങൾ നിറഞ്ഞ ഈ യാത്രയിൽ മുഴുവൻ ഹെഡിൻ പുസ്തകവും പെൻസിലും ഒപ്പം കൊണ്ടുപോയി അന്നന്നത്തെ എല്ലാ സംഭവങ്ങളും അതാതിടങ്ങളിൽ കണ്ട കാഴ്ചകളും സൂക്ഷ്മമായി രേഖപ്പെടുത്തിയിരുന്നു. തീവ്രവും പരിഭ്രാന്തിജനകവുമായ കഷ്ടതകളിൽ പോലും പതറാതെ ആ ധീരമനസ്സന്നു് അങ്ങിനെ എല്ലാം നിർബ്ബാധം എഴുതിവെക്കാൻ സാധിച്ചതു് അത്ഭുതാവഹമെന്നേ പറവാനുള്ളു. ആ കുറിപ്പുകളിൽ നിന്നത്രെ ആപത്ക്കരമായ ഈ യാത്രയുടെ വിവരങ്ങൾ സവിസ്തരം നമുക്കറിവാൻ ഇടവന്നതു്.

ഹെഡിൻ അസാധാരണ ധൈര്യശാലിതന്നെ ആയിരുന്നു. അദ്ദേഹത്തിന്റെ അനുഭവങ്ങളുണ്ടായ മററൊരാൾ ആയുഷ്ക്കാലത്തിൽ മരുഭൂമിയിലെ യാത്രയെ കേട്ടാൽ, പിന്നെ ഭയംകൊണ്ടു് ഞെട്ടിവിറക്കാതിരിക്കില്ല. എന്നാൽ ഹെഡിൻ അങ്ങിനെയായിരുന്നുവോ? എട്ടുമാസം കഴിഞ്ഞതേയുള്ളു. അദ്ദേഹം തക്ലാമാക്കനേക്കാൾ വലിയ ഒരു മരുഭൂമി താണ്ടുവാൻ സന്നദ്ധനായി. ആദ്യയാത്രയിലെ അബദ്ധങ്ങൾ ആവർത്തിക്കാതിരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. അതിനാൽ വിജയം സുകരമായി. എന്നാലും ആദ്യത്തെ ആ ഭയങ്കരയാത്രയ്ക്കുശേഷം മററൊരു യാത്രയ്ക്കു പുറപ്പെടുക—അതൊരു അസാധാരണധൈര്യമായിരുന്നു. സാഹസികയാത്രക്കൊരുങ്ങുന്നവരുടെ മനസ്സു പക്ഷെ അത്തരത്തിൽ ദൃഢവും സുധീരവുമാകാതെ നിർവ്വാഹമില്ല.

# ൩. ലാസയാത്ര

ഇന്ത്യയുടെ ഉത്തരഭാഗത്തു കിടക്കുന്ന തിബത്തിലെ ഭൂപ്രകൃതിയേയോ ജനങ്ങളേയോ ജീവിതരീതികളേയോ കുറിച്ചു നമുക്കു യാതൊരറിവുമില്ലാത്ത ഒരു കാലമുണ്ടായിരുന്നു. സ്വർഗ്ഗഭൂമി, കിന്നരഖണ്ഡം, കിംപുരുഷഖണ്ഡം മുതലായ പേരിലായിരുന്നു പൌരാണികഭാരതത്തിൽ തിബത്ത് അറിയപ്പെട്ടുവന്നതു്. സ്വർഗ്ഗഭൂമി മനുഷ്യർക്കു അനഭിഗമ്യമാണല്ലൊ. അതുകൊണ്ടായിരിക്കാം ഇന്ത്യയിൽനിന്നും മററും ജനങ്ങൾ സാധാരണമായി തിബത്തിലേയ്ക്കു പോകാൻ മുതിരാത്തതും, അങ്ങിനെ വല്ല വിദേശീയരും തങ്ങളുടെ രാജ്യത്തിൽ എത്തിച്ചേരുന്നതിനെ നിർബ്ബന്ധപൂർവ്വം തടയുന്നതിന്നു തിബത്തർ നിഷ്കർഷിച്ചതും. അന്യദേശങ്ങളിലുള്ളവർ കടന്നുവന്നാൽ സ്വർഗ്ഗഭൂമിയുടെ പരിശുദ്ധി നഷ്ടപ്പെട്ടുപോകുമെന്നു തിബത്തർ വിശ്വസിച്ചു. എല്ലാ വിദേശീയർക്കും അവിടെ പ്രവേശനം നിരോധിക്കപ്പെട്ടു. തങ്ങളുടെ മതവിശുദ്ധി പക്ഷെ ഇന്ത്യക്കാരിൽനിന്നു സിദ്ധിച്ചതാണെന്ന വാസ്തവം തിബത്തർ വിസ്മരിച്ചിരിക്കാൻ മതി. എട്ടാം ശതകത്തിൽ 'ആചാര്യ്യ ശാന്തരക്ഷി'തനും പത്താം ശതകത്തിൽ 'ദീപംകരശ്രീജ്ഞാന'നും ഇന്ത്യയിൽനിന്നു പുറപ്പെട്ടു, ഹിമാലയം കടന്നു തിബത്തിന്റെ ഒരററം മുതൽ മറെറ അററംവരെ സഞ്ചരിച്ചാണു് ബുദ്ധമതതത്വങ്ങൾ പ്രചരിപ്പിച്ചതു്. ഏതായാലും പിന്നീടു് എല്ലാ വിദേശീയസഞ്ചാരികളേയും നിരോധിക്കാൻ തിബത്തിലെ അധികൃതന്മാർ തീരുമാനിച്ചു.

തിബത്തിലെ പ്രധാനനഗരവും പുണ്യസ്ഥലവുമായിരുന്ന 'ലാസ' ബ്രഹ്മപുത്രാ നദിക്കു വടക്കുവശത്തു്

കുറച്ചുകലെയുള്ള താഴ്വരയിലാണ് ലാസയുടെ സ്ഥിതി. അവിടെ വമ്പിച്ച മൂന്നു 'ഗോമ്പ'കളും ബുദ്ധദേവൻെറ ഒരു വലിയ സ്വർണ്ണപ്രതിമയും ഉണ്ടായിരുന്നു. രണ്ടായിരത്തിൽപരം 'ലാമ'മാരും അനേകം 'ദാബ'മാരും ലാസയിൽ നിവസിച്ചുവന്നു. വിദേശികളെയും അവിശ്വാസികളെയും അകററി നഗരത്തിൻെറ പരിശുദ്ധി പാലിക്കുവാൻ അവർ സദാ ജാഗരൂകരായിരുന്നു. അവലോകിതേശ്വരബോധിസത്വൻെറ ദിവ്യാവതാരമായി കരുതപ്പെട്ടുവന്ന 'ദലായിലാമ' ലാസയെ ആസ്ഥാനമാക്കി തിബത്തു ഭരിച്ചുപോന്നു. അദ്ദേഹത്തിൻെറ ആജ്ഞകൾക്ക് അവിടെ എതിർവാക്കുണ്ടായിരുന്നില്ല. വിദേശീയർക്കു പ്രവേശനാനുവാദം നിഷേധിക്കണമെന്ന അദ്ദേഹത്തിൻെറ കല്പനയെ അതിനാൽ ലാമമാർ അധികാരപൂർവ്വം നടപ്പിൽ വരുത്തി.

ഇന്ത്യയുടെ അതിർത്തിദേശങ്ങളിൽക്കൂടി ലാസയിൽ ചെന്നുചേരുവാൻ ഇന്ത്യാഗവമ്മെൻറും അനുവദിച്ചിരുന്നില്ല. തന്നിമിത്തം തുർക്കിസ്ഥാൻ, മങ്കോളിയ എന്നീ രാജ്യങ്ങളിൽക്കൂടിയോ അല്ലെങ്കിൽ ആയിരത്തിരുനൂറു നാഴിക അകലെ ഹിമാലയത്തിൻെറ പശ്ചിമപ്രാന്തം ചുററിയോ മാത്രമേ അവിടെ എത്താൻ കഴിവുണ്ടായിരുന്നുള്ളു. അത്രയേറെ വിഷമതകൾ തരണംചെയ്തും വിദേശീയർക്കുള്ള നിരോധം അവഗണിച്ചും ലാസയിൽ എത്തിച്ചേരുന്നതു് ദുഷ്കരമായിരുന്നു.

എന്നാൽ, പ്രകൃതിയും മനുഷ്യനും പ്രവേശനം നിഷേധിച്ച സ്ഥലങ്ങളിൽ ചെന്നെത്താൻ പരിശ്രമിക്കുന്നതു് ധീരാത്മാക്കളുടെ സ്വഭാവമാണു്. ഇന്ത്യയിൽനി

ന്നു ചിലർ തിബത്തിലേയ്ക്കു കടക്കുകയും, ആ പ്രദേശ ങ്ങൾ രഹസ്യമായി 'സർവ്വേ' ചെയ്യുകയും പ്രത്യേകതകൾ രേഖപ്പെടുത്തുകയും ചെയ്തു. നൈൻസിങ്ങ്, ഹരിറാം, ചന്ദ്രദാസ് എന്നീ ധീരസാഹസികളായിരുന്നു അവരിൽ പ്രധാനികൾ. വേഷപ്രച്ഛന്നരായാണു് അവർ സഞ്ചരിച്ചതു്. ചന്ദ്രദാസ് ലാസയെപ്പററി ഒരു പുസ്തകംതന്നെ എഴുതുകയുണ്ടായി. ഈ പുസ്തകവും ചില ലേഖനങ്ങളും വിവരണങ്ങളും തിബത്തിനെക്കുറിച്ചു സാമാന്യമായും ലാസയെപ്പററി പ്രത്യേകമായും കൂടുതൽ വിവരങ്ങൾ അറിയാനുള്ള കൌതുകം ജനങ്ങളിൽ വളർത്തി. കാഞ്ചനമയമായ താഴികകളുള്ള മനോഹരദേവാലയങ്ങൾ, മണിമന്ത്രാരാധനകൾ, തിബത്തരുടെ അസാധാരണജീവിതരീതികൾ ഇവ അവരുടെ ശ്രദ്ധയെ ആകർഷിച്ചു.

ലാസയിൽ ചെന്നുചേരാൻ ചില യൂറോപ്യന്മാരും പുറപ്പെടുകയുണ്ടായി. അമേരിക്കക്കാരും ഫ്രഞ്ചുകാരും ആംഗ്ലേയരും അവരിൽ ഉൾപ്പെട്ടിരുന്നു. യാത്ര വിജയപ്രദമായെന്നു തോന്നിയപ്പോഴെല്ലാം അവർ ആട്ടിയകററപ്പെടുകയോ വധിക്കപ്പെടുകയോ ആണുണ്ടായതു്. എങ്കിലും ഭഗ്നാശരാകാതെ കൂടുതൽ ധൈര്യശാലികൾ മുന്നോട്ടു പോകാൻ വ്രതം ദീക്ഷിച്ചു് എത്തിക്കൊണ്ടിരുന്നു. അക്കൂട്ടത്തിൽ, വിജയത്തിൻെറ പടിവാതിൽവരെ കയറിച്ചെന്ന ഒരു ധീരസാഹസികനായിരുന്നു 'ജോർജ്ജ്' ലിററിൽ ഡേയ്ൽ' (George Little dale.)

മദ്ധ്യേഷ്യയെപ്പററി ഗണ്യമായ പരിചയം നേടിയ ഒരു നായാട്ടുകാരനായിരുന്നു ലിററിൽ ഡേയ്ൽ. അദ്ദേഹം 1895-ൽ ലാസയിലേയ്ക്കു പുറപ്പെട്ടു. കാസ്പിയൻ

കടൽ കടന്നു ബൊാക്ക്ഖാറ, കോർഖണ്ഡ്, കാഷ്ഗർ, യാർഖണ്ഡ് എന്നീ മാൎഗ്ഗങ്ങളിൽക്കൂടിയാണു് അദ്ദേഹവും സംഘവും യാത്രചെയ്തതു്. യാർഖണ്ഡിന്നപ്പുറത്തുള്ള യാത്ര ഗുരുതരമായ വിഷമതകൾ നിറഞ്ഞതായിരുന്നു. മരുഭൂമികൾ, ചതുപ്പുപാടങ്ങൾ, ഹിമനദികൾ, ഹിമവാതൃകൾ, ദുൎഗ്ഗമങ്ങളായ പൎവ്വതങ്ങൾ— ഇവയെല്ലാം വഴിനീളെ പ്രതിബന്ധങ്ങൾ നിരത്തിക്കൊണ്ടിരുന്നു. ഭക്ഷണത്തിന്നും വിറകിന്നുമുള്ള ദൌർല്ലഭ്യം തീവ്രമായിത്തീൎന്നു. മാൎഗ്ഗഭ്രംശം വന്നുപോകരുതെന്നു കരുതി, ലിററിൽ ഡേയ്ൽ വഴികാട്ടുവാൻവേണ്ടി ഒരു തുൎക്കിക്കാരനെ ഒപ്പം കൂട്ടി. എന്നാൽ സംഘത്തെ നേർവഴിയിൽനിന്നകററി ഒരു ഗിരിവലയത്തിന്നിടയ്ക്കു കുടുക്കിയിടുവാനാണു് ആ വഞ്ചകൻ തുനിഞ്ഞതു്. നിരാശപ്പെടാതെ പത്തു ദിവസങ്ങളോളം പരിശ്രമിച്ചതിൽപിന്നെ മാത്രമെ സംഘത്തിന്നു തിബത്തിലേയ്ക്കുള്ള വഴി കണ്ടെത്തുവാൻ കഴിഞ്ഞുള്ളു. അവർ ഒരുവിധത്തിൽ തിബത്തൻ പീഠഭൂമിയിൽ എത്തിച്ചേൎന്നു. ഈ പീഠഭൂമി യഥാൎത്ഥത്തിൽ കുറെ താഴ്വരകൾ ഒത്തുണ്ടായതായിരുന്നു. പടിഞ്ഞാറുനിന്നു കിഴക്കോട്ടായിട്ടത്രെ താഴ്വരകളുടെ കിടപ്പു്. പരമ്പരയായിക്കിടന്ന എട്ടു ഗിരികൾ ഈ താഴ്വരകളെ പരസ്പരം വേർതിരിച്ചു.

ആ പൎവ്വതനിരകൾ കടന്നുമാത്രമെ ലിററിൽ ഡേയ്ലിന്നു ലക്ഷ്യം പ്രാപിക്കാൻ കഴിവുണ്ടായിരുന്നുള്ളു. അവിടങ്ങളിൽ ആടുമേയ്ക്കുന്ന ഇടയന്മാർ, തന്നെയും സംഘത്തേയും കണ്ടാൽ ആപത്തുപററാനിടയുണ്ടെന്നു അദ്ദേഹം മനസ്സിലാക്കി. വിദേശീയരായ വല്ലവരേയും കണ്ടാൽ

ഉടൻ ലാസയിലെ അധികൃതന്മാക്ക വിവരമറിയിക്കണ്ണ മെന്നായിരുന്ന അധികൃതരിൽനിന്നു് ഇടയന്മാക്ക നല്ക പ്പെട്ട ശാസനം. കൃത്യവിലോപത്തിൽ മരണശിക്ഷ അ നുഭവപ്പെടുമെന്ന താക്കീതും അവക്ക ലഭിച്ചിരുന്നു. ലിററിൽ ഡേയ്ലിന്നു് അതറിയാമായിരുന്നതുകൊണ്ടു് നേർവഴി വിട്ടു് ഒളിച്ചും മാറിയുമാണു് യാത്ര തുടന്നതു്. അങ്ങിനെ കുറെ പോയപ്പോൾ സംഘത്തിന്റെ സാമാ നങ്ങൾ വഹിച്ച ചില കോവർകഴുതകൾക്കു് നീങ്ങാൻ വയ്യാതായി. വീണുകിടന്ന കഴുതകളെ വെടിവെച്ചു കൊ ല്ലേണ്ടിവന്നു. കുറേക്കൂടി ചെന്നപ്പോൾ അവർ ഒരു പു ൽപരപ്പു കണ്ടെത്തി. അവശേഷിച്ച മൃഗങ്ങൾക്ക ജീവൻ വീണു. പുല്ലുതിന്ന അവയ്ക്കു് പുതുചൈതന്യമുണ്ടായി. യാത്ര തുടന്നു. ഉപ്പുപാടങ്ങളിൽ വേലയ്ക്കുപോകുന്ന ചി ലരെ സംഘാംഗങ്ങൾ കണ്ടെത്തി. മനുഷ്യാധിവാസമു ള്ള ഒരു സ്ഥലത്തേയ്ക്കാണു് തങ്ങൾ നീങ്ങുന്നതെന്നു ലി ററിൽ ഡേയ്ൽ ഊഹിച്ചു. അതില്ലിന്നെ, വല്ലവരും വ രുന്നുണ്ടോ എന്നറിവാൻ ഒരു ദൂരദശിനിക്കുഴൽകൂടി ഉപ യോഗപ്പെടുത്തിക്കൊണ്ടായിരുന്നു അദ്ദേഹത്തിന്റെ യാ ത്ര. അങ്ങിനെ ഒരെട്ടുദിവസവുംകൂടി പോയാൽ അവർ തീച്ചയായും ലാസയിൽ ചെന്നെത്തുമായിരുന്നു. നിയമ പരമായ തടസ്സം അനുഭവപ്പെടുന്നതിന്നുമുമ്പുതന്നെ അ വിടെ എത്തിച്ചേരാനായിരുന്നു ലിററിൽ ഡേയ്ലിന്റെ പരിശ്രമം. അദ്ദേഹം സംഘത്തോടുകൂടി സാധിക്കുന്നത്ര വേഗത്തിൽ തെയ്യപൂവ്വം നടന്നു. അപ്പോഴേയ്ക്കും ഈ പു തിയ യാത്രക്കാരെപ്പററി ജനങ്ങൾ അറിഞ്ഞുകഴിഞ്ഞിരു ന്നു. ആയുധംധരിച്ചും അല്ലാതേയും കുറെ തിബത്തർ അവ

രെ അനുഗമിച്ചു. അവസാനം, ഉച്ചയിൽ ഹിമമണിഞ്ഞ ഒരു പൎവ്വതത്തിൻെറ നടുവിൽ എത്തിച്ചേൎന്നു. അതിന്നപ്പുറം ലാസയായിരുന്നു. പക്ഷെ ആ പൎവ്വതത്തിൽനിന്നു പുറത്തുകടക്കേണ്ട വഴി അവൎക്കറിവുണ്ടായിരുന്നില്ല. ഒരു വഴിയ്ക്കു് അവർ ഇറങ്ങി. കുറെ പോയപ്പോഠംമാത്രമാണു് തങ്ങഠം ഒരു കുടുക്കിൽ കുടുങ്ങിയെന്നു മനസ്സിലാക്കിയതു്. ആയുധധാരികളായ ഒരു സംഘം തിബത്തർ അവരോടു് ഉടൻ നില്ക്കുവാനാവശ്യപ്പെട്ടു. ലിററിൽഡേയ്ൽ പ്രതിയോഗികളോടു് വാദിച്ചുനോക്കി; ഫലമുണ്ടായില്ല. ആക്രമിക്കാനാണു് അവരുടെ ഉദ്ദേശമെന്നു തെളിഞ്ഞു. ലിററിൽ ഡേയ്ൽ ഉടനെ വലിയ തോക്കുകഠം നിറയ്ക്കുവാൻ അനുചരന്മാൎക്കു കല്പന കൊടുത്തു. ആപത്തു നേരിടാനൊരുങ്ങാതെ തിബത്തർ പിന്മടങ്ങി. ലിററിൽഡേയ്ലും സംഘവും ക്ലേശംകൂടാതെ മുന്നോട്ടു നീങ്ങുകയും ചെയ്തു.

ആ സംഘത്തിൻെറ യാത്രാവൃത്താന്തം ലാസയിലും എത്തി. അവിടെനിന്നു നൂറു ഭടന്മാരോടുകൂടി ഗവൎണ്ണരും ഉദ്യോഗസ്ഥന്മാരും ഉടനെ വന്നുചേൎന്നു. ലാസയിൽ പോകുന്നതിലുള്ള വൈഷമ്യങ്ങഠം വിവരിച്ചുകൊടുത്തു് അവരെ മടക്കിയയയ്ക്കാൻ ഗവൎണ്ണർ ശ്രമിച്ചുനോക്കി. പ്രയോജനമുണ്ടായില്ല. എന്തുതന്നെ നേരിട്ടാലും താൻ മടങ്ങിപ്പോകുന്നതല്ലെന്നു ലിററിൽഡേയ്ൽ ശഠിച്ചുപറഞ്ഞു. ഒരു ദിവസത്തെ യാത്രകൂടിയായാൽ ലാസയിലെത്തുമെന്നു് അദ്ദേഹത്തിന്നുറപ്പുണ്ടായിരുന്നു.

എന്തു ചെയ്യണമെന്നറിയാതെ ഗവൎണ്ണർ വിഷമിച്ചു. പക്ഷെ നിയതി ആ യാത്രാസംഘത്തിനു വിപരീതമായിരുന്നു. ലിററിൽഡേയ്ലിൻെറ ധൎമ്മപത്നി രോഗി

ണിയായിട്ടാണു് സംഘത്തിൽ സഞ്ചരിച്ചിരുന്നതു്. അ വരുടെ രോഗം പെട്ടെന്നധികരിച്ചു. വിദഗ്ദ്ധവൈദ്യസ ഹായം അത്യാവശ്യമായിത്തീൎന്നു. അതു് അവിടെ ലഭി ക്കുമായിരുന്നില്ല. അതിനാൽ വിജയത്തിന്റെ ദശനമാ ത്രയിൽ, എല്ലാം നിൎത്തിവെച്ചു മടങ്ങിപ്പോകാൻ ലിററിൽ ഡേയ്ൽ നിൎബ്ബന്ധിതനായി. ലാസയിൽക്കൂടി ഇന്ത്യയി ലിറങ്ങുവാൻ അദ്ദേഹം അധികൃതരോടു് അനുവാദമാവ ശ്യപ്പെട്ടു. അനുവാദം നിഷേധിക്കപ്പെടുകയാണുണ്ടായതു്. വന്നവഴിക്കുതന്നെ മടങ്ങിപ്പോകേണമെന്നു അവർ നിൎ ബ്ബന്ധിച്ചു. ലാസയിൽ ഒരൊററ വിദേശീയനേയും കട ത്തുവാൻ പാടില്ലെന്നായിരുന്നു അവരുടെ നിയമം. വ മ്പിച്ച വൈഷമ്യങ്ങളും എതിൎപ്പുകളും സഹിച്ചാണു് ഒടു വിൽ ലിററിൽ ഡേയ്ൽ രക്ഷാസങ്കേതം പ്രാപിച്ചതു്.

ആറേഴുകൊല്ലങ്ങൾ കഴിഞ്ഞു. ഇതിനിടയ്ക്കു് റഷ്യ ക്കാർ തിബത്തിലെ ഭരണാധികാരിയായ ദലായി ലാമയു ടെ പേരിൽ ഗണ്യമായ സ്വാധീനശക്തി സമ്പാദിച്ചു. റഷ്യയും തിബത്തും തമ്മിൽ ഒരു കരാറിലേപ്പെടാൻ ഒരു ക്കങ്ങൾ നടക്കുന്നുണ്ടെന്നു് ഇന്ത്യാഗവൎമ്മേണ്ടിന്നു് വിവ രം കിട്ടി. പക്ഷെ 'ലാമ'മാരുടെ എതിൎപ്പുനിമിത്തം ഈ കരാർ ഫലപ്രദമായില്ല. തിബത്തിൽ റഷ്യക്കു് സ്വാധീ നശക്തി നിലനിന്നാലുള്ള ആപത്തുകൾ ഇന്ത്യാഗവൎമ്മേ ണ്ടു് നല്ലപോലെ മനസ്സിലാക്കിയിരുന്നു. തിബത്തർ അ തിനിടയിൽ 'സിക്കിം' ആക്രമിച്ചു. ആക്രമണത്തിനു ള്ള കാരണം ആരായുവാനും അതിൎത്തിത്തക്കങ്ങൾ അവ സാനിപ്പിക്കുവാനും സാധിക്കുമെങ്കിൽ തിബത്തും ഇന്ത്യ യുമായി അനുകൂലമായ ഒരു വ്യാപാരക്കരാറുണ്ടാക്കുവാനും

വേണ്ടി ഒരു സൈനികസംഘത്തെ തിബത്തിലേക്കയ യ്ക്കാൻ ഇന്ത്യാഗവൎമ്മെണ്ടു തീരുമാനിച്ചു.

അന്നു കർസൺ പ്രഭുവാണു് ഇന്ത്യയിൽ വൈസ റോയിയായി ഭരണം നടത്തിവന്നതു്. തിബത്തിലേയ്ക്കുള്ള സൈനികസംഘത്തിൻെറ നായകനായി അദ്ദേഹം സർ ഫ്രാൻസിസ് യങ്ങ്ഹസ്ബൻറിനെ (Sir Francis Young husband) നിയോഗിച്ചു. 1903-ൽ ഈ സംഘം തിബത്തിലേയ്ക്കു പുറപ്പെട്ടു. തിബത്തൻ ഗവൎമ്മെണ്ടുമായി ഇടപെട്ടുവെങ്കിലും അതിൎത്തിദേശങ്ങളിൽതന്നെ മടങ്ങിപ്പൊയ്ക്കൊള്ളാൻ അവരുടെ പ്രതിപുരുഷന്മാർ സംഘത്തെ നിർബ്ബന്ധിക്കയാണുണ്ടായതു്. യങ്ങ്ഹസ്ബബൻറും കൂട്ടുകാരും ആ നിർബ്ബന്ധം വകവെച്ചില്ല. അവർ പൎവ്വതത്തിലെ ഒരു ചുരം കടന്നു ലാസയെ ലക്ഷ്യമാക്കി യാത്രചെയ്തു. തിബത്തർ ഇതുകണ്ടു യുദ്ധത്തിന്നു് ഒരുക്കം കൂട്ടി. ചില ആക്രമണങ്ങൾക്കു കനത്ത വെടികൊണ്ടാണു് യങ്ങ്ഹസ്ബൻറ് ഉത്തരം നല്കിയതു്. ഹേമന്തകാലത്തു് ശൈത്യം അധികരിക്കയും ഹിമവാതങ്ങൾ പെരുകുകയും ചെയ്താൽ അവർ തിരിച്ചുപോകുകയോ അല്ലാത്തപക്ഷം സ്വയം നശിക്കുകയോ ചെയ്യുമെന്നു് സമാശ്വസിച്ചു് തിബത്തർ തല്ക്കാലം ആ സംഘത്തെ തടഞ്ഞില്ല. പോകാൻ വൈഷമ്യമുള്ള സ്ഥലങ്ങളിൽ പാതകൾ പുതുതായി വെട്ടിയുണ്ടാക്കിയാണു് യങ്ങ്ഹസ്ബൻറും സംഘവും ദൃഢനിശ്ചയത്തോടെ പുരോഗമിച്ചതു്. ലാമമാരിൽനിന്നു കഠിനമായ എതിൎപ്പുകൾ നേരിടേണ്ടിവന്നു. സൈനികസംഘത്തിൻെറ തോക്കുകൾ വീണ്ടും അലറി. വളരെ തിബത്തർ കൊല്ലപ്പെട്ടു അതിനെ തുടൎന്നു

കൂടിയാലോചനനടന്നായി. കൂടിയാലോചനകൾ നടത്തിക്കൊണ്ടിരിക്കെ തിബത്തർ ശുദ്ധമായി വീണ്ടും യാത്രാസംഘത്തെ ആക്രമിച്ചു. പിന്നേയും വെടിപൊട്ടി. ഇങ്ങിനെ മാസങ്ങൾ കുറെ കഴിഞ്ഞു. ഇടയ്ക്കു സംഘട്ടനങ്ങളും ഇടയ്ക്കു കൂടിയാലോചനകളും നടന്നുകൊണ്ടിരുന്നു. സംഘം മുന്നോട്ടുപോവുകയും ചെയ്തു. അവർ എന്തുകൊണ്ടും പിന്മടങ്ങാൻ ഭാവമില്ലെന്നു കണ്ടപ്പോൾ ലാസയിൽനിന്നു കുറെ പ്രതിനിധികൾ എത്തിച്ചേർന്നു. അനുനയവാക്കുകൾ പറഞ്ഞു് അവരോടു നഗരത്തിൽ പ്രവേശിക്കാതിരിക്കാൻ വിനയപൂർവ്വം അഭ്യർത്ഥിച്ചുനോക്കി. യങ്ങ് ഹസ്ബൻറ് കൂട്ടാക്കിയതേയില്ല. അവസാനം ആ യാത്രാസംഘം വീതികൂടിയ ഒരു താഴ്വരയിൽ എത്തിച്ചേർന്നു. ആ താഴ്വരയ്ക്കു ചുററും ചെങ്കുത്തായി കുന്നുകൾ ഉയർന്നുനിന്നിരുന്നു. ദൂരെ അങ്ങിങ്ങുള്ള വൃക്ഷങ്ങൾക്കപ്പുറമായി ഒരു വൻപാറയും അതിന്മേൽ അംബരചുംബിയായ ഒരു മഹാസൌധവും കാണപ്പെട്ടു. ശുദ്ധധവളമായ ആ കെട്ടിടത്തിന്റെ താഴിക കനകമയമായിരുന്നു. അതായിരുന്നു പൊട്ടാള അഥവാ മഹാരാജധാനി—ദലായി ലാമയുടെ വസതി, ലാസയിലേയ്ക്കുള്ള പ്രവേശനദ്വാരം!

യങ്ങ് ഹസ്ബൻറും സൈന്യസംഘവും അവിടെ എത്തിയ ഉടനെ ദലായി ലാമ തന്റെ റഷ്യൻ ഉപദേഷ്ടാക്കളോടുകൂടി ഓടിപ്പോയി. യങ്ങ് ഹസ്ബൻറ് ലാമമാരോടു് കൂടിയാലോചനകൾ നടത്തി. അതിർത്തിത്തക്കങ്ങൾ അവസാനിപ്പിച്ചു. 1904-ആഗസ്റ്റിൽ ഇന്ത്യയും തിബത്തും തമ്മിൽ അതിനെ തുടർന്നു് ഒരു കരാറുണ്ടായി. റഷ്യൻ ആധിപത്യമോഹം തിബത്തിൽനിന്നകലുകയും ചെയ്തു.

ലാസയിലെ വർണ്ണപ്പകിട്ടുള്ള ക്ഷേത്രങ്ങളേയും ബുദ്ധപ്രതിമകളേയും വിലപിടിച്ച അലങ്കാരവസ്തുക്കളേയും വെണ്ണ നിറച്ചു കത്തിക്കുന്ന വിളക്കുകളേയും വിചിത്രങ്ങളായ മതവിശ്വാസങ്ങളേയും ജനങ്ങളുടെ പ്രത്യേകജീവിതസമ്പ്രദായങ്ങളേയും മററും പററി ലോകത്തിലെ ഇതരഭാഗങ്ങളിലുള്ളവർ നിർബ്ബാധം അറിവാനിടയായതു് ഇതിനുശേഷമാണു്. ഈ ധീരസാഹസികളുടെ യാത്രയാണു് ഒരു നിരുദ്ധനഗരമെന്ന നിലയിൽ ലാസയേയും അതുവഴിയായി തിബത്തിനേയും ബാഹ്യലോകത്തിൽനിന്നു ഒററപ്പെടുത്താനുള്ള ഉദ്യമം പരാജയപ്പെടുത്തിയതു്. തിബത്തു് ഒരജ്ഞാതഭൂമിയാകാനിടയാകാതെ അതിനു്ചുററുമുള്ള മറ നീക്കിയതിനു് റൈൻസിങ്ങ് മുതൽ യങ്ങ്ഹസ്ബൻറു്വരെയുള്ള വീരാത്മാക്കളോടു് നാം കടപ്പെട്ടിരിക്കുന്നു.

---

കുറിപ്പു്: ഗോമ്പ=ഏകാന്തസ്ഥലം എന്നർത്ഥം. ബുദ്ധസന്യാസികളുടെ ആരാധനാമഠം. ദാബ, ലാമ=ദാബമാർ സാധാരണബുദ്ധസന്യാസികൾ; ലാമമാർ അവരിലും ഉയർന്ന ബുദ്ധസന്യാസികൾ. മണിമന്ത്രാരാധന='ഓം മണിപദ്മേ ഹംഹ്രി' എന്ന മന്ത്രം 'പ്രാർത്ഥനാചക്ര'ത്തിലിട്ടുതിരിക്കുന്ന ആരാധനാസമ്പ്രദായം.

# 4. മസായികൾക്കിടയിൽ

ആ 'ഇരുണ്ട വൻകര'യെപ്പററി അന്നു് ആക്കും തന്നെ വേണ്ടത്ര അറിവുണ്ടായിരുന്നില്ല. അതിഗഹനങ്ങളായ വനങ്ങളും, നീണ്ട നദികളും, ചേതോഹരങ്ങളായ തടാകങ്ങളും, പവ്വതങ്ങളും, അപൂവ്വജീവികളും, വിചിത്രജീവിതം നയിക്കുന്ന മനുഷ്യവഗ്ഗങ്ങളും ഒത്തിണങ്ങിയ ആഫ്രിക്കയിലെ പല ഭാഗങ്ങളും പരിഷ്കൃതലോകത്തിന്നു് അന്നു് അജ്ഞാതങ്ങളായിരുന്നു. 'സാമ്പസി'യും 'കോംഗോ'വും 'നൈജരും' കണ്ടെത്തിയതിന്നു പിന്നിലുള്ള കഥകൾ യക്ഷിലോകത്തിൽ സംഭവിച്ചതുപോലെ അവിശ്വാസ്യങ്ങളായി നമുക്കു തോന്നാൻ മതി. നിരവധി വൈഷമ്യങ്ങളോടു് സ്ഥിരനിശ്ചയത്തോടെ പോരാടിയ ധീരപുരുഷന്മാരാണു് ഈ കഥകളിലെ നായകന്മാർ. ലിവിങ്ങ്സ്റ്റൺ, സ്റ്റാൻലി, മംഗോപാക്കു്, ഡുഷൈല്യൂ, ബട്ടൺ, സ്പെക്കു്, ഗ്രാൻറു് മുതലായി ആഫ്രിക്കയിൽ അന്വേഷണബുദ്ധ്യാ സാഹസികയാത്രക്കൊരുങ്ങിയവരുടെ വീരചരിതങ്ങൾ അനശ്വരകീത്തി ആജ്ജിച്ചവയാണു്. അവരുടെ കൂട്ടത്തിൽ നമ്മുടെ പ്രത്യേകശ്രദ്ധ ആകഷിക്കുന്ന ഒരു ധീരനത്രെ ജോസഫ് തോംസൺ. അദ്ദേഹം ആഫ്രിക്കയിൽ നടത്തിയ അഞ്ചു അന്വേഷണയാത്രകൾ നമ്മുടെ ഭാവനയെ ഉത്തേജിപ്പിക്കുന്ന നാനാനുഭവങ്ങൾ ഉൾക്കൊള്ളുന്നവയാണു്.

ആഫ്രിക്കയിൽ എത്തിച്ചേരുന്ന വിദേശികൾക്കു് അന്വേഷണയാത്രകൾ നടത്തുവാൻ പല വിഷമതകളും ഉണ്ടായിരുന്നു. ആദ്യമായി മാഗ്ഗവൈഷമ്യം തന്നെ. പാതകൾ ഉണ്ടായിരുന്നില്ല. പരന്നുകിടന്ന മരുഭൂമികൾ, ഇട

ത്തുനിന്ന കാനനങ്ങൾ, ചളി കെട്ടി വീർത്ത ചതുപ്പുസ്ഥലങ്ങൾ—ഇവയിൽക്കൂടി തപ്പിയും തടഞ്ഞും പാതയുണ്ടാക്കിവേണം മുന്നോട്ടു പോകുവാൻ. കണ്ടാമൃഗങ്ങൾ, കാട്ടുപോത്തുകൾ, കരടികൾ, കേസരികൾ, കൂററൻ പന്നികൾ ആൾക്കരങ്ങന്മാർ—ഇപ്രകാരമുള്ള വന്യജീവികളുടെ ആപല്ക്കരമായ ആക്രമണം എതിരിടണം. അതിലുമേറെ ഭയങ്കരമായിരുന്നു അവിടെയുള്ള ക്രൂരവർഗ്ഗങ്ങളുടെ പരാക്രമങ്ങൾ. രക്തപ്രിയരും യുദ്ധപ്രിയരും തലവെട്ടുകാരും ഉൾപ്പെട്ട വിവിധവർഗ്ഗക്കാർ അപരിചിതരായിക്കണ്ട ആരേയും കൊല്ലുവാനും കൊള്ള ചെയ്യുവാനും ഒത്തിണങ്ങി ഒരുങ്ങിനിന്നിരുന്നു. അവരുടെ നിധനോദ്യമങ്ങളിൽനിന്നു് രക്ഷപ്പെടുന്നതു് എളുപ്പമായിരുന്നില്ല. കൂടാതെ ഉഗ്രവിഷബീജങ്ങൾ ആവഹിച്ചു് പ്രചരിക്കുന്ന അനേകം പ്രാണികൾ, പകരുന്ന നിദ്രാരോഗം, കടുത്ത പനി, മലീമസവായു—ഇങ്ങനെ മനുഷ്യാരോഗ്യം കരണ്ടുതിന്നുന്ന പരിതഃസ്ഥിതികൾകൂടി ഈ പ്രതിബന്ധങ്ങളോടെല്ലാം മല്ലിട്ടുംകൊണ്ടു് ജീവിതത്തിന്റേയും മരണത്തിന്റേയും ഇടയ്ക്കുള്ള ഒരു നേരിയ ഇഴയിൽക്കൂടിയായിരുന്നു അന്വേഷണയാത്രകൾ നടത്തേണ്ടതു്! എത്രമാത്രം ദൃഢനിശ്ചയവും സാഹസികതയും ധീരതയും ഈ യാത്രകൾക്കുദ്യമിക്കുന്നവർക്കു് ഉണ്ടായിരിക്കണമെന്നു് അതിനാൽ ഊഹിക്കാമല്ലോ!

ജോസഫ് തോംസൺ ആഫ്രിക്കാഭൂഖണ്ഡത്തിൽ ആകെ അഞ്ചു പര്യവേക്ഷണയാത്രകൾ നടത്തി. വടക്കനാഫ്രിക്കയിലെ ആൽപ്സ് പർവ്വതത്തെപ്പററിയും മൊറോക്കോവിനെപ്പററിയും മററുമുള്ള വിവരങ്ങൾ ലഭിക്കാനിടയായതു് ഈ യാത്രകളുടെ ഫലമാണു്. എന്നാൽ

സാൻസിബാർ ദ്വീപിന്നും വിക്ടോറിയാ തടാകത്തിന്നും മദ്ധ്യത്തിൽ പരന്നുകിടന്ന ഭൂഭാഗങ്ങളെപ്പററി അറിയുവാൻ തോംസൺ നടത്തിയ യാത്രയായിരുന്നു ഇവയിൽ ഏററവും സംഭവബഹുലമായതു്. മസായിവർഗ്ഗക്കാർ അധിവസിച്ചുവന്ന ഈ പ്രദേശങ്ങളിൽക്കൂടി യാത്രചെയ്യുന്നതു് അത്യന്തം ആപല്ക്കരമായിരുന്നു. ബലിഷ്ഠകായരായ മസായികൾ കനത്ത കുന്തങ്ങളും വാളുകളും പോത്തിൻതോൽപരിചകളും മററായുധങ്ങളും ധരിച്ചു് ആഫ്രിക്കയിലെ ഈ ഭാഗങ്ങളിൽ അന്യർക്കെല്ലാം ഭയാനകത വളത്തിക്കൊണ്ടു് സഞ്ചരിച്ചുവന്നു. കന്നുകാലികൾക്കു മേച്ചിൽസ്ഥലങ്ങൾ അന്വേഷിച്ചുകൊണ്ടു് അവർ ഓരോ ഭാഗങ്ങളിൽ താല്ക്കാലികമായി കുടിയുറപ്പിച്ചുപോന്നു. അവർ താവളമാക്കിയ സ്ഥാനങ്ങളിൽക്കൂടി കടന്നുപോവാനിടയായ മറെറതൊരാൾക്കും യാതൊരു രക്ഷയുമുണ്ടായിരുന്നില്ല. കയ്യിലുള്ളതെല്ലാം തട്ടിപ്പറിക്കും. അതിന്നുശേഷം ജീവൻ അനുവദിച്ചുകിട്ടുകയാണെങ്കിൽ ഭാഗ്യമായി. രക്തപ്രിയം മുഴുത്ത ഒരു മസായിവീരൻ ഏതെങ്കിലും നിമിഷത്തിൽ ചാടിവീണു പ്രാണനെ അപഹരിച്ചുവെന്നും വരാം. 'മസായി' എന്ന പേർ കേൾക്കുമ്പോൾതന്നെ ഉള്ളിൽ തീവ്രഭയത്തിൻെറ തീജ്വാല അയൽദേശങ്ങളിലുള്ളവർക്കുപോലും അനുഭവപ്പെട്ടിരുന്നു.

അത്രമാത്രം ആപല്ക്കരമായ ഒരു ഭൂഭാഗത്തിൻെറ പര്യവേക്ഷണം നടത്തുവാനാണു് തോംസൺ നിയുക്തനായതു്. അദ്ദേഹത്തിൻെറ യാത്രയ്ക്കുവേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തതു് രാജകീയഭൂമിശാസ്ത്രസമിതിയാണു്. ഉപകാരപ്രദങ്ങളായ പല പര്യവേക്ഷണങ്ങളും ലണ്ടനിലെ ഈ സമിതി സംഘടിപ്പിച്ചിരുന്നു. മൊമ്പാസയ്ക്കും വി

ക്ടോറിയാതടാകത്തിന്നും ഇടയ്ക്കു കിടന്നിരുന്ന ഭാഗങ്ങൾ അജ്ഞാതങ്ങളായിരിക്കാൻ അനുവദിച്ചുകൂടെന്നു് ഈ സമിതി തീരുമാനിച്ചു. കടൽത്തീരത്തുനിന്നു് തടാകംവരെ എത്താൻ ഒരു വഴി കണ്ടുപിടിക്കാനും ഇടയ്ക്കു് കിടന്ന മരുഭൂമികളും വനങ്ങളും നദികളുമെല്ലാം പ്രത്യേകം കണ്ടെത്തി പടത്തിൽ അടയാളപ്പെടുത്തുവാനും തോംസനെ അവർ പ്രത്യേകം ഭാരമേല്പിച്ചു. വലിയ ഒരു തുക പിരിച്ചുണ്ടാക്കി വേണ്ടപ്പെട്ട ഒരുക്കങ്ങളോടെ യാത്ര നടത്താൻ അവർ 1882_ഡിസമ്പറിൽ തോംസനെ നിയോഗിച്ചയച്ചു.

തോംസൺ സാൻസിബാറിലെത്തി തൻെറ യാത്രയ്ക്കുള്ള ഒരനുയാനസംഘം രൂപവല്ക്കരിക്കാൻ പരിശ്രമമായി. അതു് പക്ഷെ അത്ര എളുപ്പമായിരുന്നില്ല. മസായി രാജ്യത്തേക്കാണു് പോകേണ്ടതെന്നു കേട്ടപ്പോൾത്തന്നെ പോകാമെന്നു് അതുവരെ സമ്മതിച്ചവർ പിന്നീടു് കാണാനിടയാകാത്തവിധം ഒളിച്ചു. അതിനാൽ അവിചാരിതമായ കാലദൈർഘ്യം അതിന്നു നേരിട്ടു. വലിയ പ്രലോഭനങ്ങൾ ഉപയോഗപ്പെടുത്തി, വേണ്ടപ്പെട്ട സാമാനങ്ങൾ ചുമക്കുവാൻ 120 ചുമട്ടുകാരെ തോംസൺ പണിപ്പെട്ടു സംഘടിപ്പിച്ചു. തെമ്മാടികളും വഞ്ചകന്മാരും തെണ്ടികളുമായിരുന്നു അവരിൽ അധികം പേരും. പത്തു പടയാളികളും മൂന്നു തലയാളികളുംകൂടി സംഘത്തിലുണ്ടായിരുന്നു. അവർ പക്ഷെ നല്ല വിശ്വസ്തരായിരുന്നു. അങ്ങിനെ 1883_മാർച്ച്മാസത്തിൽ ആ സംഘം യാത്രയാരംഭിച്ചു.

ഒരു സസ്യക്കൊടിപോലും കാണാതെ പരന്നു കിടന്ന മരുഭൂമിയിൽ ആ യാത്രാസംഘം ചെന്നെത്തി. കുടി

ക്കാൻ വെള്ളം കിട്ടിയിരുന്നില്ല. ചിലേടങ്ങളിൽ കണ്ട വെള്ളംതന്നെ കുടിക്കാൻ പററാത്തവിധം മലിനമായിരുന്നു. ആ മരുപ്പരപ്പ് ഒരുവിധം താണ്ടിക്കഴിഞ്ഞു. അവരുടെ മുമ്പിൽ പിന്നീട്ട് കാണപ്പെട്ടത് വനപ്രദേശമായിരുന്നു — വന്മരങ്ങൾ; കെട്ടിപ്പിണഞ്ഞുകിടക്കുന്ന വള്ളികൾ; വള്ളിക്കുടിലുകൾ; പാഞ്ഞുകളിക്കുന്ന അരുവികൾ — അങ്ങിനെ നയനവിമോഹനമായ ഒരു പർവ്വതസാനുപ്രദേശം! കുറേക്കൂടി ചെന്നപ്പോൾ കൃഷിഭൂമികൾ കാണപ്പെട്ടു; സമാധാനജീവിതം നയിക്കുന്ന കൃഷീവലരുടെ കൊച്ചുകുടിലുകൾ ഉൾച്ചേർന്ന ചെറിയ ഗ്രാമങ്ങളും. അവിടെനിന്നും മുന്നോട്ടുപോയ ആ യാത്രാസംഘം മസായിരാജ്യത്തിൻെറ അതിർത്തിയിൽ എത്തിച്ചേർന്നു. മഞ്ഞണിഞ്ഞ ശീർഷത്തോടുകൂടിയ കിളിമാഞ്ചാരോ പർവ്വതശൃംഗം അതിർത്തിയിൽനിന്നു് ഉയർന്നു കാണാമായിരുന്നു.

മസായിരാജ്യത്തിൽ കടക്കാറായപ്പോഴേയ്ക്കും ചുമട്ടുകാർക്കിടയിൽ വല്ലാത്ത അസ്വാസ്ഥ്യം ബാധിച്ചു. അവരിൽ അധികംപേരും സാൻസിബാറിലേയ്ക്കുതന്നെ ഒളിച്ചോടാൻ കരുതി. അത്രമാത്രം ഭീതിയും ആപൽബോധവും മസായികൾ അവരിൽ വളർത്തിയിരുന്നു. ചുമട്ടുകാർ കടന്നുകളയുമെന്നു പ്രതീക്ഷിച്ച തോംസൺ അതിന്നെതിരായി വേണ്ടത്ര മുൻകരുതലുകൾ എടുത്തു. തിരിച്ചുപോകേണ്ട വഴിക്ക് അവരെ തടയാൻ ആയുധധാരികളായ കാവൽക്കാരെ അദ്ദേഹം നിയമിച്ചു. അതിർത്തിദേശങ്ങളിൽ നിരായുധരായി തെണ്ടിത്തിരിയുന്ന ആൾക്കാരെ മസായികൾ നിഷ്ഠുരണം വധിച്ചുകളയുമെന്നു ഭീഷണിപ്പെടുത്തി. ഭയാക്രാന്തരായ അവർ കൂട്ടംപിരിയാതെ തോംസനെ അതിനാൽ അനുസേവിച്ചു. നയോപായങ്ങ

ളാൽ അവരെ അടക്കിനിർത്തി തോംസൺ അവിടെനി
ന്നു മുന്നോട്ടു നീങ്ങി. യാത്ര അത്യന്തം ശ്രമാവഹമായി
രുന്നു. ഉച്ചണ്ഡമായ വെയിൽ; വിഷപ്രാണികളുടെ ആ
ക്രമണങ്ങൾ; ജ്വരബീജങ്ങൾ നിറഞ്ഞ വെള്ളം; അ
സ്വാസ്ഥ്യമുളവാക്കുന്ന അനേകം രാത്രികൾ; അപക്വവും
അപത്ഥ്യവുമായ ഭക്ഷണം—ഇപ്രകാരമുള്ള അസൌകയ്യ
കാരണങ്ങൾ ഇരിക്കട്ടെ, ആ ദേശങ്ങളിൽ പാർത്തുവന്ന
ജനങ്ങൾ വിദേശീയരുടെ നേതൃത്വത്തിൽ പുറപ്പെട്ട യാ
ത്രാസംഘത്തെ സംശയദൃഷ്ടിയോടുകൂടിയാണു് വീക്ഷിച്ച
തു്. തങ്ങളുടെ ഉദ്ദേശശുദ്ധി അവരെ പറഞ്ഞു ബോധി
പ്പിച്ചും പലേടങ്ങളിലും കയ്യിലുള്ള സാമാനങ്ങൾ സമ്മാ
നങ്ങളായി നല്കി സമാധാനിപ്പിച്ചും വിഷമിച്ചുംകൊ
ണ്ടത്രെ ആ സംഘത്തിന്നു മെല്ലെ നീങ്ങുവാൻ സാധിച്ച
ുള്ളു. വസ്ത്രങ്ങൾ, മാലകോർക്കുന്ന കല്ലുമണികൾ മുതലാ
യി ആ രാജ്യത്തിൽ സാധാരണ കിട്ടാത്ത വസ്തുക്കളാ
ണു് തദ്ദേശീയർ ആവശ്യപ്പെട്ടിരുന്നതു്. സംഘത്തി
ൻെറ കൂടെ വഴികാട്ടുവാൻ 'മുഹിന്ന' എന്ന ഒരാളുണ്ടാ
യിരുന്നു. സംഘത്തെ എപ്പോഴും കൂടുതൽ കൂടുതൽ ആ
പൽക്കരങ്ങളായ സ്ഥാനങ്ങളിലേയ്ക്കു നയിക്കുവാനാണു്
അയാൾ പക്ഷെ, മുതിർന്നതു്. വർണ്ണാഞ്ചിതങ്ങളായ മുത്തു
കല്ലുമണികൾ, വസ്ത്രങ്ങൾ, പേനക്കത്തികൾ, വാച്ചുകൾ
മുതലായി പെട്ടികളിൽ കണ്ട കൌതുകവസ്തുക്കളെല്ലാം
'സമ്മാനങ്ങളെന്ന' പേരും ചുമത്തി സംഘത്തിൽനി
ന്നു് അപഹരിച്ചെടുക്കുവാൻ വർഗ്ഗത്തലവന്മാർ ഒട്ടും മടി
കാണിച്ചില്ല. എല്ലാം കവർന്നെടുക്കാൻവേണ്ടി സംഘ
ത്തെ വിട്ടയക്കാൻ വിസമ്മതിച്ചുകൊണ്ടിരുന്ന ഈ തല
വന്മാരുടെ കണ്ണിൽ പൊടിയിട്ടു രക്ഷപ്പെടുവാൻ തോം

നൺ വളരെ സാഹസപ്പെടേണ്ടിവന്നു. പല സന്ദർഭങ്ങളിലും അദ്ദേഹം സംഘത്തോടുകൂടി തിരിഞ്ഞും മറിഞ്ഞും നോക്കാതെ ഓടി രക്ഷപ്രാപിക്കയാണുണ്ടായതു്. വഴിക്കു വെള്ളത്തിനുള്ള ക്ഷാമവും ചതുപ്പുസ്ഥലങ്ങളിൽക്കൂടി പോകാനുള്ള കഴിവുകേടും വലിയ പ്രതിബന്ധങ്ങൾ ഉളവാക്കി. ധീരമനസ്കതയോടെ അവയെല്ലാം തരണം ചെയ്തു തോംസണും സംഘവും അതിർത്തിപ്രദേശങ്ങൾ പിന്നിട്ടു് മസായിരാജ്യത്തിൽ പ്രവേശിച്ചു.

അതൊരു ഗ്രാമമായിരുന്നു. വെള്ളത്തൊലിയുള്ള ആൾക്കാരുടെ നേതൃത്വത്തിൽ ആ യാത്രാസംഘത്തെ കണ്ടപ്പോഴേയ്ക്കും ഗ്രാമത്തിൽ മുഴുവൻ ഉൽക്കണ്ഠയും കൌതുകവും ഉണ്ടായി. കവർച്ചയുടേയും വിദ്രോഹത്തിൻേറയും വിചാരങ്ങൾ അവരുടെ ഉള്ളിൽ അതോടൊപ്പം ഉയരാതിരുന്നില്ല. തോംസനെ മസായികൾ വളഞ്ഞു. ചിലർ പല്ലിളിച്ചുകാട്ടി. മററുചിലർ പിറുപിറുത്തു. ഒരാൾ വലിയൊരു കുന്തം ഉയർത്തി ഭയപ്പെടുത്തി. അതിന്നിടയിൽ ഒരുകൂട്ടം മസായികൾ സംഘത്തിൻെറ കയ്യിലുള്ള സാമാനങ്ങളുടെ നേക്കു നീങ്ങുന്നതായി തോംസൺ കണ്ടു. അവർ കവർന്നുകൊണ്ടു പോകാതിരിപ്പാൻ അദ്ദേഹം ഉടനെ ജാഗരൂകമായ നടപടികളെടുത്തു. രാത്രിയാകുന്നതുവരെ തോംസൺ കാത്തുനിന്നു. അപ്പോഴേയ്ക്കും ഭാഗ്യവശാൽ ഒരു കാററും മഴയും ഉണ്ടായി. അതുതന്നെ നല്ല തക്കമെന്നു കരുതി, മഴ കൊള്ളാതിരിക്കാൻ ഓടിപ്പോയ മസായികളെ മയക്കിക്കൊണ്ടു്, തോംസൺ അനുചാരന്മാരോടുകൂടി ആ ഗ്രാമത്തിൽനിന്നു രാത്രി ഒരു രക്ഷാസ്ഥാനത്തേയ്ക്കു പിന്മടങ്ങി.

വേണ്ടത്ര സജ്ജീകരണങ്ങളില്ലാതെ മസായിമാരോ

ട്ട് ഇടപെടുന്നതുകൊണ്ടു ഫലമില്ലെന്നു തോംസൺ മനസ്സിലാക്കി. അയാഠക്കു് ആ നില അപ്പോഠം അവകാശപ്പെടാൻ കഴിവില്ലായിരുന്നു. അതിനാൽ സാൻസിബാറിലേയ്ക്കു മടങ്ങി വേണ്ടപ്പെട്ട ഒരുക്കങ്ങളോടുകൂടി പുറപ്പെടുവാൻ തോംസൺ തീച്ച്യയാക്കി. അനുചരസംഘത്തേയും സാമാനങ്ങളേയും തലയാളരുടെ മേൽനോട്ടത്തിൽ ഒരു താവളത്തിലാക്കി ചില നല്ല ചുമട്ടുകാരേയും കൂട്ടി അയാഠം യാത്രയായി. വേണ്ടത്ര സാമാനങ്ങഠം കരുതിക്കൊണ്ടു് ജൂലായിമാസത്തിൽ അദ്ദേഹം തിരിച്ചെത്തി. മററൊരു യാത്രാസംഘത്തിൻെറ സാഹായ്യവും തോംസനു് ലഭിച്ചു. ആങ്ങിനെ അവർ മസായിരാജ്യത്തിലേയ്ക്കു് വീണ്ടും പുറപ്പെട്ടു.

അതൊരു ആപല്ക്കരമായ യാത്രയായിരുന്നു. വനപ്രദേശങ്ങളിൽക്കൂടി നമുക്കൊന്നു വിഭാവനം ചെയ്യുക. യാത്രാസംഘങ്ങഠം നീങ്ങുന്നു. പെട്ടെന്നതാ, കണ്ടാമൃഗങ്ങഠം കൂട്ടത്തോടെ അവരെ ആക്രമിക്കുന്നു! അപ്രതീക്ഷിതമായ എന്തൊരു ഘോരാനുഭവം! സാമാനച്ചുമടുകഠം വഹിച്ചുപോയ കഴുതകഠം എങ്ങെന്നില്ലാതെ ഓടിപ്പോയി. യാത്രാസംഘത്തിൽപ്പെട്ട പലരും അടുത്തുകണ്ട മരങ്ങളിൽ പിടിച്ചും ഇഴഞ്ഞും വലിഞ്ഞും കയറി. തോംസനും ചുരുക്കംപേരും മാത്രമായി, ആക്രമിക്കുന്ന മൃഗങ്ങളോടെതിരിടാൻ! ഏതാണ്ടു് എട്ടടി സമീപംവെച്ചു മാത്രമാണു് തോംസൺ അവസാനത്തെ തിരവരെ ഒഴിച്ചു് അവയിൽനിന്നു് രക്ഷ പ്രാപിച്ചതു്!

ഇതുപോലെതന്നെ കാട്ടുപോത്തുകളുടേയും എതിപ്പ് സംഘത്തിനു നേരിടേണ്ടിവന്നു. അതു കൂടുതൽ ഭയങ്കരമായിരുന്നു. ഒരു കാട്ടുപോത്തു് വെടിവെച്ചു് കൊല്ല

പ്പെടുന്നതിന്നുമുമ്പായി കൊമ്പുകൊണ്ടെടുത്തു് ഒരു കഴുത യെ ഉയരത്തെറിഞ്ഞു. അങ്ങിനെ പല ആപത്തുകളേയും അഭിമുഖീകരിച്ചുകൊണ്ടു് സംഘം മുന്നോട്ടുനീങ്ങി ഒരു മരുഭൂമിയിലെത്തി. വഴിക്കു് വരയൻകുതിരകളേയും ഒട്ട കപ്പുലികളേയും മററും കണ്ടു. അവസാനം അവർ മസാ യിരാജ്യത്തിലെത്തിച്ചേൎന്നു.

മസായികൾ ചെന്നു് ആ യാത്രാസംഘത്തെ ചുററും വളഞ്ഞു. സാമാനങ്ങൾ തഞ്ചംനോക്കി അപഹരിക്കാനാ യിരുന്നു അവരുടെ ആലോചന. അതു തടയാൻവേണ്ടി തോംസന്നു് വളരെ കിണഞ്ഞു ശ്രദ്ധിക്കേണ്ടതായി വന്നു. അവർ താവളമടിച്ചതിന്നു ചുററും ആദ്ദേഹം മൂന്നു മുൾ വേലികൾ കെട്ടി സുരക്ഷിതമാക്കി. ഓരോ ദിവസവും യാത്ര അവസാനിപ്പിച്ചാൽ താവളമൊരുക്കി. അങ്ങിനെ മുൾവേലിയും കെട്ടി കാക്കേണ്ടിവന്നു. പകൽസമയത്തു് മസായികളുടെ അവജ്ഞാഭരിതമായ പെരുമാററവും കവ ൎച്ചയ്ക്കുള്ള ഉദ്യമങ്ങളും സംഘത്തെ അസ്വസ്ഥമാക്കി. എ ന്നാൽ രാത്രികാലങ്ങളിൽ അവരുടെ ഉപദ്രവം ഉണ്ടായി രുന്നില്ല. അതിന്നുപകരം സിംഹങ്ങളുടെ ഭീമഗൎജ്ജന മാണു് അവരെ ഭയപ്പെടുത്തിയതു്. രാവും പകലും സ്വ സ്ഥതയും ക്ഷമയുമററു് ആ യാത്രാസംഘത്തിന്നു് നാര കീയാനുഭവങ്ങൾ അങ്ങിനെ നേരിടേണ്ടിവന്നു. മസായി കളുമായി ഒരു തുറന്ന ഏററുമുട്ടലുണ്ടാകുമോ എന്നു ഭയ പ്പെടുമാറുള്ള പല സന്ദൎഭങ്ങളുമുണ്ടായിരുന്നു. പക്ഷെ ഭാഗ്യവശാൽ അനിഷ്ടസംഭവങ്ങളുണ്ടായില്ല. മസായി വൎഗ്ഗക്കാരുടെ അധിവാസപ്രദേശം കടന്നു് അവർ 'വാ, കിക്കയു' എന്ന മറെറാരു വൎഗ്ഗത്തിൻെറ വാസസ്ഥാന ത്തിൽ എത്തിച്ചേൎന്നു. അതോടെ ഗുരുതരമായ വൈഷ

മൃവും ആരംഭിച്ചു. ആദ്യത്തെ രാത്രിതന്നെ 'കിക്കയു' വർഗ്ഗക്കാരുമായി ഒരു സംഘട്ടനമുണ്ടായി. വെടി മുഴങ്ങി. യാത്രാസംഘത്തിൽപ്പെട്ട രണ്ടുപേരും എതിരാളികളിൽ പലരും സംഘട്ടനത്തിൽ മരണം പ്രാപിച്ചു. കൂടുതൽ ജീവനാശത്തിന്നിടയാക്കാതെ തോംസൺ നയചാതുരിയാൽ ശത്രുക്കളെ സമാധാനപ്പെടുത്തി. പിറേറന്നു പകൽ അവർ മുന്നോട്ടുനീങ്ങി.

ആപത്തുകളെ തുടച്ചയായി അഭിമുഖീകരിച്ചുകൊണ്ടുള്ള തൻെറ യാത്രയുടെ ആരംഭംമുതൽ താൻ കടന്നുപോന്ന സ്ഥലങ്ങളുടെ പടം കൃത്യമായി വരയ്ക്കുവാനും മററു പ്രത്യേകതകൾ നിരീക്ഷിച്ച് രേഖപ്പെടുത്തുവാനും തോംസൺ ഒരിക്കൽപോലും ഉപേക്ഷ കാണിച്ചിരുന്നില്ല. അതുവരെ അജ്ഞാതങ്ങളായിക്കിടന്ന ആ പ്രദേശങ്ങളെപ്പററി അദ്ദേഹത്തിൻെറ പടങ്ങളിലും കുറിപ്പുകളിലും അന്യൂക്ലപയോഗപ്പെടുന്ന അറിവിന്നങ്ങൾ അങ്ങിനെ വളന്നുവന്നു.

അന്നു രാത്രി താവളമുറപ്പിച്ചതിൽപിന്നെ സുഖമായുറങ്ങാമെന്നു് അവർ കരുതിയിരുന്നു. കിക്കയുകളിൽനിന്നു് ആക്രമണം പ്രതീക്ഷിച്ചിരുന്നില്ല. പക്ഷെ ആകസ്മികമായ മറെറാരാക്രമണമാണു് അവക്കു് നേരിടേണ്ടിവന്നതു്. സിംഹങ്ങൾ അവരെ എതിത്തു. ചുമട്ടു കഴുതകളിൽ പലതിനേയും കൊന്നു. ശേഷിച്ചവ പ്രാണനുംകൊണ്ടു് ഓട്ടംതുടങ്ങി. കറവപ്പശുക്കൾ 'ഹമ്മ' വിളിച്ചു വാലുയത്തി കാട്ടിൽ ചാടി. ചുമട്ടുകാരിൽ ചിലർ ഓടിച്ചെന്നു മുമ്പിൽ കണ്ട മരങ്ങളിൽ അണ്ണാന്മാരെപ്പോലെ കയറി ശ്വാസംപോലുമില്ലാത്തവിധം വിറകൊണ്ടിരുന്നു. നിനയ്ക്കാത്ത ആ ആപത്തിൽ സവ്വത്ര ബഹളമയമായി.

ഭയംകൊണ്ടു് ചകിതരായ സംഘാംഗങ്ങൾക്കു് അല്പം സമാശ്വാസമുണ്ടായതു് നേരം പുലർന്നപ്പോൾ മാത്രമായിരുന്നു. ബഹളത്തിൽ ചിന്നിച്ചിതറിയ മൃഗങ്ങളേയും സാമാനങ്ങളേയും വീണ്ടും താവളത്തിലുറപ്പിക്കുവാൻ മൂന്നു ദിവസങ്ങളോളം വേണ്ടിവന്നു!

ലക്ഷ്യം പ്രാപിക്കാനുള്ള ദൃഢനിശ്ചയത്തിൽനിന്നു് ഇത്തരം ആപത്തുകൾ തോംസനെ പിന്മടക്കിയില്ല. 'നൈവാഷ' എന്ന രമണീയമായ ചെറുതടാകത്തിൻെറ തീരപ്രദേശങ്ങളിൽ അവർ ചെന്നെത്തി. നീലനിർമ്മലജലം നിറഞ്ഞുനിന്ന ഈ തടാകത്തിനു് ചുററുമുള്ള സ്ഥലങ്ങൾ ഉഷ്ണജലധാരകളോടുകൂടി ഒരഗ്നിപർവ്വതപ്രദേശത്തിൻെറ പ്രതീതി ഉളവാക്കിയിരുന്നു. മസായികളാണു് ഈ പ്രദേശങ്ങളിൽ നിവസിച്ചിരുന്നതു്. 'കെനിയാ'പർവ്വതത്തിൻെറ ഈ സാനുസ്ഥലം കന്നുകാലികൾ ധാരാളമുള്ള ഒരു കേന്ദ്രമായിരുന്നു. തോംസനും യാത്രാസംഘവും അവിടെ എത്തിയ കാലത്തു്, കഷ്ടവശാലെന്നു പറയട്ടെ കാലികളുടെ ഇടയിൽ കഠിനമായ ഒരു നടപ്പുദീനം ബാധിച്ചു. കൂട്ടംകൂട്ടമായി കാലികൾ ചത്തുവീണു. ശവഗന്ധം അന്തരീക്ഷത്തെക്കൂടി മലിനമാക്കി. തോംസനും സംഘവും അവിടെനിന്നു താമസിയാതെ കടന്നുകളഞ്ഞിരുന്നില്ലെങ്കിൽ മലിനതരമായ ഒരു മരണരംഗത്തിൽ അവർ അടിഞ്ഞുകൂടിയേനെ. അവിടെനിന്നു് തക്ക സമയത്തു് അവർ രക്ഷപ്പെട്ടു യാത്രതുടർന്നു. ആ സംഘം 'ബാരിങ്കോ' തടാകത്തിന്നടുത്തെത്തി. അവിടെനിന്നു് ലക്ഷ്യസ്ഥാനമായ വിക്ടോറിയാ തടാകത്തിലേയ്ക്കു് ദുർഗ്ഗമവും ആപൽപൂർണ്ണവുമായ ഒരു മരുഭൂമിയിൽക്കൂടി പോകാനുണ്ടായിരുന്നു. അനേകം ജനങ്ങൾ മരണപ്പെടേണ്ടിവന്ന ഒരു മാർഗ്ഗമാ

യിരുന്നു അതു്. തോംസന്റെ യാത്രാസംഘത്തിന്നു് വഴി കാട്ടിയ 'മുഹിന്ന' പോലും ഇവിടെനിന്നു് പിന്മടങ്ങാൻ അനുവാദത്തിന്നപേക്ഷിച്ചു. തോംസൺ ആ മാർഗ്ഗദർശി യെ കൂടാതെതന്നെ ധീരതയോടെ യാത്രതുടരാൻ തീരു മാനിക്കയാണുണ്ടായതു്.

അവർ ഉന്മേഷത്തോടെ പുരോഗമിച്ചു. മണലാര ണ്യം കടന്നു. അവസാനം വിക്ടോറിയാ തടാകത്തിന്റെ നീലജലം അവരുടെ അളവററ സന്തോഷത്തിന്റെ പ്ര തിഛായയെന്നപോലെ മുമ്പിൽ കാണപ്പെട്ടു.

തോംസന്റെ യാത്രോദ്ദേശ്യം അങ്ങിനെ സഫല മായി!

തോംസൻ മറെറാരു വഴിക്കാണു് മടങ്ങിയതു്. അ യാൾക്കു് പനി പിടിച്ചു; ഒരു കാളയുടെ കുത്തേററു ശരീരം പലേടങ്ങളിലും ചതഞ്ഞു. മരണത്തിന്റെ വക്കത്തു് വഴുതിയെത്തിയ അയാളെ ഒരു ഡോളയിൽ കയററി വേ ണ്ടപ്പെട്ട ശുശ്രൂഷയോ ചികിത്സയോ കൂടാതെ വഹിച്ചു കൊണ്ടു പോകേണ്ടിവന്നു. നിശ്ചയദാർഢ്യം ഒന്നു മാത്ര മാണു് അയാളുടെ ജീവൻ നിലനിൎത്തുവാൻ അന്നു സഹാ യമായതു്. ഈ കാലം അദ്ദേഹത്തിന്റെ യാത്രയിൽ വൈഷമ്യങ്ങൾ നിറഞ്ഞതായിരുന്നു. അവശനായി വ ഹിച്ചുകൊണ്ടു പോകപ്പെട്ടുന്നതിന്നിടയ്ക്കു തോംസന്നു് അ തിസാരരോഗവും ബാധിച്ചു. കുന്നിന്മേൽ കുരുപോലെ അ തുകൊണ്ടുള്ള ശല്യം അനുഭവപ്പെട്ടു. നൈവാഷതടാക ത്തിന്നടുത്തെത്തിയപ്പോൾ മുന്നോട്ടു നീങ്ങാൻപോലും സാദ്ധ്യമാകാതെ തോംസൺ കേവലം അവശനായി. മരണവും ജീവിതവും തമ്മിലുള്ള ഒരു മത്സരത്തിന്നു സാ

ക്ഷ്യം വഹിച്ചുകൊണ്ടു് അദ്ദേഹം അവിടെ രണ്ടു മാസത്തോളം കഴിച്ചുകൂട്ടി. പുറത്തുള്ള കഠിനമായ തണുപ്പിൽനിന്നു രക്ഷപ്പെടുവാൻ ഒരു പുല്ലുകുടിലുള്ളിൽ ചുളുങ്ങിയിരുന്നു തോംസൺ ദിവസങ്ങൾ എണ്ണിക്കഴിച്ചു. കുടിലിൽ തീയും വെളിച്ചവും കൂടി ഉണ്ടായിരുന്നില്ല. ഏതായാലും ആ വന്യപ്രദേശത്തുവെച്ചു മരിക്കാൻ അദ്ദേഹം ഒരുങ്ങിയില്ല. അവിടെനിന്നു നീങ്ങുന്നതിന്നു് അദ്ദേഹം ധൈര്യം ഒരുക്കൂട്ടി ഒരു തീരുമാനമെടുത്തു. അതു ശുഭാവഹമായിരുന്നു. ക്രമത്തിൽ അദ്ദേഹത്തിന്റെ രോഗം ഭേദപ്പെട്ടുതുടങ്ങി. യാത്രാസംഘത്തോടുകൂടി ആ ധീരമനസ്കൻ മൊമ്പാസയിൽ സുരക്ഷിതമായി എത്തിച്ചേരുകയും ചെയ്തു.

ആഫ്രിക്കയുടെ മേൽ ആധിപത്യം സ്ഥാപിച്ച സാമ്രാജ്യത്വശക്തികളുടെ ദുഷ്പ്രാഭവങ്ങളിൽ ആ പ്രദേശങ്ങളിലേയ്ക്കു് ആദ്യയാത്ര നടത്തിയ തോംസനെപ്പോലുള്ളവർ വിസ്മരിക്കപ്പെട്ടേക്കാൻ മതി. എങ്കിലും ആ യാത്രകളിലെ ധീരസാഹസികതയും അസാമാന്യമായ വിഷമതകളെ എതിരിടാനുള്ള സഹിഷ്ണുതയും എന്നും ആദരിക്കപ്പെടാതിരിക്കയില്ല. ബലപ്രയോഗത്തിന്നോ ഹിംസക്കോ മുതിരാതെ നയചാതുരിയാൽ യാത്രാലക്ഷ്യത്തിൽ വിജയപൂർവ്വം എത്തിച്ചേർന്ന തോംസൺ അതിൽ പ്രത്യേകമായും അഭിനന്ദനം അർഹിക്കുന്നു.

# 5. മാനസസരസ്സിൽ

ഹിമാലയത്തിലെ തീൎത്ഥയാത്രാസ്ഥാനങ്ങളിൽ കൈലാസവും മാനസസരോവരവും പോലെ മററൊന്നും അത്രമാത്രം പരിപാവനമായി കരുതപ്പെട്ടുന്നില്ല. എത്ര അസ്വസ്ഥമായ ഹൃദയത്തിലും ശാന്തിയുടെ ദിവ്യാമൃതം തളിച്ചു സമാധാനവും സുഖവും വളൎത്തുവാൻ ഈ തീൎത്ഥ സ്ഥലങ്ങൾക്കു കഴിവുണ്ടു്. കൈലാസവും മാനസസരസ്സും സന്ദൎശിച്ച അനേകം യോഗികളും ജിജ്ഞാസുക്കളും സാധാരണ യാത്രക്കാരും രേഖപ്പെടുത്തിയ അനുഭവങ്ങളിൽനിന്നു് ഈ വാസ്തവം വ്യക്തമായി നമുക്കു മനസ്സിലാക്കാം. അവിടെയുള്ള അന്തരീക്ഷത്തിൽ അഭൌമമായ ഏതോ ചൈതന്യവിശേഷം നിറഞ്ഞുനിൽപ്പുണ്ടെന്നും അതിൻെറ സ്പന്ദനങ്ങൾ ഹൃദയത്തിൽ ഒരപൂൎവ്വമഹിമ അനുഭവപ്പെടുത്തുന്നുവെന്നും എല്ലാവരും പറയുന്നു. സ്വൻഹെഡിൻ മുതലായ വിദേശീയയാത്രക്കാർകൂടി കൈലാസവും മാനസവും കണ്ടപ്പോൾ അത്ഭുതാധീനരും അസാധാരണമായ ഒരു മാഹാത്മ്യത്തിൻെറ അധിപ്രസരത്തിന്നു വിധേയമായിത്തീൎന്നുവെന്നു പ്രസ്താവിച്ചിരിക്കുന്നു. ഹിന്തുക്കൾക്കും ബൌദ്ധന്മാൎക്കും ജൈനൎക്കും ഒരുപോലെ ആരാദ്ധ്യമാണു് കൈലാസഗിരി. ഹിന്തുക്കൾക്കു് ഈ പൎവ്വതം പരമേശ്വരൻെറയും പാൎവ്വതിയുടെയും ആവാസസ്ഥാനമാകുന്നു. പ്രകൃതിപുരുഷന്മാരുടെ പ്രതീകങ്ങളായ 'ദോർജെഫാങ്ങ്മോ'വും 'ദെമഛോഗ്ഗം' (വജ്രവരാഹിയും ധൎമ്മപാലനും) ശ്രീ ബുദ്ധനും അഞ്ഞൂറു ബോധിസത്വന്മാരും കൈലാസത്തിൽ നിവസിക്കുന്നതായി ബുദ്ധമതക്കാർ വിശ്വസിക്കുന്നു. ജൈനർ കൈ

ലാസത്തെ 'അഷ്ടപാദ'മെന്നു വിളിക്കുന്നു. ജൈനമതത്തിലെ ആദ്യത്തെ തീർത്ഥങ്കരനായ ആദിനാഥവൃഷഭദേവൻ ഇവിടെവെച്ചു നിർവ്വാണം പ്രാപിച്ചതിനാൽ അവർ കൈലാസത്തെ അത്യന്തപാവനമായി കരുതിവരുന്നു. ഹിമം മൂടി നിതാന്തനിർമ്മലമായി വിളങ്ങുന്ന കൈലാസശിഖരം പ്രകൃതിയുടെ നിരവദ്യസൌന്ദർയ്യത്തിന്നു നിദർശനമാണു്. ആ അവർണ്ണ്യരാമണീയകം ആക്കും ആകർഷകവും അത്ഭുതജനകവുമായി അനുഭവപ്പെടാതിരിക്കയില്ല. കൈലാസശിഖരം സമുദ്രവിതാനത്തിൽനിന്നു് ഇരുപത്തിരണ്ടായിരത്തിരുപത്തെട്ടടി ഉയരെ പരിലസിക്കുന്നു.

ചരിത്രം എഴുതപ്പെടുന്നതിന്നുമുമ്പുതന്നെ പരമപവിത്രവും വിശ്വവിഖ്യാതവുമായിത്തീൎന്ന ഒരു തീർത്ഥമാണു് മാനസസരോവരം. ഭൂമിശാസ്ത്രത്തിന്നു പരിചയപ്പെട്ട ആദ്യത്തെ സരസ്സാണിതെന്നു ശാസ്ത്രജ്ഞന്മാർ രേഖപ്പെടുത്തിക്കാണുന്നു. * 14950 അടി ഉയരെ തിബത്തർമേടയിൽ 54 നാഴിക ചുററളവിലും ഇരുനൂറു് ചതുരശ്രനാഴിക വിസ്തൃതിയിലും മനോഹാരിതയുടെ മൂർത്തീകരണമായ ഈ സരസ്സ് പരന്നുകിടക്കുന്നു. ഈ പൌരാണികതടാകം കണ്ടു് അത്ഭുതപരതന്ത്രനായിത്തീൎന്ന സ്വെൻഹെഡിൻെറ വർണ്ണനയിൽ ഒരു ഭാഗം ഇവിടെ പകർത്താം. മാനസസരോവരം ശാന്തിയുടേയും പരിശുദ്ധിയുടേയും നികേതനമാണു്. അതിൻെറ കാഴ്ച വി

---

* എസ്. ജി. ബാറാർഡ, എച്ച്. എച്ച്. ഹെയ്ഡൻ എന്നിവർ എഴുതിയ "A sketch of Geography and Geology of the Himalaya Mountains and Tibet" എന്ന പുസ്തകത്തിൽ.

വരിക്കവാൻ ലോകത്തിലെ ഒരു ഭാഷയിലും വേണ്ടത്ര ശക്തിയുള്ള വാക്കുകളില്ല............വണ്ണിക്ക വയ്യാത്ത വിധം എല്ലാം അത്രയ്ക്കും ശാന്തവും ലോലവും, സ്വച്ഛവും പരിവത്തനാത്മകവും സൂക്ഷ്മവും കോമളപ്രകൃതവുമായിത്തോന്നുകയാൽ ഇവിടെ ശ്വസിക്കാൻപോലും എനിക്ക് ധൈര്യം വരുന്നില്ല. ഒരു പള്ളിപ്രാത്ഥനയോ വിവാഹഘോഷയാത്രയോ വിജയഗീതമോ ശവസംസ്കാരമോ ഇതിന്മുമ്പു് ഇത്രയും ശക്തിമത്തായ ഒരു പ്രതികരണം എന്നിൽ ഉളവാക്കീട്ടില്ല........അത്ഭുതകരവും ആകഷകവും സമ്മോഹനവുമായ സരഃസ്സ! കഥകളുടെയും ഐതിഹ്യങ്ങളുടെയും വിളനിലമേ! കൊടുങ്കാററുകളുടെയും നിറമാററങ്ങളുടെയും കളിയരങ്ങേ! ദേവന്മാരുടെയും മനുഷ്യന്മാരുടെയും കണ്മണി! നിന്നിൽ വന്നെത്തുവാൻ ആഗ്രഹിക്കുന്ന പരിശ്രാന്തരായ തീത്ഥയാത്രക്കാരുടെ പുണ്യലക്ഷ്യമേ! മാനസസരോവരമേ! ഭൂതി തീത്ഥസരസ്സുകളിൽവെച്ചു് ഏററവും പരിശുദ്ധയും തടാകങ്ങളിൽവെച്ചു് ഏററവും മഹത്വമുള്ളവളുമാണു്.....ലോകത്തിലെ എല്ലാ സരസ്സുകളും ചൂടുന്ന മുക്താമണിയാണു് മാനസസരോവരം. വേദഗ്രന്ഥങ്ങഠം നിമ്മിക്കപ്പെട്ട കാലത്തെ പൌരാണികത അതിന്നുണ്ടു്........അഹോ! അതെന്തൊരത്ഭുത സരസ്സാണു്! അതിനെ വണ്ണിക്കാൻ എനിക്കു് വാക്കുകളില്ല. മരിക്കുന്നതുവരെ അതിനെ ഓരിക്കലെങ്കിലും ഞാൻ മറക്കുകയില്ല. അതു് ഇപ്പോഴും എന്റെ മനസ്സിൽ ഒരു കഥയായും കവിതയായും ദിവ്യഗാനമായും അവശേഷിക്കുന്നു." അഴകിന്റെയും വിശുദ്ധിയുടേയും വിഹാരരംഗമായ ഈ സരസ്സ് തീത്ഥാടകന്മാർ ചെന്നെത്താനാഗ്രഹിക്കുന്ന ഒരു പുണ്യസങ്കേത

8

മായിത്തീന്നതിൽ അതിശയമില്ല. നിരവധി ക്ലേശങ്ങൾ സഹിച്ചുമാത്രമേ കൈലാസത്തിലും മാനസത്തിലും എത്തി വലംവെയ്ക്കുവാൻ ആരാധകന്മാക്ക സാദ്ധ്യമാകാറുള്ളു. എന്നാൽ എത്രതന്നെ ക്ലേശങ്ങൾ വിലയായികൊടുത്താലും ഒട്ടും ഏറിപ്പോയില്ലെന്നു തോന്നത്തക്കവിധം വിസ്മയനീയമായ ശാന്തിയും സമാധാനവും പ്രകൃതിമനോഹാരിതയുമാണു് അവിടങ്ങളിൽ എത്തിച്ചേരുന്നവക്കു് ലഭിക്കുന്നതു്.

മാനസസരോവരത്തിന്നു് വടക്കുവശത്തായി കൈലാസപവ്വതവും, തെക്കു മാന്ധാതൃപവ്വതവും, പടിഞ്ഞാറു് രാക്ഷസസരോവരവും, കിഴക്കു് ചില ഗിരിപംക്തികളും കിടക്കുന്നു. കൈലാസശിഖരവും മാന്ധാതൃഗിരിയും സരസ്സിൽ നിഴലിച്ചുകാണുന്നതു് നിസ്തുലശോഭനമാണു്. നാനാവണ്ണങ്ങളിണങ്ങിയ മേഘങ്ങൾ ഈ പവ്വതങ്ങൾക്കു മേലെ നീങ്ങുന്നതു് നയനാസേചനകങ്ങളായി സരസ്സിൽ പ്രതിബിംബിക്കും. സൂൎയ്യോദയത്തിലും അസ്തമനത്തിലും ചന്ദ്രികാഞ്ചിതങ്ങളായ രാവുകളിലും സരസ്സിൻെറ ഭംഗി അനുമപമാണു്. സരസ്സിൽ കണ്ണുമടച്ചു ഒഴുകി സുഖം അനുഭവിക്കുന്ന മരാളങ്ങൾ മനോഹരമായ മറെറാരു കാഴ്ചയാകുന്നു.

മാനസത്തെയും അതിൻെറ പടിഞ്ഞാറുവശത്തു കിടക്കുന്ന രാക്ഷസസരസ്സിനേയും പററി പല തെററായ ധാരണകളും പ്രചരിച്ചിരുന്നു. സെ ൻഹെഡിൻെറ വിവരണങ്ങളാണു് ഭൂമിശാസ്ത്രജ്ഞന്മാർ പ്രാമാണികങ്ങളായി കരുതിവന്നിരുന്നതു്. എന്നാൽ അവയിൽ പലതും ശരിയായിരുന്നില്ല. ഈ സരോവരങ്ങളിൽ മഞ്ഞുറച്ചപ്പോഴും മഞ്ഞുരുകിയപ്പോഴും പല അവസരങ്ങളിലായി നട

ത്തിയ സാഹസികയാത്രകളുടേയും നിഷ്കൃഷ്ടാന്വേഷണങ്ങളുടേയും ഫലമായി സ്വാമി പ്രണവാനന്ദജി നല്കിയ സമ്പൂർണ്ണവിവരങ്ങളിൽനിന്നാണു് ഇവയെപ്പററി ശരിക്കുള്ള അറിവു് ശാസ്ത്രീയമായി നമുക്കു ലഭിപ്പാനിടയായതു്. കൈലാസത്തിലും മാനസഖണ്ഡത്തിലും എത്രയോ പ്രാവശ്യം യാത്രചെയ്ത ഒരു ധീരമനസ്കനാണു് പ്രണവാനന്ദജി. കനകദണ്ഡിവെങ്കിടസോമയാജുലു എന്നായിരുന്നു സ്വാമിജിയുടെ ആദ്യത്തെ ഗൃഹസ്ഥനാമം. ആന്ധ്രദേശത്തിലെ കിഴക്കൻ ഗോദാവരി ജില്ലയിൽ 1896-ൽ ആണു് അദ്ദേഹം ജനിച്ചതു്. 1919-ൽ ലാഹോറിലെ ഡി. എ. വി. കോളേജിൽ പഠിച്ചു ബിരുദം നേടി. അതിൽപിന്നെ ഉദ്യോഗം വഹിച്ചുവെങ്കിലും നിസ്സഹകരണകാലത്തു് ഉദ്യോഗം രാജിവെച്ചു് ഒരു കോൺഗ്രസ്സ് പ്രവർത്തകനായി. ആന്തരപ്രേരണയുടെ ഫലമായി സോമയാജുലു ഹിമാലയപ്രദേശങ്ങൾ സന്ദർശിക്കുകയും അവിടെവെച്ചു ശ്രീനാരായണാശ്രമത്തിലെ സ്വാമി ജ്ഞാനാനന്ദജിയുടെ ശിഷ്യനായി സന്യാസം സ്വീകരിക്കുകയും ചെയ്തു. അദ്ധ്യാത്മസാധനങ്ങൾക്കുവേണ്ടി ഹിമവൽപ്രദേശങ്ങളിൽ സഞ്ചരിച്ച കാലത്തു് അവിടങ്ങളിൽനിന്നു ശാസ്ത്രീയവിവരങ്ങൾ കഴിവുള്ളത്ര ശേഖരിക്കുവാൻകൂടി പ്രണവാനന്ദജി പരിശ്രമിച്ചിരുന്നു. ഭൂമിശാസ്ത്രം, ഭൂഗർഭഗവേഷണം, ചരിത്രം, ഭൌതികശാസ്ത്രം, സസ്യശാസ്ത്രം, മൃഗശാസ്ത്രം, എന്നീ ശാസ്ത്രശാഖകളിൽ ഹിമാലയപ്രദേശങ്ങളെ സംബന്ധിച്ച ഈ പരിശ്രമത്താൽ സ്വാമികൾ അമൂല്യസംഭാവനകൾ നല്കീട്ടുണ്ടു്.

1936-37-ൽ ഒരു സമ്പൂർണ്ണവർഷവും 1943--നെത്തുടർന്നു് ഒരു കൊല്ലം നാലുമാസവും മാനസസരസ്സി

ൻെറ ദക്ഷിണതീരത്തുള്ള 'തുഗൊഹോ ബുദ്ധസന്യാസിമഠ'ത്തിൽ നിവസിച്ചു സ്വാമിജി നടത്തിയ ഗവേഷണനിരീക്ഷണങ്ങളുടെ ഫലമായാണു് നമുക്കു് മാനസത്തേയും രാക്ഷസത്തേയും പററി തികച്ചും അറിവുനേടുവാൻ ഇടയായതു്. 1936-ൽ മാനസസരസ്സിലെ ജലം ഉറച്ചു കട്ടിയായപ്പോഠം വമ്പിച്ച ആപത്തുകഠംകൂടി കണക്കാക്കാതെ സ്വാമിജി അതിൽ യാത്രചെയ്തു് എല്ലാ സ്ഥിതിവിശേഷങ്ങളും നേരിട്ടു നോക്കി രേഖപ്പെടുത്തുകയുണ്ടായി.

അതൊരു സാഹസികോദ്യമമായിരുന്നു. വെള്ളം ഘനീഭവിക്കുവാൻ മതിയായതിലും താഴെയുള്ള താപസ്ഥിതിയാണു് എത്രയോ മാസങ്ങളിൽ തുടച്ചയായുണ്ടായിരുന്നതു്. നവമ്പർ മുതൽ കഠിനമായ കൊടുങ്കാററു് വീശിത്തുടങ്ങി. കൊടുങ്കാററുനിമിത്തം മാനസസരസ്സിൽ വൻതിരകഠം ഉയൎന്നു. ഇടിമുഴക്കംപോലുള്ള ശബ്ദങ്ങഠം കേഠക്കാമായിരുന്നു. ഡിസമ്പർ മദ്ധ്യത്തോടുകൂടി സരസ്സിൻെറ വക്കത്തുള്ള വെള്ളം ഹിമമായിത്തീൎന്നു. ഡിസമ്പർ 28-ാംനു- സരസ്സാകെ ഘനീഭവിച്ചു. എങ്ങും ഒരു ശബ്ദംപോലും കേഠപ്പാനുണ്ടായിരുന്നില്ല. ആ കാഴ്ച ആദ്യമായി കണ്ടപ്പോഠം സ്വാമിജിക്കു് കുറേ നിമിഷങ്ങളോളം എല്ലാ ശാരീരികബോധങ്ങളും നഷ്ടപ്പെട്ടു. അത്രയ്ക്കും ഹൃദയാവൎജ്ജകവും അവൎണ്ണ്യവും അനന്യസാധാരണവുമായിരുന്നു അതു്. ഡിസമ്പർ 30-ാംനു- മൂന്നു ദിവസംകൊണ്ടു സരസ്സുമുഴുവൻ പാലൊളിയുള്ള ഹിമപ്പരപ്പായി മാറി. ഒരു മണിക്കൂറിനുള്ളിൽ സരസ്സാകെ ഘനീഭവിക്കുമെന്ന സ്വെൻഹെഡിൻെറ 'ട്രാൻസ് ഹിമാലയ' (Trans-Himalaya) എന്ന തൻെറ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരുന്നു. അതു ശരിയല്ലെന്നു സ്വാമിജി നേരിട്ടു് കണ്ടറിഞ്ഞു.

ജനുവരി 1-ാംനു മുതൽ സരസ്സിലെങ്ങും ഇടയ്ക്കിടെ അസ്വാസ്ഥ്യജനകങ്ങളായ ചില ശബ്ദങ്ങൾ കേട്ടുതുടങ്ങി. ഹേമന്തത്തിലെ ശൈത്യം തീവ്രതരമായിത്തീന്നതോടുകൂടി ഈ ശബ്ദങ്ങൾ ചുരുങ്ങിച്ചുരുങ്ങിവന്നു. മേലെ ഹിമത്തിന്നു കട്ടികൂടി വരുന്തോറും സരസ്സിലെ ജലവിതാനം താണു. അപ്പോൾ മറെറാരു വിശേഷമുണ്ടായി. കനംകൊണ്ടു ഞെരുങ്ങിയ ഹിമക്കട്ടകൾ തന്നിയെ പൊട്ടിപ്പിളന്നു വമ്പിച്ച വിടവുകളുണ്ടായി. ഈ വിടവുകളിൽക്കൂടി പ്രവഹിച്ച ജലം ഉത്തരക്ഷണത്തിൽതന്നെ കട്ടപിടിക്കുകയും ചെയ്തു. പിന്നേയും വിള്ളലുകളുണ്ടായി. ഹിമക്കട്ടകൾ ചിലേടങ്ങളിൽ ഇളകിയും ചിലേടങ്ങളിൽ കുന്നുകൂടിയും കിടന്നിരുന്നു. ഇവയിൽക്കൂടി യാത്രചെയ്യുന്നതു് അത്യന്തം ആപല്ക്കരമായതിനാൽ ആരും അതിന്നൊരുമ്പെടാറില്ല. ഗവേഷണകുതുകിയായ സ്വാമിജി ആപത്സാദ്ധ്യതയെ അവഗണിച്ചുപോലും സരസ്സിൽക്കൂടി യാത്രചെയ്തു് പയ്യവേക്ഷണങ്ങൾ പൂത്തിയാക്കാൻ തീരുമാനിച്ചു. സന്യാസിമഠത്തിലെ ഭിക്ഷുക്കളെല്ലാം ആ സാഹസത്തിൽനിന്നു് പിന്മടങ്ങുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുകയാണുണ്ടായതു്. എങ്കിലും സ്വാമിജി ധൈയ്യപൂവ്വം യാത്രയ്ക്കു് സന്നദ്ധനായി. വഴിക്കുവെച്ചു് ഇളകിനിന്ന വലിയൊരു ഹിമപിടവിൽ അദ്ദേഹത്തിന്റെ ജീവൻ നഷ്ടപ്പെട്ടുപോകുമായിരുന്നു. ഇളകിനിന്ന ഹിമക്കട്ടകൾ അഞ്ചടി ഉയരത്തിൽ പൊങ്ങിക്കണ്ടു. വളരെ സൂക്ഷ്മതയോടും വിഷമതയോടുംകൂടിയാണു് സ്വാമിജി അവ കടന്നുപോയതു്. ഇത്തരത്തിലുള്ള വിടവുകൾ ആ യാത്രയിൽ അദ്ദേഹത്തിന്നു് പിന്നീടും കടക്കാനുണ്ടായിരുന്നു.

എങ്കിലും സ്വാമിജി സുരക്ഷിതനായിത്തന്നെ നിരീക്ഷണങ്ങൾക്കു ശേഷം പിന്മടങ്ങി.

ഈ യാത്രയിൽ മാനസസരസ്സിലെ ജലം ഉറച്ചു ഹിമമായിത്തീരുന്നതിനെത്തുടർന്നുണ്ടാകുന്ന നാനാപരിണാമഭേദങ്ങളും സൂക്ഷ്മമായി നിരീക്ഷിച്ചു രേഖപ്പെടുത്തുവാൻ സ്വാമിജിക്കു് സാദ്ധ്യമായി.

മാനസസരസ്സ് ഹിമമുരുകി വീണ്ടും ജലമായിത്തീരുമ്പോഴുള്ള അവസ്ഥാവിശേഷങ്ങളും സ്വാമിജി കണ്ടു മനസ്സിലാക്കി. ജലം ഉറച്ചു കട്ടയായതിനേക്കാൾ പ്രഭാവപൂർണ്ണമായ ഒരു കാഴ്ചയായിരുന്നു ഹിമക്കട്ടകളുടെ വിദ്രവണം. ഒരുക്കം പടിഞ്ഞാറും തീരങ്ങളിൽ ഹിമമുരുകി സരസ്സിലെ ശുഭ്രതരമായ ചേലാഞ്ചലത്തിൽ നീലിമ പകന്നു. സൂര്യനാഭിമുഖമായി അടഞ്ഞ കണ്ണുകളോടെ അരയന്നങ്ങൾ ആ നീലജലത്തിൽ തത്തിക്കളിച്ചു. ഹിമഖണ്ഡങ്ങൾ വെള്ളത്തിൽ ഒഴുകിക്കൊണ്ടിരുന്നു. അവമേൽ ഇടയ്ക്കു് അരയന്നപ്പിടകൾ ഇരിപ്പുറപ്പിച്ചതായും കാണാമായിരുന്നു. സരസ്സിലെ ഹിമം മുഴുവൻ ഉരുകുന്നതിന്നു് ഏകദേശം രണ്ടാഴ്ച മുമ്പു് രാവിലെ ഭയങ്കരശബ്ദങ്ങൾ കേൾക്കാറായി. സിംഹങ്ങളും നരികളും അലറുന്നതുപോലേയും ആനകൾ ചിന്നംവിളിക്കുന്നതുപോലേയും പീരങ്കികൾ ഗർജ്ജിക്കുന്നതുപോലേയുമുള്ള ശബ്ദങ്ങൾ. മഞ്ഞുകട്ടകൾ വിണ്ടുകീറുന്നപ്പോഴാണു് ഇതുണ്ടായതു്. നാലഞ്ചു ദിവസങ്ങൾ കഴിഞ്ഞു ഹിമക്കട്ടകൾ ചെറുതും വലുതുമായ കന്നു് അന്യോന്യസംഘട്ടനത്താൽ പൊടിയുകയും ഉരുകുകയും ചെയ്തു. പിന്നീടു് ഒരു രാത്രികൊണ്ടു് അത്ഭുതജനകമായവിധത്തിൽ സരസ്സ് മുഴുവൻ ഉരുകി ജലപൂർണ്ണ

മായി. അപ്പോൾ അതിൻെറ മനോഹാരത്വ വർണ്ണിക്കാൻ ആക്കും സാദ്ധ്യമല്ല. ചിലപ്പോൾ തിരമാലകൾ അതിൽ ഉയരുകയും അലറുകയും ചെയ്യുന്നു! ചിലപ്പോൾ ബുദ്ബുദങ്ങളെക്കൊണ്ടു് അതു് മർമ്മരഗീതം ആലപിക്കുന്നു! ചിലപ്പോൾ അത്യന്തശാന്തമായിത്തീരുന്നു. നാനാവർണ്ണങ്ങളും നാനാഭാവങ്ങളും നാനാരൂപങ്ങളും അതിൽ മാറി മാറി പ്രതിഫലിക്കുന്നു!

സ്വാമിജിയുടെ യാത്രയിൽനിന്നു് മാനസസരസ്സിൻെറ എല്ലാ പ്രത്യേകതകളും നമുക്കു മനസ്സിലാക്കാനുള്ള സൌകര്യമുണ്ടായി. അദ്ദേഹത്തിൻെറ നിരീക്ഷണക്കുറിപ്പുകൾ അത്യന്തം വിശദങ്ങളാണു്. ഇപ്രകാരംതന്നെ രാക്ഷസസരസ്സിൻെറ വിവരണങ്ങളും നമുക്കു ലഭിച്ചിരിക്കുന്നു. അതിൽ മൂന്നു ദ്വീപുകൾ ഉണ്ടെന്നു സ്വെൻ ഹെഡിൻ പറഞ്ഞിട്ടുള്ളതു് തെററാണെന്നും രണ്ടു ദ്വീപുകൾ മാത്രമെ ഉള്ളുവെന്നും സ്വാമിജി വ്യക്തമാക്കി. ബ്രഹ്മപുത്ര, സിന്ധു, സത്'ലജ്, കർണ്ണാലി എന്നീ നദികളുടെ ഉത്ഭവസ്ഥാനത്തെപ്പററി സ്വെൻഹെഡിൻ എഴുതിയതും പരക്കെ അംഗീകരിക്കപ്പെട്ടതുമായ നിഗമനങ്ങൾ തെററാണെന്നും സ്വാമിജി സമർത്ഥിച്ചു. സ്വാമിജിയുടെ ഗവേഷണയാത്രകൾ അങ്ങിനെ ഹിമാലയവിജ്ഞാനം വിപുലമാക്കുവാനും തെററായ ധാരണകൾ തിരുത്തുവാനും ഉപകരിച്ചു. ഇന്ത്യയിലെ ഉന്നതരായ യാത്രാഗവേഷകന്മാരിൽ സ്വാമിജിക്കു അദ്വിതീയമായ ഒരു സ്ഥാനമാണുള്ളതു്.

# 6. ഉത്തരധ്രുവത്തിലേയ്ക്കു്

ഉഷ്ണമാപിനിയിലെ രസംപോലും ഉറച്ചുപോകത്തക്കവിധം കടുത്ത ശൈത്യം നിറഞ്ഞും കട്ടിമഞ്ഞുറഞ്ഞും കിടക്കുന്ന ഉത്തരധ്രുവപ്രദേശങ്ങളിൽ ഏതാണ്ടു് മൂന്നു വർഷങ്ങളോളം കഴിച്ചുകൂട്ടുകയെന്നതു് എത്രമാത്രം ദുഷ്ക്കരമായിരിക്കും! നമുക്കൊന്നൂഹിച്ചുനോക്കുക — ഒരേ ഒരു സഹചാരിയോടുകൂടി ഹിമപൂരിതമായ വിജനസ്ഥലത്തിൽ, ഏച്ചുകൂട്ടിയുണ്ടാക്കിയ ഒരു കൂടാരത്തിൽ, എത്രയോ മാസങ്ങൾ ഇഴച്ചുനീക്കുന്നതു് ദുസ്സഹമല്ലേ? എന്നിട്ടുകൂടി മനോധൈര്യം വിടാതേയും ശുഭപ്രതീക്ഷ ഒഴിക്കാതേയും ആ പ്രദേശങ്ങളുടെ പ്രത്യേകതകൾ സൂക്ഷ്മമായി നിരീക്ഷിക്കുവാനും രേഖപ്പെടുത്തുവാനുമുള്ള അക്ഷോഭ്യതയും കഴിവും ഉണ്ടായവരെ ആർ ആദരിക്കാതിരിക്കുകയില്ല! ധ്രുവയാത്രയ്ക്കൊരുങ്ങിയ നാൻസനും സഹപ്രവർത്തകനായ ജോഹൻസനും അങ്ങിനെ നമ്മുടെ ആദരവു് അർഹിക്കുന്നവരാണു്. വിഷമതകൾ നിറഞ്ഞ അവരുടെ യാത്ര ലോകത്തിലെ സാഹസികയാത്രകളിൽ വിസ്മരിക്കാൻ വയ്യാത്ത പ്രാധാന്യം നേടിയിരിക്കുന്നു.

നോർവ്വേയിലെ ഒരദ്ധ്യാപകന്റെ മകനായിരുന്നു നാൻസൻ. ശാസ്ത്രീയപരിശീലനം നേടിയ ശേഷം ആ യുവാവു് അതുവരെ അജ്ഞാതങ്ങളായിക്കിടന്ന ചില ഭൂഭാഗങ്ങളിൽ പര്യവേക്ഷണം നടത്താനൊരുങ്ങി.

ഇരുപത്തേഴാം വയസ്സിലാണു് നാൻസൻ 'ഗ്രീൻലാൻറു്' (Greenland) കടക്കുവാൻ ഒരു സംഘത്തോടുകൂടിപ്പുറപ്പെട്ടതു്. എത്രയോ ആയിരം അടി ആഴത്തിൽ ഹിമം മൂടിക്കിടന്ന ആ വൻദ്വീപിൽ കടന്നുചെല്ലുവാൻ അതിന്നുമുമ്പു് പല ഉദ്യമങ്ങളും നടത്തപ്പെട്ടിരുന്നു. എല്ലാം നിഷ്ഫലമായിത്തീൎന്നു. ഭാഗ്യവശാൽ നാൻസൻെറ പരിശ്രമം വിജയലാളിതമായി. യാത്രയിൽ പല ആപത്തുകളും ആ ധീരസംഘത്തെ എതിരിട്ടു. എന്നാൽ അവതരണംചെയ്തു് ഹിമമേഖലയിൽ കിഴക്കെ തീരത്തുനിന്നു പടിഞ്ഞാറെ അതിൎത്തിയിലെത്തുവാൻ നാൻസന്നു സാധിച്ചു. പൂൎവ്വതീരം മുഴുവൻ ക്രമമെന്നിയെ ഒഴുകുന്ന ഹിമസംഘാതങ്ങൾക്കിടയിൽക്കൂടി, ഏതു നിമിഷവും മരണഗൎത്തത്തിലേയ്ക്കു വഴുതിപ്പോകാമെന്ന നിലയ്ക്കുള്ള ആപത്തുകൾ നേരിട്ടുകൊണ്ടാണു് 1888_ൽ ആ യുവധീരൻ ഗ്രീൻലാൻറു് കടന്നതു്. അതൊരു സുപ്രധാനമായ നേട്ടമായിരുന്നു.

ഗ്രീൻലാൻറു് യാത്രയിൽ ഹിമഭാഗങ്ങളിൽക്കൂടി പോകുന്നതിലുണ്ടായ അനുഭവപരിചയമാണു് ഉത്തരധ്രുവസമുദ്രം കടക്കാൻ ഉദ്യമിക്കുന്നതിന്നു് നാൻസനെ പ്രേരിപ്പിച്ചതു്. സാഹസികയാത്രക്കാൎക്കു് ഇത്രയും ആകൎഷകമായ ഒരു പ്രാപ്യസ്ഥാനം ധ്രുവപ്രദേശങ്ങളെപ്പോലെ ഇല്ലെന്നു പറയാം. അഞ്ഞൂറു കൊല്ലങ്ങളോളമായി പല ധീരമനസ്കന്മാരും ധ്രുവസമുദ്രം താണ്ടുവാൻ യൂറോപ്പിൻെറ പല ഭാഗങ്ങളിൽനിന്നും എത്തിച്ചേൎന്നിട്ടുണ്ടു്. എന്നാൽ ശാസ്ത്രീയമായ പരിചയത്തിലും വിവേകപൂൎവ്വമാ

യ ആസൂത്രണത്തിലും നിർഭീകതയിലും നിരീക്ഷണപാടവത്തിലും എല്ലാംതന്നെ നാൻസന്റെ യാത്രയോടു് മററാരുടേയും ധ്രുവയാത്ര ഉപമിക്കാവുന്നതല്ല. ധ്രുവപ്രദേശങ്ങളിൽ പല മാസങ്ങളോളം സഞ്ചരിച്ചു് നിഷ്കൃഷ്ട നിരീക്ഷണങ്ങൾ നടത്തുകയും ശൈത്യകാലം മുഴുവൻ തൊട്ടാൽ തരിക്കുന്ന ഹിമത്തിൽ കഴിച്ചുകൂട്ടുകയും ചെയ്ത ആ സാഹസികതയെ ആൎക്കു് അവഗണിക്കാൻ കഴിയും? അതുവരെ പോയവരിലെല്ലാം കൂടുതൽ അടുത്തായി ഉത്തരധ്രുവം സമീപിക്കുവാൻ സാധിച്ചതും നാൻസനാണു്.

1893_ലാണു് നാൻസൻ ധ്രുവയാത്രക്കൊരുങ്ങിയതു്. ഹിമസഞ്ചാരത്തിൽ വിദഗ്ദ്ധമായ ശാസ്ത്രീയോപദേശം നേടി അതിന്നനുസരിച്ചു് വേണ്ടപ്പെട്ട എല്ലാ ഒരുക്കങ്ങളും ചെയ്തു. യാത്ര പൂൎത്തിയാക്കാൻ മൂന്നു കൊല്ലങ്ങളോളം വേണ്ടിവരുമെന്നു കണക്കാക്കപ്പെട്ടു. അതിനാൽ സൂക്ഷ്മമായാലോചിച്ചു് അത്രയും കാലത്തേയ്ക്കു വേണ്ട എല്ലാ സാധനസാമഗ്രികളും നാൻസൻ സംഭരിച്ചു. മൂന്നു ഹിമശകടങ്ങൾ; ശകടങ്ങൾ വലിക്കുന്ന ഇരുപത്തിമൂന്നു നായ്ക്കൾ; രണ്ടു 'കായക്കുകൾ' (എസ്കിമോക്കാർ ഉപയോഗിക്കുന്ന തോണികളാണിവ) ഭക്ഷ്യപദാൎത്ഥങ്ങൾ (ഇവ പ്രത്യേകം പ്രത്യേകം ചെറുസഞ്ചികളിലാക്കി എടുത്തുതിന്നാൻ പാകത്തിന്നു് പൊടിച്ചു ഒരുക്കിവെച്ചിരുന്നു) കിടന്നുറങ്ങാനുള്ള സാമഗ്രികൾ; കൂടാരത്തമ്പുകൾ; വെടിമരുന്നും തോക്കുകളും; കടൽസിംഹങ്ങളുടേയും കടൽപൂച്ചകളുടേയും നേരെ പ്രയോഗിക്കാ

ള്ള ചാട്ടളികൾ; ശീതം തടുക്കുന്ന രോമക്കുപ്പായങ്ങൾ —ഇങ്ങിനെ എല്ലാം സജ്ജീകരിക്കപ്പെട്ടു. സാമാനങ്ങൾ രണ്ടു ഹിമശകടങ്ങളിലാക്കി. ബാക്കിയുള്ള ശകടത്തിൽ കായക്കുകളും കയററി മൂന്നു ഹിമശകടങ്ങളും 'ഫ്രാം' എന്നു പേരിട്ട കപ്പലിലാണു് കയററിയതു്. (മുന്നോട്ടു് എന്നത്രെ ഈ പേരിൻെറ അൎത്ഥം. സമൎത്ഥനായ ഒരിംഗ്ലീഷു ശില്പി, ഹിമസമുദ്രയാത്രയ്ക്കു് പ്രത്യേകം ഉതകത്തക്കവിധം വേണ്ടപ്പെട്ട സൌകൎയ്യങ്ങളോടുകൂടി പണിചെയ്തതായിരുന്നു ഈ കപ്പൽ. നാൻസൻ തൻെറ യാത്രയ്ക്കു് ഈ കപ്പൽ ഉപയോഗിക്കാനാണു് തീരുമാനിച്ചതു്.)

അങ്ങിനെ അവർ 1893_ജൂൺ 24_ാംനു പുറപ്പെട്ടു. നാൻസനും സംഘവും ക്രിസ്ത്യാനിയയിൽനിന്നാണു് യാത്രയാരംഭിച്ചതു്. വടക്കൻ റഷ്യയുടേയും സൈബീരിയയുടേയും തീരങ്ങളിൽക്കൂടി അവർ കടന്നുപോയി. മുന്നോട്ടുള്ള യാത്രയിൽ അവർ പല വിഷമതകളും അഭിമുഖീകരിച്ചു. ചെല്യൂസ്കിൻ മുനമ്പു കടന്നു് അവർ യാത്ര തുടൎന്നു. നാൻസനും കൂട്ടരും ധ്രുവസമുദ്രത്തിൽ എത്താൻ ദൃഢനിശ്ചയരായിരുന്നു. കുറെക്കൂടി പോയപ്പോൾ കപ്പൽയാത്രയ്ക്കു സുഖമുള്ള സമുദ്രജലം അവൎക്കു് അനല്പമായ ഉന്മേഷം നല്കി. ഹിമശല്യം ഉണ്ടായിരുന്നില്ല. എന്നാൽ സപ്തമ്പർമാസമായപ്പോൾ ഒരാപത്തു പിണഞ്ഞു. ഒഴുകുന്ന ഒരു ഹിമസംഘാതത്തിൽ കപ്പൽ ചെന്നു തങ്ങി. അവിടെനിന്നു കപ്പൽ ഇളക്കാൻ

കഴിഞ്ഞില്ല. ഹിമപ്പാറ ഒഴുകുമ്പോഠം അതിൽ പൂഴ്ന്നു നിന്ന കപ്പലും ഒപ്പം ഒഴുകിപ്പൊയ്ക്കൊണ്ടിരുന്നു; നാൻസനും സംഘവും കപ്പലിന്നകത്തും. ആ നിസ്സഹായാവസ്ഥയിലും അവർ ധൈര്യം ത്യജിച്ചില്ല. നിരീക്ഷണങ്ങഠം നടത്തുകയും അവ മുറയ്ക്കു രേഖപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങിനെ മാസങ്ങഠം കുറെ കഴിഞ്ഞു. 1894-ലെ ഹേമന്തകാലമായി. ഇത്തരത്തിൽ അനിർദ്ദിഷ്ടസങ്കേതമായിപ്പോയാൽ പ്രയോജനമില്ലെന്നു നാൻസന്നു് തോന്നിത്തുടങ്ങി. ഉത്തരധ്രുവം ഒരിക്കലും കടക്കാൻ കഴിയുകയുമില്ല! യാത്ര അങ്ങിനെ നിഷ്ഫലമാക്കരുതെന്നു് നാൻസൻ ഉറച്ചു. 'ഹിമശകടങ്ങളും അവ വലിക്കാനുള്ള നായ്ക്കളും ഉണ്ടല്ലൊ! എന്തുകൊണ്ടു് ഹിമം കട്ടപിടിച്ചു പരന്നുകിടന്ന ആ സമുദ്രഭാഗങ്ങളിൽ ശകടങ്ങളിൽ പോയിക്കൂടാ?'' എന്നായി അദ്ദേഹത്തിന്റെ ചിന്ത. താഴെയുള്ള സമുദ്രത്തിന്നു് രണ്ടര നാഴികയോളം ആഴം കാണും. പക്ഷേ സമുദ്രത്തിനുമേലെ പത്തിരുപതടി കട്ടിക്കനത്തിൽ ഹിമം മൂടിക്കിടന്നിരുന്നു. അതിൽക്കൂടി യാത്ര ചെയ്യുന്നതു് ദുഷ്കരമായിരുന്നില്ല. വേണ്ടപ്പെട്ട ഭക്ഷണസാധനങ്ങളും മററും ഒരുക്കിപ്പുറപ്പെട്ടാൽ വടക്കുള്ള ദ്വീപുകളിൽ—അവയും ഹിമാവൃതമായിക്കിടന്നവയാണു്—ചെന്നെത്താനും അങ്ങിനെ കരയ്ക്കണയാനും ക്രമത്തിൽ യൂറോപ്പിലേക്കു മടങ്ങാനും സാധ്യതയുണ്ടാകുമെന്നു് നാൻസൻ കരുതി. ആപൽക്കരമായ ആ യാത്രയ്ക്കു് കായികമായും മാനസികമായും പററിയ പ്രാപ്തിയുള്ള ഒരാളെ കൂട്ടിന്നു വേണമെന്നും അദ്ദേ

ഹം നിശ്ചയിച്ചു. ലെഫ്ട്നനൻറ് കണ്ണൽ ജോഹൻസ നെയാണു് അദ്ദേഹം തിരഞ്ഞെടുത്തതു്. ധീരനും ബലിഷ്ഠനുമായ ജോഹൻസൺ യാത്രയിൽ നാൻസൻെറ സഹചാരിയാകാൻ സസന്തോഷം സമ്മതിക്കുകയും ചെയ്തു.

ആ രണ്ടു സുഹൃത്തുക്കളും പുറപ്പെട്ടു—1895 മാർച്ച് 14-ാംനു- വേണ്ടപ്പെട്ട സാമാനസാമഗ്രികൾ ഒരുക്കിയിരുന്നു. എല്ലാം ഹിമശകടങ്ങളിൽ ഭദ്രമായി കെട്ടിയുറപ്പിക്കപ്പെട്ടു. അവർ വടക്കോട്ടു നീങ്ങിത്തുടങ്ങി. സമുദ്രം മൂടിക്കിടന്ന ഹിമത്തിനു് നിരപ്പില്ലായിരുന്നു. ചിലേടങ്ങളിൽ ഹിമം ശിഖരങ്ങളോടുകൂടിയ കുന്നുകൾപോലെ കൂർത്ത അഗ്രങ്ങളുള്ളവയായി കാണപ്പെട്ടു. ശകടങ്ങൾ നീങ്ങുമ്പോൾ ഈ അഗ്രങ്ങളിൽ തട്ടി ഭക്ഷണപ്പൊതികൾ തുളഞ്ഞു. വിതറിക്കിടന്ന ഭക്ഷ്യപ്പൊതികൾ വീണ്ടും ശേഖരിച്ചു ഭദ്രമാക്കി അവർ യാത്രതുടർന്നു. തണുപ്പു അസഹ്യമായിരുന്നു. ഉഷ്ണമാപിനിയിലെ രസം കൂടി കട്ടപിടിച്ചു പോയെന്നുവന്നാൽ മരവിപ്പിക്കുന്ന തണുപ്പിൻെറ കാഠിന്യം ഊഹിക്കാമല്ലൊ. ഈ തണുപ്പും സഹിച്ചുകൊണ്ടാണു് ഹിമശകടങ്ങളിൽ അവർ ദിവസേന എട്ടും പത്തും മണിക്കൂറുകൾ യാത്രചെയ്തതു്. രാവിലെ ചൂടുഭക്ഷണം കഴിച്ചു പുറപ്പെട്ടാൽ ഉച്ചയ്ക്കു് അല്പം വിശ്രമം; പിന്നെ തുടർന്നു യാത്ര; വൈകുന്നേരമായാൽ ഭക്ഷണം കഴിച്ചു്, കടിച്ചുകാരുന്ന തണുപ്പിൽനിന്നു രക്ഷനേടാൻ ഉറക്കസഞ്ചിയിൽ കയറിക്കിടന്നു് അതിലെ ഉഷ്ണവിശ്ലേഷം ശരണം പ്രാപിക്കൽ; ഇപ്രകാരമായിരുന്നു

അവരുടെ യാത്രാപരിപാടി. അങ്ങിനെ അവർ കൂട്ട തൽ കൂട്ടതൽ വടക്കോട്ടായി സാധിക്കുന്നത്ര വേഗത്തിൽ നീങ്ങിത്തുടങ്ങി. ചീറുന്ന കാററും തുളച്ചുകയറുന്ന തണു പ്പും എതിരിട്ടുകൊണ്ടു് അവരുടെ യാത്ര പുരോഗമിച്ചു.

ആദ്യത്തെ ദിവസങ്ങളിൽ പരന്ന ഹിമഭാഗങ്ങ ളിൽക്കൂടി സഞ്ചരിച്ച അവക്കു് കാററും തണുപ്പുമല്ലാതെ യാത്രാസ്ഥലങ്ങളിലുള്ള മററു വിഷമതകഠം അനുഭവ പ്പെട്ടിരുന്നില്ല. എന്നാൽ ക്രമേണ അങ്ങിനെയുള്ള വൈ ഷമ്യങ്ങളും അവക്കു നേരിടേണ്ടിവന്നു. ഒഴുകിക്കൊണ്ടി രുന്ന ഹിമപ്പാറകഠം തമ്മിൽ കൂട്ടിമുട്ടി ഇരുപതും മുപ്പതും അടി ഉയരത്തിലുണ്ടായ ഹിമക്കുന്നുകഠം വരിവരിയായി അവിടവിടെ കണ്ടുതുടങ്ങി. അവയ്ക്കിടയിൽക്കൂടി ഹിമ ശകടങ്ങഠം തിരിച്ചുകൊണ്ടു് പോകുന്നതു വളരെ വിഷമ മായിരുന്നു. നാൻസനാണു് സഞ്ചാരത്തിന്നു നേതൃത്വം നല്കിയതു്. രക്ഷാബോധമുള്ള വഴികളിൽക്കൂടി എത്രയും സൂക്ഷ്മതയോടെ പോകുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധി ക്കേണ്ടിവന്നു. ചിലേടങ്ങളിൽ രണ്ടു ഹിമപ്പാറകഠംക്കി ടയ്ക്കുള്ള സ്ഥലത്തു് ഹിമം നേരിയനിലയ്ക്കു മാത്രമേ മൂടി ക്കിടന്നിരുന്നുള്ളു. ഹിമശകടങ്ങഠം വളരെ മന്ദമായി കനം തൂങ്ങാതെ ആ ഭാഗങ്ങളിൽക്കൂടി നയിക്കേണ്ടിയിരു ന്നു. സൂക്ഷിച്ചില്ലെങ്കിൽ താഴെ സമുദ്രത്തിൽ വീണു ഗു രുതരമായ വിപത്തു് സംഭവിക്കുമായിരുന്നു. ഹിമക്കട ലിൽ വീണാൽ മരവിച്ചു മരിക്കുകയല്ലാതെ മററു രക്ഷാ മാൎഗ്ഗമുണ്ടായിരുന്നില്ല. രോമാവരണങ്ങളിൽനിന്നു വല്ല

പ്പോഴും കൈവിരലുകൾ പുറത്തായാൽതന്നെ അവ മരവിച്ചു നിശ്ചേതനമായ നിലയ്ക്കായിത്തീരുന്നതു് അവക്കനുഭവപ്പെട്ടതാണു്. ആ അതിശീതജലത്തിൽ ആണ്ടുപോയാൽ എന്തു സംഭവിക്കുമെന്നു പിന്നെ പറയേണ്ടതില്ലല്ലോ. അതിനാൽ വളരെ സൂക്ഷ്മതയോടുകൂടിയാണു് നാൻസൻ ഈ ഭാഗങ്ങളിൽക്കൂടി ഹിമശകടങ്ങൾ നയിച്ചതു്.

ഇത്രമാത്രം അവധാനം ആവശ്യമായി വന്നതിനാൽ അവരുടെ യാത്രയ്ക്കു് ആശാവഹമായ പുരോഗതി ഉണ്ടായില്ല. യാത്രാരംഭത്തിൽ പത്തും പതിനാലും നാഴികവീതം പ്രതിദിനം യാത്രചെയ്വാൻ കഴിഞ്ഞിരുന്നു. അതിൻെറ പകുതി ദൂരവുംകൂടി അവക്കു് ഈ അവസരത്തിൽ പിന്നിടുവാൻ സാധിച്ചില്ല. യാത്രയിലുള്ള മാന്ദ്യത്തിന്നു് മറെറാരു കാരണവുംകൂടിയുണ്ടായിരുന്നു. ധ്രുവത്തിൽ എത്തിച്ചേരാനുള്ള അഭിനിവേശത്തിൽ അവർ നേരെ വടക്കോട്ടാണു് യാത്രചെയ്തതു്. എന്നാൽ അത്ഭുതമെന്നു പറയട്ടെ, അവർ പടിഞ്ഞാട്ടാണു് നീങ്ങുന്നതെന്നു തവുക്കയന്ത്രത്തിൽനിന്നു കണ്ടെത്തി. ഹിമസംഘാതം പടിഞ്ഞാട്ടേയ്ക്കു് ഇളകിപ്പോയ്ക്കൊണ്ടിരുന്നതായിരുന്നു ഇതിന്നുള്ള ഹേതു. ഉറക്കം തൂങ്ങി, അവശരായി, ഹിമക്കുന്നുകളെച്ചുററിയും ആപത്തിൽനിന്നു തെററിയും ഹിമശകടങ്ങളോടും നായ്ക്കളോടും കെട്ടുമാറാപ്പുകളോടുംകൂടി വിഷമിച്ചു് വിഷമിച്ചു് മുന്നോട്ടുനീങ്ങിയ ആ സാഹസികക്കു വടക്കോട്ടേയ്ക്കു പോകുന്നതിന്നു പകരം പ

ടിഞ്ഞാട്ടുനീങ്ങുകയാണെന്നനുഭവപ്പെട്ടപ്പോഴുള്ള നിരാശ എത്രമാത്രം തീവ്രമായിരിക്കും! ആ നിലയ്ക്കു പോയാൽ ലക്ഷ്യം പ്രാപിക്കുന്നതെങ്ങിനെ? എങ്കിലും അവർക്കു നിരാശയ്ക്കവകാശമില്ലായിരുന്നു. എത്തിയ സ്ഥാനത്തിലെ ധ്രുവാംശവും അക്ഷാംശവും കണക്കാക്കി നോക്കിയപ്പോൾ ഉത്തരധ്രുവത്തിൽനിന്നു് അവർ 226 നാഴിക ദൂരെയാണെന്നു കണ്ടു. ആരും ധ്രുവത്തെ അത്രദൂരം അതിന്നു മുമ്പു സമീപിച്ചിരുന്നില്ല. മുമ്പുണ്ടായ ധ്രുവയാത്രകളെ അപേക്ഷിച്ചു കൂടുതൽ നേട്ടത്തിന്നവകാശികളായെന്ന കൃതാർത്ഥതയ്ക്കു നാൻസനും ജോഹൻസനും അതിനാൽ അധികാരികളായിരുന്നു.

പക്ഷെ, മുന്നോട്ടു നീങ്ങിയതുകൊണ്ടു് എന്തുണ്ടു് പ്രയോജനം? ഏററവും അടുത്ത ഭൂഭാഗത്തിലെത്താൻ പിന്നെയും നാനൂറു നാഴിക പോകേണ്ടിയിരുന്നു. ഇളകുന്ന ഹിമസംഘാതങ്ങളും ചെറിയ ചെറിയ ഹിമഗിരികളും വടക്കോട്ടു പോകുന്തോറും പെരുകിവന്നു. വസന്തകാലം വന്നാൽ വിശേഷിച്ചും അവയ്ക്കിടയിൽക്കൂടി യാത്രചെയ്യുന്നതു് മനുഷ്യസാദ്ധ്യമായിരുന്നില്ല. അതിനാൽ ഏററവും അടുത്ത കരപിടിക്കുക മാത്രമെ നിർവ്വാഹമുള്ളുവെന്നു് അവർ മനസ്സിലാക്കി. കിട്ടിയ നേട്ടത്തിൽ തല്ക്കാലം തൃപ്തിപ്പെട്ടു് അവർ പിന്മടങ്ങി.

ആ മടക്കയാത്ര എത്രമാത്രം വിഷമം പിടിച്ചതായിരുന്നു! വടക്കോട്ടു പോകുമ്പോൾ അവരെ പടിഞ്ഞാട്ടേയ്ക്കു കൊണ്ടുപോയ ഹിമപ്പൊളി ഒഴുക്കിന്റെ ഗതിഭേദം

നിമിത്തം തെക്കോട്ടേയ്ക്കു പോകേണ്ട അവരെ വടക്കോട്ടു നയിച്ചു! അതിൽനിന്നു് രക്ഷപ്പെട്ടപ്പോൾ കൂടെയുള്ള നായ്ക്കൾ അവക്കു തലവേദനയുണ്ടാക്കി. അവയ്ക്കു് വേണ്ടത്ര ഭക്ഷണം കരുതിയിരുന്നില്ല. വഴിക്കുവെച്ചു് അതിനാൽ അവയെ ഓരോന്നായി കൊല്ലേണ്ടിവന്നു. കുറെ പുരോഗമിച്ചപ്പോൾ ആ സാഹസികർ പുതിയൊരു വൈഷമ്യവും അഭിമുഖീകരിച്ചു. കട്ടപിടിച്ചുകിടന്ന ഹിമത്തിനു പകരം നേരിയ ഹിമാവരണമുള്ള വീതികൂടിയ ഭാഗങ്ങളിൽക്കൂടി പോകേണ്ടതായിരുന്നു അതു്. ആപല്ക്കരങ്ങളായ ഈ ഭാഗങ്ങൾ ഒഴിച്ചുവിടാൻവേണ്ടി നാഴികകളോളം വലംവെച്ചു വളരെ സൂക്ഷ്മതയോടെ പോകേണ്ടതുണ്ടായിരുന്നു. ചിലേടങ്ങളിൽ അതിനുപോലും നിവൃത്തിയുണ്ടായില്ല. അതിനാൽ വരുന്നതു വരട്ടെ എന്ന ഭാവത്തിൽ ധൈര്യത്തെ മുൻനയിച്ചു് അവക്കു് ആ ദുർബ്ബലഭാഗങ്ങളിൽക്കൂടിത്തന്നെ പോകേണ്ടിവന്നു. ഈ സന്ദർഭങ്ങളിലാകട്ടെ അവർ മരണത്തെക്കൊണ്ടു് പന്താടുകയായിരുന്നു. ഏതു നിമിഷത്തിലും താഴെ ആഴിയുടെ ഗഹ്വരത്തിൽപ്പെട്ടു് അവക്കു് ആകസ്മികമരണം സംഭവിക്കാമായിരുന്നു! വിധിബലംനിമിത്തം അങ്ങിനെയൊരു ദുരന്തം നേരിട്ടില്ലെന്നുമാത്രം.

ചിലേടങ്ങളിൽ അത്തരം സാഹസികതയ്ക്കുകൂടി സാദ്ധ്യതയുണ്ടായിരുന്നില്ല. ഒരുവിധത്തിലും കടക്കവെയ്യാത്ത ആഴമേറിയ സമുദ്രജലം എങ്ങിനെ താണ്ടിപ്പോകം? ഹിമശകടങ്ങൾ നടത്തിക്കൂടാ. നീന്തുന്നതു് അ

സാദ്ധ്യം. 'കയാക്കുകൾ ഉപയോഗിച്ചുകൂടെ എന്ന ഒരു ചോദ്യത്തിന്നു് പക്ഷേ അവകാശമുണ്ടല്ലോ. അവ ഉപയോഗിക്കാൻ പററിയ നിലയ്ക്കായിരുന്നില്ല. ഹിമക്കുണകളുടെ സൂചീമുഖശൃംഗങ്ങൾകൊണ്ടു് അവയുടെ കേൻവാസ്സു് ശീല തുളഞ്ഞും തകർന്നുമിരുന്നു. പിന്നെ എന്തുണ്ടു് നിവൃത്തി? അനുകൂലസാഹചര്യങ്ങൾ പ്രതീക്ഷിച്ചു് കൊടുംതണുപ്പിയന്ന അവിടെ പരസ്പരാഭിമുഖമായിരുന്നു കഴിക്കുകതന്നെ. അതിന്നു എത്രമാത്രം ക്ഷമയും സഹനശക്തിയും വേണം! നമുക്കുതന്നെ ഊഹിക്കാമല്ലോ. അനുകൂലമായ ഒരു കാററടിച്ചോ ഹിമസംഘം തങ്ങളുടെ ഗതി മാററംകൊണ്ടോ തുറന്നുകിടന്ന സമുദ്രഭാഗങ്ങൾ മൂടി തങ്ങളുടെ യാത്ര തുടരാനുപകരിക്കുമെന്ന പ്രതീക്ഷയോടെ ആ നിർജ്ജീവസ്ഥലത്തു ദിവസങ്ങൾ കഴിച്ചുകൂട്ടുക—ചുററും കാണുന്നതു് ശൂന്യതയുടെ പരപ്പുമാത്രം! സാധാരണജീവിതത്തിൽ അനുഭവപ്പെട്ട സൌകര്യങ്ങൾ ഒന്നുമില്ല. മനസ്സു് പിരിമുറുകി പൊട്ടിപ്പോകുന്ന മഹാക്ലേശങ്ങൾ! എന്നിട്ടും അവർ ആ പരീക്ഷണഘട്ടം അതിജീവിച്ചു. ജീവിതത്തിൽ വിജയകരമായി ഒട്ടിപ്പിടിച്ചു നില്ക്കുവാനും അവക്കു കഴിഞ്ഞു.

അങ്ങിനെ മരണഭീതിയുടെ നേരിയ ഇഴയിൽക്കൂടി അവരുടെ ഒന്നൊന്നരമാസത്തെ ജീവിതം ഇഴഞ്ഞുപോയി. എത്ര ഉത്കണ്ഠാഭരിതമായ ഒരു കാലം! അവർ കര കണ്ടുകഴിഞ്ഞില്ല! ഭക്ഷണം ചുരുങ്ങിച്ചുരുങ്ങിവന്നു. അതിൽ വ്യാകുലത തോന്നിയെങ്കിലും കുറെക്കൂടിഃച്ചെന്ന

KOTTAYAM PUBLIC LIBRARY KOTTAYAM

പ്പോൾ കണ്ട ഒരു കാലടയാളം അവക്ക് തെല്ലൊരാശ്വാസം പകന്നു. ധ്രുവക്കരടിയുടെ കാൽപ്പാടുകളായിരുന്നു അവ. ഭക്ഷ്യവസ്തുക്കൾ തീരാറാകുംമുമ്പ് കരടികളെ തേടിക്കണ്ടു് വെടിവെച്ചു് അവയുടെ മാംസം ആഹരിച്ചെങ്കിലും ജീവൻ നിലനിത്താമെന്നു് അവർ തീരുമാനിച്ചു. അനേകം പ്രതിബന്ധങ്ങൾ അവരുടെ യാത്രയ്ക്കു് അപ്പോഴും എതിർനിന്നിരുന്നു. ഉഷ്ണകാലമായതുകൊണ്ടു് ഹിമമുരുകിത്തുടങ്ങി. ഹിമപ്പൊളികൾ കൂടുതൽ കൂടുതലായി അങ്ങുമിങ്ങും ഒഴുകി. ഹിമനീത്തടാകങ്ങൾ ചിലേടങ്ങളിൽ രൂപം കൈക്കൊണ്ടു. വെള്ളമുള്ള സ്ഥലങ്ങളിൽക്കൂടി ഹിമശകടങ്ങൾ എങ്ങിനെ നടത്താനാകും? അവ വലിച്ചുകൊണ്ടുപോകേണ്ട നായ്ക്കളാകട്ടെ എല്ലാം തൊലിയുമായിക്കഴിഞ്ഞിരുന്നു. ഈ ശകടങ്ങൾ പലേടങ്ങളിലും നാൻസനും ജോഹൻസനുംതന്നെ ഉന്തിക്കൊണ്ടു പോകേണ്ടിവന്നു. പരിക്ഷീണരായ അവക്ക് കനത്ത ഒരദ്ധ്വാനമായിരുന്നു അതു്. എങ്കിലും നിരാശരാകാതെ അവർ അതു നിവ്വഹിച്ചു. മാർഗ്ഗത്തിൽ ഗുരുതരമായ മറ്റൊരു വൈഷമ്യമുണ്ടായി. ഒന്നും തെളിഞ്ഞുകാണാൻ സമ്മതിക്കാത്ത മൂടൽമഞ്ഞായിരുന്നു അതു്. ഈ വൈഷമ്യങ്ങളിലെല്ലാംകൂടി അവർ വിട്ടുപോകാതെ ദിനസരിക്കുറിപ്പുകൾ എഴുതിക്കൊണ്ടിരുന്നുവെന്നും അതിന്നുള്ള മനഃസ്വാസ്ഥത നേടിയിരുന്നുവെന്നും പറഞ്ഞാൽ അതു പലരേയും ആശ്ചര്യം കൊള്ളിച്ചേക്കാൻ മതി.

പത്തു ദിവസങ്ങൾക്കൂടി കഴിഞ്ഞു. ഹിമം കൂടുതലുരുകുന്നതു കണ്ടപ്പോൾ കായക്കുകളുടെ സഹായമില്ലാതെ

യാത്രതുടരുവാൻ സാദ്ധ്യമല്ലെന്നു അവക്കു മനസ്സിലായി. അതിനാൽ അവ നന്നാക്കാനുള്ള ശ്രമം ആരംഭിച്ചു. ക രാഴ്ചക്കാലം ക്ഷമയോടെ കാത്തിരുന്നു അവർ. കീറിയ ഭാഗങ്ങളെല്ലാം കൂട്ടിത്തുന്നി. പഴയ ചാക്കിൻകഷണങ്ങളിൽനിന്നു് വക്കനൂൽ വേർപെടുത്തി ഉപയോഗിച്ചാണു് ശ്രദ്ധാപൂർവ്വം കേടുപാടുകഠം തീർത്തതു്. ഇതിന്നിടയ്ക്കു് ഒരു ശുഭസൂചന അവക്കു ലഭിച്ചു. കരയിൽ കണ്ടുവരാറുള്ള ഒരു പക്ഷിയെ കണ്ടെത്താൻ കഴിഞ്ഞു. കര അടുത്തുവെന്നു് അവർ അതിനാൽ അനുമാനിച്ചു.

ഉഷ്ണം പെരുകിപ്പെരുകിവന്നു. അവർ വിയർപ്പിൽ കുളിച്ചുതുടങ്ങി. പകൽ അത്യുഷ്ണം; രാത്രി അതിശൈത്യം—അങ്ങിനെ രണ്ടററങ്ങളിലും പെട്ട കാലാവസ്ഥയ്ക്കിടയിൽ അവർ നിസ്സഹായരായി. ഭക്ഷ്യവസ്തുക്കഠം ചുരുങ്ങിച്ചുരുങ്ങി വരികയായിരുന്നു. അതുല്ക്കണ്ഠാജനകമായി. ജീവചൈതന്യം കാണപ്പെടാത്ത ആ സ്ഥലത്തു പട്ടിണിയിട്ടു മരിക്കേണ്ടിവരുമെന്ന ഒരു വിപത്സന്ധി അതുകൊണ്ടുളവായി. എങ്കിലും കരയണയുമെന്ന ദൃഢവിശ്വാസത്തോടുകൂടി കയാക്കുകളിൽ കയറി അവർ ഹിമക്കടലിൽ യാത്രതുടന്നു.

ഭാഗ്യവശാൽ വിധി അവരെ പട്ടിണിയിട്ടു കൊന്നില്ല. ആ യാത്രയിൽ ഒരു കടൽപ്പൂച്ച (Seal)യെ കണ്ടെത്തി. അതിനെ കൊല്ലാൻവേണ്ടി അവർ നന്നെ പണിപ്പെട്ടു. ജോഹൻസൻ കയറിയ തോണി അതിനെ ആക്രമിക്കുമ്പോഠം നിറച്ച സാമാനങ്ങളോടുകൂടി

മുങ്ങിപ്പോയി. കടലിൽ ഒഴുകിത്തുടങ്ങിയ ചില വസ്തുക്കൾ വിഷമിച്ചാണു് വീണ്ടെടുത്തതു്. പക്ഷേ, കടൽപ്പൂച്ചയുടെ മാംസംകൊണ്ടു് അവക്കു ജീവൻ രക്ഷിക്കുവാൻ സാധിച്ചു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ മറെറാരു കടൽപ്പൂച്ചയേയും മാംസത്തിനുവേണ്ടി കൊന്നു.

കുറെക്കൂടി മുന്നോട്ടു പോയപ്പോൾ പുരോഗതി ദുസ്സാധമാണെന്നു് അവക്കനുഭവമായി. കൂടുതൽ അനുകൂലമായ സ്ഥിതിഗതികൾക്കുവേണ്ടി അവർ കുറേനാൾ കാത്തിരിക്കേണ്ടിവന്നു. ധൈയ്യവും മറെറാരൊഴി.കഴിവില്ലെന്ന കടുത്ത യാഥാത്ഥ്യവുമാണു് അവക്കായാത്രതുടരാൻ പ്രേരണ നൽകിയതു്. പക്ഷേ, ഇക്കാലത്തു് അവക്കു ഭക്ഷണാത്ഥം കൂടുതൽ മാംസം കിട്ടാനിടയായി. ഒരു കരടിയേയും രണ്ടു കരടിക്കുഞ്ഞുങ്ങളേയും അവർ വെടിവെച്ചു വീഴ്ത്തി. കരടിമാംസം മാത്രമല്ല ഇതുകൊണ്ടു കിട്ടിയതു്. കരടിക്കൊഴുപ്പു. ധാരാളമുണ്ടായതിനാൽ ഭക്ഷണം പാകം ചെയ്യാനുള്ള ഇന്ധനമായും അതു് ഉപയോഗപ്പെട്ടു.

എന്നാൽ, അങ്ങിനെ അനിശ്ചിതകാലത്തോളം കാത്തുനിന്നതുകൊണ്ടു പ്രയോജനമുണ്ടായിരുന്നില്ല. ഹിമപ്രവാഹങ്ങളിൽ, അവർ കേടുപാടുകൾ തീൎത്ത കയാക്കുകൾ വീണ്ടും ഇറക്കി ഒരന്ത്യപരിശ്രമം നടത്തി. വമ്പിച്ച ക്ലേശങ്ങൾ സഹിച്ചു. എങ്കിലും അവരുടെ പരിശ്രമം ഫലപ്രദമായി. അവർ ഒടുക്കം കരയ്ക്കണഞ്ഞു.

ദൈവത്തിനു നന്ദി ചൊല്ലി അവർ ഒരു നെടുവീപ്പുവിട്ടു. തല്ക്കാലം ആശ്വാസമായി.

അവർ എത്തിച്ചേർന്ന കരയോ, ഏതു നിലയ്ക്കുള്ള തായിരുന്നു? അവിടെ മനുഷ്യാധിവാസമുണ്ടായിരുന്നി ല്ല. ഹിമസമുദ്രത്തിലിരിക്കുന്നതും അവിടെ എത്തി യതും തമ്മിൽ സ്ഥിതിഗതികളിലാകട്ടെ വലിയ വ്യത്യാ സമുണ്ടായിരുന്നതുമില്ല. മനുഷ്യാവാസമുള്ള ഏതെങ്കി ലും, സ്ഥാനത്തു ചെന്നെത്തുവാൻ പിന്നേയും തെക്കോട്ടു പോകണമെന്നു് അവക്കു തോന്നി. ആ ധീരമനസ്കരുടെ യാത്ര തുടന്നുപോയി.

അങ്ങനെ അവർ ആഗസ്റ്റ് 15-ാംനു "ഫ്രാൻസ് ജോസഫ് ലാൻറു്" എന്ന ഭൂഭാഗത്തിൻെറ പശ്ചിമതീര ത്തെത്തി. നിവാസഭൂമിയിലെത്തണമെങ്കിൽ പിന്നേ യും തെക്കോട്ടേയ്ക്കു യാത്രചെയ്യണം. അതിന്നാകട്ടെ പ്ര തിബന്ധമായി മുമ്പിൽ ഒരു നീലക്കടൽ പരന്നു കിട ക്കുന്നു! ആ കടൽ താണ്ടുവാൻ അവരുടെ പക്കലുള്ള ക യാക്കുകൾ അപര്യാപ്തങ്ങളായിരുന്നു. കാലാവസ്ഥയാ കട്ടെ അനുകൂലമായിരുന്നതുമില്ല. ശരത്ക്കാലം കഴിയാ റായിരുന്നു. ഹേമന്തകാലം ആരംഭിക്കാറുമായി. ശര ല്ക്കാലവാത്യകൾക്കു് ശമനമുണ്ടായിരുന്നില്ല. ആ നില യ്ക്കു കടലിൽ കയാക്കുകളിറക്കി, ഒരു യാത്രയ്ക്കു് ഉദ്യമിക്കു ന്നതു് അത്യന്തം ആപല്ക്കരമായിരുന്നു. അതിനാൽ പററിയ ഒരു സ്ഥാനം തിരഞ്ഞെടുത്തു് ഹേമന്തകാലം കഴിയുന്നതുവരെ അവിടെത്തന്നെ കഴിച്ചുകൂട്ടുന്നതാണു് ഉത്തമമെന്നു അവർ കരുതി. ഏതായാലും അവക്കു പട്ടിണിയിൽനിന്നു രക്ഷനേടാമായിരുന്നു. കരടി, കടൽ

പ്പൂച്ച, കടൽസിംഹം എന്നിവയെ വേട്ടയാടാൻ സൌക ര്യപ്പെട്ടതുതന്നെ കാരണം. അതിനാൽ അവർ പാറിയ ഒരു വാസസ്ഥാനം കണ്ടുപിടിച്ച് അവിടെ ഹേമന്ത കാലം കഴിക്കാനുള്ള ഒരു ശിലാകുടീരം നിർമ്മിച്ചു. കുറെ കല്ലുകൾ കട്ടയിൽ കൂട്ടി ചുമരുകൾ ഉണ്ടാക്കി. മേൽ പുരയ്ക്ക് അവരുടെ കയ്യിലുള്ള നേരിയ തമ്പുതന്നെ ഉപ യോഗിച്ചു. വാതിലടകൾക്ക് കോട്ടുകളാണുണ്ടായിരു ന്നതു്. തമ്പിനുള്ളിൽ ഒന്നു നിവന്നിരിക്കുവാനോ നി വന്നു കിടക്കുവാനോ സൌകര്യമുണ്ടായിരുന്നില്ല. എ ങ്കിലും ഒന്നുമില്ലാത്തതിനേക്കാൾ ഭേദമല്ലേ അതെന്ന ധാരണയിൽ അവർ രണ്ടുപേരും അതിനുള്ളിൽ ചുരുണ്ടു കൂടി രാത്രികാലം കഴിച്ചു.

ആ തമ്പിനേക്കാൾ കൂടുതൽ ഉറപ്പും വിശാലതയും സൌകര്യവുമുള്ള ഒരു കുഴിക്കുടിൽ ഉണ്ടാക്കണമെന്നു് അവർ പിന്നീടു തീരുമാനിച്ചു. പക്ഷെ, അതിനു വേണ്ട പണിയായുധങ്ങളുണ്ടോ ലഭിക്കുന്നു. വേട്ടയാടിയ ഒരു കടൽസിംഹത്തിന്റെ അംസഫലകം ഉപയോഗി ച്ചാണു് അവർ മാന്തിക്കുഴിച്ച മണ്ണെടുത്തു് പുറത്തിട്ടതു്. നാൻസനും ജോഹൻസനും മൂന്നടി ആഴത്തിൽ കുഴിച്ചു് മണ്ണു് നീക്കി. പത്തടി നീളവും ആറടി വീതിയുമുള്ള പരിധിയിൽനിന്നു മണ്ണെടുത്തു. മൂന്നടി ഉയരത്തിൽ അതുകൊണ്ടു് അവർ ചുററും തിണ്ടുകൾ ഉയർത്തി. അ ങ്ങിനെ ഹേമന്തകാലം കഴിച്ചുകൂട്ടുന്നതിനു് ഒരു കൊച്ചു കുടിൽ അവിടെ ഉയർന്നു.

എന്നാൽ അതിൻെറ പിന്നിൽ എന്തൊരു സാഹസികൃമാണു് വേണ്ടിവന്നതു്! അതാലോചിക്കുമ്പോറം അവരുടെ സ്ഥിരപരിശ്രമത്തെപ്പററി ആരും അത്ഭുതപ്പെടാതിരിക്കയില്ല. നിലം ജലമുറന്നു നനഞ്ഞതിനാൽ വളരെ നാളുകളോളം പരുഷശിലകളിൽ കിടന്നാണു് അവർ പണി തുടന്നതു്. അവരുടെ പൃഷ്ഠാസ്ഥികറം വേദനകൊണ്ടു ഞെരുങ്ങി. നിശ്ചയദാർഢ്യത്താൽ മാത്രമാണു് അവർ വിജയം വരിച്ചതു്. ഭക്ഷണം പാകം ചെയ്യുമ്പോഴുള്ള പുക പുറത്തുവിടാൻ വേണ്ടി അവർ ഹിമവും കുഴമഞ്ഞും കൂട്ടിക്കലത്തി. അതുകൊണ്ടു് ഒരു പുകക്കുഴലും ഉണ്ടാക്കി. കരടിക്കൊഴുപ്പു് കത്തിച്ചാണു് ഭക്ഷ്യപദാത്ഥങ്ങറം പാകംചെയ്തതു്. ഒഴുക്കിൽപെട്ട ഒരു മരത്തടികൊണ്ടു മോന്തായം നിമ്മിച്ചു. കടൽവെള്ളത്തിൽ മുക്കി കുറെ ദിവസം കഴിഞ്ഞശേഷം എടുത്തു മടക്കുകളും ചുളികളും തട്ടിനിവത്തി ശരിപ്പെടുത്തിയ കനത്ത കടൽസിംഹത്തോലികൊണ്ടായിരുന്നു മേൽപ്പുര മേഞ്ഞതു്.

അവർ ആ കുടിലിൽ ചുരുണ്ടുകൂടി, ഹേമന്തകാലം അവസാനിക്കുന്നതും പാത്തിരുന്നു. ഈ ദിവസങ്ങളിലൊന്നുംതന്നെ പതിവനുസരിച്ചുള്ള ദിനസരിക്കുറിപ്പുകറം എഴുതാൻ അവർ ഉപേക്ഷ കാണിച്ചില്ല. പകൽ അധികസമയം ഉറങ്ങിത്തള്ളുകയാണുണ്ടായതു്. ഭക്ഷണത്തിന്നു കോട്ടമുണ്ടായിരുന്നില്ല. കരടിയിറച്ചി വേണ്ടത്രയുണ്ടായിരുന്നു. തീക്കത്തിക്കാൻ കരടിക്കൊഴുപ്പും, വ

ക്ഷെ മനുഷ്യൎക്കുണ്ടാകേണ്ട മററു യാതൊരു സൌകൎയ്യങ്ങളും അവർ അവിടെ അനുഭവിച്ചിരുന്നില്ല. വാസ്തവത്തിൽ അവർ വന്യജീവികളെപ്പോലെത്തന്നെയായിക്കഴിഞ്ഞിരുന്നു. കൊഴുപ്പുപുകയേററ് അവരുടെ അവയവങ്ങൾ ഒരു സ്നിഗ്ദ്ധദ്രവ്യം പുരട്ടിയാലെന്നവിധം ഉളിഞ്ഞു. ഇട്ട കുപ്പായങ്ങൾ ആ കൊഴുപ്പിൽ ദേഹത്തോട്ട് ഒട്ടിപ്പിടിച്ചുപോയി. അവ വേർപെടുത്തുമ്പോൾ തൊലിപൊട്ടി രക്തം സ്രവിച്ചു. ആ വ്രണങ്ങൾ പഴുത്തളിയാതിരിക്കാൻ പിന്നീട്ട് വളരെ ശ്രദ്ധവെക്കേണ്ടിവന്നു. കുളിക്കാനുള്ള സൌകൎയ്യങ്ങളുണ്ടായിരുന്നില്ല. ഇടയ്ക്കു് മണലുരച്ച് ദേഹത്തിൻെറ ചില ഭാഗങ്ങൾ വെള്ളമൊഴിച്ച് കഴുകി അവർ ശുദ്ധിയാക്കിയതേയുള്ളു.

ഒരു സഹകാൎയ്യകരാറിലേപ്പെട്ടായിരുന്നു അവർ ഭക്ഷണം പാകം ചെയ്യേണ്ടതിൽ പരസ്പരം സഹകരിച്ചതു്. ഒരാൾ ഒരാഴ്ചക്കാലം വേലചെയ്യും. പിറെറത്തെ ആഴ്ച മുതൽ അതിനുള്ള ഊഴം മററെ ആളുടേതായി. ഇങ്ങിനെ അവർ മാറിമാറി കുശിനിവേല നടത്തിക്കൊണ്ടിരുന്നു. തെണ്ടിനടന്ന ചില കുറുക്കന്മാർ അവരുടെ കുടിൽ സന്ദൎശിച്ചു ചില സാധനങ്ങളെല്ലാം കടിച്ചുകൊണ്ടുപോയി. അവയിൽ ചില വസ്തുക്കൾ അവൎക്കു പക്ഷെ വീണ്ടു കിട്ടുകയും ചെയ്തു.

കടുത്ത ഹേമന്തവാതൃകൾ വീശിത്തുടങ്ങി. കാററു കടന്നാക്രമിക്കാനിടയാകാത്തവിധം കടൽസിംഹത്തൊലി നിലം തൊട്ടമാറു് മേൽ പൊതിഞ്ഞിരുന്നതി

നാൽ ആ കുടിലിൽ അവക്കു വലിയ ദ്രോഹമുണ്ടായില്ല. ഒരിക്കൽ അവരുടെ കായക്കു് കാററിൽ പത്തഞ്ഞൂറടി അകലെ എടുത്തെറിയപ്പെട്ടു. അത്രയ്ക്കും ശക്തിയുണ്ടായിരുന്നു കാററിന്നു്.

ഇങ്ങിനെ ഊഹിക്കാൻ വയ്യാത്ത വിഷമതകളോടു് മല്ലിട്ടുകൊണ്ടു് ആ ധീരമനസ്കർ, നാൻസനും ജോഹൻസനും, എത്രനാറം ആ വിജനസ്ഥലത്തു കഴിച്ചുകൂട്ടിയെന്നാണു് നിങ്ങറം വിചാരിക്കുന്നതു്? ഒമ്പതു നീണ്ടമാസങ്ങറം!—മനുഷ്യസമുദായത്തിൽനിന്നകന്നു മനം മടുപ്പിക്കുന്ന പരിതഃസ്ഥിതികളിൽ അവർ പ്രാണൻ പുലത്തിയതിനെപ്പററി നിങ്ങറം അത്ഭുതം കൊള്ളുന്നുണ്ടാകാം! എങ്കിലും അവർ ജീവൻ പുലത്തി. വിരസജീവിതത്തിലും അവരുടെ ഉദ്ദേശ്യവും കത്തവ്യങ്ങളും വിസ്മരിച്ചില്ല. മാത്രമല്ല, കരടിമാംസം തിന്നുതിന്നു് അവരുടെ ശരീരങ്ങറംക്കു കനം കൂട്ടുകയും ചെയ്തു. മനസ്സു് അസ്വസ്ഥമാകാനോ വിപല്ധൈയ്യം കൈവെടിയുവാനോ അവർ അവസരമുണ്ടാക്കിയില്ല. ഉത്കണ്ഠാഭരിതങ്ങളായ എത്രയോ സന്ദർഭങ്ങറം അവരെ നേരിട്ടിരുന്നു. പക്ഷെ പ്രത്യുല്പന്നമതിത്വമാണു് അവരെ മിക്കപ്പോഴും അവയിൽനിന്നെല്ലാം രക്ഷിച്ചതു്.

1896-ലെ വസന്തകാലം പുലന്നു. ഹേമന്തവാതൃകറം ഒതുങ്ങി. ഇനി മടക്കയാത്രയ്ക്കു തുനിയാമെന്നു് ആ രണ്ടു സാഹസികരും തീച്ചയാക്കി. അവർ മേയ് 20-ാംനു- കുടിൽ ഉപേക്ഷിച്ചു തെക്കോട്ടു യാത്ര പുറപ്പെ

ട്ടു. ഈ യാത്രയിലും അവർ മരണഗർത്തത്തിൽ നിപതി ക്കുമെന്ന ഘട്ടത്തോളമെത്തിയ പല ആപദവസരങ്ങളു മുണ്ടായി. ഒരു സന്ദർഭത്തിൽ നാൻസൻ മരവിച്ചുമരിച്ചു പോകേണ്ടതായിരുന്നു. വിധിബലത്താൽ മാത്രമാണു് അദ്ദേഹം രക്ഷപ്പെട്ടതു്.

കയാക്കുകൾ ഇരച്ചുകെട്ടി അതിൽ എടുക്കേണ്ട സാ മാനങ്ങളെല്ലാം കയററിയാണു് അവർ തേക്കോട്ടേയ്ക്കു യാ ത്ര തിരിച്ചതു്. കുറേനാൾ കഴിഞ്ഞു. ഇടയ്ക്കു് വിശ്ര മിച്ചും ഇടയ്ക്കു് തുഴഞ്ഞുമായിരുന്നു യാത്ര. കുറെ ചെന്ന തിൽപ്പിന്നെ നാൻസൻ തോണി ഒരു കയർ കൊളുത്തി കെട്ടിയിട്ടു. അടുത്തുകണ്ട ഒരു ഹിമകേദാരത്തിൽ അദ്ദേ ഹവും സുഹൃത്തും വിശ്രമത്തിനൊരുങ്ങി. തോണിയ്ക്കു കെട്ടിയ കയർ ദുർബ്ബലമായിരുന്നു. ഹിമപ്രവാഹത്തിൻെറ കുത്തിൽ അതിന്നിളക്കം തട്ടി. തോണി പ്രവാഹത്തിൽ പെട്ടു ക്ഷണത്തിൽ ഒഴുകിത്തുടങ്ങി. അവരുടെ ജീവസ ന്ധാരണത്തിന്നുള്ള ലഘുവസ്തുക്കൾകൂടി നഷ്ടപ്പെട്ടുപോകു മെന്നു വന്നു. ഉള്ളതെല്ലാം അവർ അതിൽ നിറച്ചിരി ക്കുകയായിരുന്നുവല്ലോ. നിമിഷയാത്രയിൽ നാൻസൻ ഹിമജലത്തിൽ ചാടി ഒഴുകുന്ന തോണി പിടിക്കാൻ നീ ന്തി! എന്തൊരു സാഹസികതയായിരുന്നു അതു്! പ്രവാ ഹവേഗത്തിൽ നാൻസനു് തോണിക്കൊപ്പമെത്താൻ എത്രയും പാടുപെടേണ്ടിവന്നു. ഉദ്യമം വിജയപ്രദമായി. പക്ഷെ ആ വീരസാഹസികൻ ആകെ വിറങ്ങലിച്ചു. തോണി തുഴയാൻ പോലും അദ്ദേഹത്തിന്നു കഴിവുണ്ടായി

രുന്നില്ല. അദ്ദേഹത്തിൻെറ ഇച്ഛാശക്തി പക്ഷെ ആ കഴിവുകേടിനേയും ജയിച്ചുവെന്നു പറയാം. അടുത്തെത്തിയ ജോഹൻസൻ ആത്മസുഹൃത്തിനെ തുവത്തി ചുട്ടുതുണികളിൽ അദ്ദേഹത്തെ പൊതിഞ്ഞുകിടത്തി. അംഗങ്ങൾ തിരുമ്മി ചൂടുപിടിപ്പിച്ചു. വളരെ മണിക്കൂറുകൾ കഴിഞ്ഞുമാത്രമേ നാൻസന്നു് വിരലുകൾക്കൂടി നിവൎത്തുവാനും മടക്കുവാനും സാധിച്ചുള്ളു. ഹിമശൈത്യം അദ്ദേഹത്തെ അത്രമാത്രം അവശനാക്കിയിരുന്നു!

അഞ്ചു ദിവസങ്ങൾകൂടി അവർ അതിൽ പിന്നെ യാത്രതുടൎന്നു. പിറേറന്നാൾ അവരുടെ ഭാഗ്യതാരം ഉദിച്ചു. മനുഷ്യലോകവുമായി സമ്പൎക്കം പുലത്താനുള്ള ഒരു സൌവൎണ്ണമുഹൂൎത്തം അവൎക്കു കൈവന്നു.

നാൻസൻ അന്നും പതിവുപോലെ നിരീക്ഷണയാത്ര നടത്തുകയായിരുന്നു. അപ്പോഴതാ, അപ്രതീക്ഷിതമായി ഒരു മനുഷ്യൻ അദ്ദേഹത്തിനുനേരെ വരുന്നു. നാൻസന്നു് തൻെറ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. അതു് മായയോ വിഭ്രാന്തിയോ? അല്ല, യാഥാൎത്ഥ്യംതന്നെയായിരുന്നു. നാൻസനെ ആ സുഹൃത്തു വേഗം കണ്ടറിഞ്ഞു. ജാക്ക്സൺ എന്ന ഇംഗ്ലീഷുകാരനായിരുന്നു അതു്—ജാക്ക്സൺ—ഹാംസ്വത്ത് യാത്രാസംഘത്തിൻെറ നായകൻ!

അതിൽപരം സന്തോഷകരമായ ഒരു സമാഗമം എന്തുള്ളു? നാൻസനേയും ജോഹൻസനേയും അദ്ദേഹം ഉടനെത്തന്നെ ഫ്ലോറാമുനമ്പി (Cape Flora) ലുള്ള ത

ന്റെ താവളത്തിലേയ്ക്കു ക്ഷണിച്ചുകൊണ്ടുപോയി. കാട്ടുജീവികളെപ്പോലെ തോന്നിയ അവക്കുചുറ്റും താവളത്തിലെ കൂട്ടുകാർ വളഞ്ഞു. അവരുടെ അനുഭവങ്ങൾ വിവരിച്ചുകേട്ട് അവർ കോരിത്തരിച്ചു; അത്ഭുതപ്പെട്ടു. വീരസാഹസികരായ അവരെ വീണ്ടെടുക്കുവാൻ സാധിച്ചതിൽ ജാക്ക്സൺ കൃതാർത്ഥനായി.

1895-മാർച്ച് 14-ാംനു-യായിരുന്നു നാൻസനും ജോഹൻസനും കയാക്കുകളോടുകൂടി 'ഫ്രാം' വിട്ടിറങ്ങിയതു്. ആ ദിവസംമുതൽ 1896-ജൂൺ 17-ാംനു-വരെ —അന്നാണു് ജാക്സനെ കണ്ടുമുട്ടിയതു്— അവർ അനുഭവിച്ച ക്ലേശങ്ങൾ എത്ര കനത്തതായിരുന്നു? അതെല്ലാം താങ്ങിനില്ക്കാനുള്ള കരുത്തുണ്ടായതിൽ അവർതന്നെ പിന്നീടു് അത്ഭുതംകൊണ്ടു.

1896-ആഗസ്റ്റിൽ, ഉദ്ദേശിച്ചവിധം, ഒരു കപ്പൽ ആ താവളക്കടലിൽ എത്തിച്ചേന്നു. അതിൽ നാൻസനും ജോഹൻസനും കയറി സ്വദേശത്തേയ്ക്കു യാത്ര തിരിച്ചു.

മരിച്ചവർ ഉയിർക്കൊള്ളുക—നോർവ്വേ മുഴുവൻ അതൊരസാധാരണസംഭവമായി കരുതി. നാൻസനും കൂട്ടരും ധ്രുവദേശത്തുവെച്ചു മൃതിയടഞ്ഞുവെന്നായിരുന്നു നോർവ്വേക്കാർ ധരിച്ചിരുന്നതു്. ആ നാൻസനും സുഹൃത്തു് ജോഹൻസനും അതാ, തിരിച്ചെത്തിയിരിക്കുന്നു —അവരുടെ അപൂർവ്വാനുഭവങ്ങൾ പറയുവാൻ! ധ്രുവപ്രദേശങ്ങളിലെ സ്ഥിതിഗതികൾ വിശാലലോകത്തി

നു അറിയിക്കുവാൻ! നോർവ്വേജനത കൌതുകംകൊണ്ടു ചാഞ്ചാടി.

അവർ യാത്ര പുറപ്പെട്ട ഫ്രാമോ? അതിന്നും നല്ല കാലമായിരുന്നു. നാൻസൻ നോർവ്വെയിലെത്തിയ അതേ ദിവസംതന്നെ ഹിമംപൊട്ടിച്ചു് ആ കപ്പൽ വീണ്ടെടുക്കപ്പെട്ടു. കേപ്റ്റൻ സെപർ ഡ്രാപ്പായിരുന്നു ഹിമം പൊളിച്ചതു്. അതിലുള്ള നാൻസൻെറ കൂട്ടകാരും അങ്ങിനെ രക്ഷിക്കപ്പെട്ടു. ആ യാത്രാസംഘം വീണ്ടും ഒരുമിച്ചുകൂടി.

ധ്രുവപ്രദേശങ്ങളിലേയ്ക്കു നടത്തിയ യാത്രകളിൽ ധീരസാഹസികത്വംകൊണ്ടു് നാൻസൻെറ യാത്രയെ അധഃകരിക്കുന്ന മറെറാരു യാത്രയും എണ്ണപ്പെടുവാനില്ല. ഉത്തരധ്രുവം കടന്നില്ലെങ്കിലും അതിൻെറ സമീപദേശങ്ങളിലെത്തിയ നാൻസനും ജോഹൻസനും ഹിമമയമായ പ്രദേശങ്ങളിൽ ജീവിതമരണങ്ങൾക്കിടയ്ക്കു് ആടിക്കളിച്ചുകഴിച്ച ആപൽസന്ദർഭങ്ങൾ, സ്മരിക്കുമ്പോൾതന്നെ കോരത്തരിപ്പുളവാക്കുന്നവയാണു്. വിവേകഭരിതരായ ധീരാത്മാക്കൾ എവിടേയും വിജയം വരിക്കുന്നു!

KOTTAYAM PUBLIC LIBRARY KOTTAYAM

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No M910 Acc. No 13722

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 20 MAY 1991 | 20 NOV 1999 | |
| 27 AUG 1991 | 7 MAR 2004 | |
| 20 JUN 1992 | 23 AUG 2008 | |
| 1 NOV 1992 | 25 OCT 2008 | |
| 7 NOV 1992 | | |
| 13 JAN 1994 | | |
| 23 DEC 1994 | | |
| 2 JAN 1995 | | |
| 5 JUN 1995 | | |
| 9 AUG | | |
| 7 JUN 1997 | | |
| 15 JUL 1997 | | |
| 1 DEC | | |
| 23 FEB 1998 | | |
| 20 JUL 1998 | | |

If the book is not returned on due date a fine of 10 (Ten) Ps. per day will be charged.

M910 13722

കുഞ്ഞികൃഷ്ണൻ നായർ മേക്കുന്നത്ത്

സാഹസിക യാത്രാകഥകൾ

KOTTAYAM PUBLIC LIBRARY

Call No. M910 Acc. No. 13792

Author [illegible]

Title [illegible]

Indic Digital Archive Foundation
gpura.org